"പ്രലോഭനമുണ്ടാകുമ്പോൾ നാം നിരാശപ്പെടരുതു്. സകല കഷ്ടപ്പാടുകളിലും നമ്മെ സഹായിപ്പാൻ കനിയുന്നതിനായി ഈശ്വരനോടു നാം കൂടുതൽ ശുഷ്കാന്തിയായി പ്രാർത്ഥിക്കണം. അദ്ദേഹം തിച്ചയായും സെൻറു പോൾ പറഞ്ഞിരിക്കുന്നതിനനുസരിച്ചു്, പ്രലോഭനത്തെ തടുക്കുന്നതിനു നമ്മെ പ്രാപ്തരാക്കിത്തീർക്കും."

—ക്രിസ്ത്വനുകരണം

# സത്യദീപം

"ഒടുവിൽ പതിനൊന്നുപേരും ഭക്ഷണത്തിനിരിക്കയിൽ അവിടുന്നു അവർക്കെല്ലാവർക്കുംകൂടി പ്രത്യക്ഷനായി..... അവരോടുപറഞ്ഞു: നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു സ്നാനം സ്വീകരിക്കുന്നവൻ രക്ഷപെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും."

—മർക്കോ: XVI: 14—16

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 മേയ് 29—ബുധനാഴ്ച | Vol. 30, No. 40

# നിങ്ങളുടെ മകനെയും മകളെയും സൂക്ഷിക്കുക

(ഫാദർ ക്രിസ്റ്റ്യൻ ടി. ഒ. സി. ഡി.)

മാതാപിതാക്കൾക്കായിട്ടാണു് ഈ ലേഖനം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു് തലക്കെട്ടു വ്യക്തമാക്കുന്നുണ്ടല്ലോ. "നിങ്ങളുടെ മകനേയും മകളേയും സൂക്ഷിക്കുക" എന്നു പറയുവാൻ, അവർ എന്തെങ്കിലും അപകടത്തിൽ പെട്ടേക്കുമെന്ന ആശങ്കയല്ല, പ്രധാനമായി എന്നെ പ്രേരിപ്പിച്ചതു്; പ്രത്യുത നന്മയിലേക്കും പരിപൂർണ്ണതയുടെ പരമാവധിയിലേക്കുമുള്ള അവരുടെ പുരോഗതിയെക്കുറിച്ചുള്ള പ്രതീക്ഷയാണു്. തങ്ങളുടെ കുഞ്ഞുങ്ങളുടെ ദൈവവിളി മനസ്സിലാക്കി, അതിനെ പ്രോത്സാഹിപ്പിച്ചു പരിപോഷിപ്പിക്കുവാൻ, മാതാപിതാക്കൾക്കുള്ള കടമ, അതിനുള്ള മാർഗ്ഗങ്ങൾ മുതലായ ചില കാര്യങ്ങളാണു് ഈ ലേഖനത്തിലെ പ്രതിപാദ്യവിഷയം.

ദൈവം നിരവധി ബാലികാബാലന്മാരുടെ ഹൃദയങ്ങളിൽ ദൈവാഹ്വാനത്തിൻെറ ബീജം നിക്ഷേപിക്കുന്നുണ്ടു്. എന്നാൽ ആ ബീജം മുളയെടുത്തു വളർന്നു ഫലമുളവാക്കുവാൻ വേണ്ട സാഹചര്യങ്ങളും പോഷകാംശങ്ങളും പ്രദാനംചെയ്യേണ്ടതു് പ്രധാനമായും മാതാപിതാക്കളാണു്. കുഞ്ഞുങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ദൈവവിളിയുടെ കുരുന്നു കരിഞ്ഞുണങ്ങാൻതക്ക പ്രതികൂലസാഹചര്യങ്ങൾ വരുത്തിവെക്കരുതെന്നുമാത്രമല്ല, അതു തഴച്ചുവളരാൻവേണ്ട അനുകൂലസാഹചര്യങ്ങളും ഒത്താശകളും നൽകണമെന്നതും മാതാപിതാക്കളുടെ ഗുരുതരകടമയാണു്.

## എന്താണു ദൈവവിളി?

നമ്മുടെ കർത്താവിനു് തൻെറ സാർവ്വത്രിക ദൗത്യനിർവ്വഹണത്തിൽ സഹപ്രവർത്തകരായി നിരവധിയാളുകളെ ആവശ്യമുണ്ടു്. മനുഷ്യരുടെ ഇടയിൽ അമാനുഷികമായ തൻെറ ദിവ്യരഹസ്യങ്ങൾ കൈകാര്യം ചെയ്യുവാൻ അവിടുന്നു മനുഷ്യരെത്തന്നെ ആവശ്യപ്പെട്ടു ക്ഷണിക്കുകയാണു്. ദുർഗ്ഗ്രഹവും അതേസമയംതന്നെ അനുഗ്രഹപൂർണ്ണവുമായ ദൈവപരിപാലനയുടെ ക്രമീകരണം! തൻെറ ജീവിതകാലത്തു് മിശിഹാ ഈ തിരിഞ്ഞെടുപ്പും വിളിയും നടത്തിയിരുന്നതു്, നേരിട്ടും ദൃശ്യമായ രീതിയിലുമായിരുന്നുവെന്നു പറയാം. "നിങ്ങളെന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം..." (മത്താ: 4; 19) എന്ന വാക്കുകളാൽ അവിടുന്നു മത്സ്യംപിടിച്ചുകൊണ്ടിരുന്ന പത്രോസിനേയും കൂട്ടരേയും അവരുടെ ദൈവവിളി അറിയിച്ചു. ചുങ്കം പിരിച്ചുകൊണ്ടിരുന്ന മത്തായിയെ അവിടുന്നു വിളിച്ചതു്, "എന്നെ അനുഗമിക്കുക" എന്ന ആഹ്വാനത്താലാണു്. (മർക്കോ: 2; 14)

മിശിഹായുടെ ഈ വിളി ഇന്നും തുടരുന്നുണ്ടു്. പക്ഷെ ഒരു വ്യത്യാസം. അതു സുവിശേഷത്തിൽ നാം കാണുന്നതുപോലെ നേരിട്ടോ ദൃശ്യമായ രീതിയിലോ ആയിരിക്കുകയില്ല. തൻെറ സഹപ്രവർത്തകരായി സന്യാസജീവിതത്തിലേക്കോ വൈദികപദവിയിലേക്കോ വിളിക്കുവാൻ അവിടുന്നു തിരുമനസ്സാകുന്ന തിരിഞ്ഞെടുക്കപ്പെട്ട ബാലികാബാലന്മാരെ ആന്തരികവും പ്രത്യേകതരവുമായ ഒരു പ്രചോദനത്താൽ തന്നിലേക്കാകർഷിക്കുകയാണു് അവിടുന്നു ചെയ്യുക. ഒരത്ഭുതത്തിൻെറയോ അസാധാരണസംഭവത്തിൻെറതന്നെയോ ആവശ്യമില്ല ഇങ്ങനെയൊരു വിളിക്കു്. ഒരു കുട്ടിയിൽ പ്രത്യക്ഷപ്പെടുന്ന ചില പ്രത്യേകകഴിവുകൾ, അവൻ വളർന്നുവരുന്ന ചുറ്റുപാടുകൾ, അവനിൽ അങ്കുരിക്കുന്നതും ഇടയ്ക്കിടയ്ക്കു ബഹിർസ്ഫുരിക്കുന്നതുമായ ചില ആശയാഗ്രഹങ്ങൾ മുതലായവവഴിക്കാണു് അവനെക്കുറിച്ചുള്ള ദൈവത്തിൻെറ പ്ലാൻ സാധാരണ വ്യക്തമാകുക.

ദൈവത്തിൻെറ ഈ പ്ലാൻ പ്രയോഗത്തിൽ വരുത്തുന്നതിനാണു് അവിടുന്നു മാതാപിതാക്കൾ തുടങ്ങി ബാലികാബാലന്മാരുടെ ശിക്ഷണത്തിൽ പങ്കുവഹിക്കുന്നവരുടെ സഹകരണം പ്രതീക്ഷിക്കുന്നതു്.

## മാതാപിതാക്കന്മാരുടെ കർത്തവ്യം

മാതാപിതാക്കന്മാരുടെ സർവ്വപ്രധാനമായ കടമയാണു് തങ്ങളുടെ കുഞ്ഞുങ്ങളെ ഉത്തമരായി വളർത്തിക്കൊണ്ടു വരികയെന്നുള്ളതു്. എന്നാൽ സന്യാസജീവിതത്തിലേക്കൊ വൈദികജീവിതത്തിലേക്കൊ ഉള്ള ദൈവാഹ്വാനത്തിൻെറ ലക്ഷണങ്ങൾ കാണപ്പെടുന്ന കുഞ്ഞുങ്ങളുടെ കാര്യത്തിൽ അവർ ഈ ചുമതല സവിശേഷമായ ശ്രദ്ധയോടും നിഷ്കർഷയോടുംകൂടി നിർവ്വഹിക്കേണ്ടിയിരിക്കുന്നു.

മാതാപിതാക്കന്മാർ എങ്ങനെയാണു് തങ്ങളുടെ കുഞ്ഞുങ്ങളിൽ ദൈവവിളിയുടെ ലക്ഷണങ്ങൾ കണ്ടുപിടിക്കുക. വേറെ വാക്കുകളിൽ, ദൈവവിളിയുടെ ലക്ഷണങ്ങൾ എന്തൊക്കെയാണു്. സാധാരണഗതിയിൽ നമ്മുടെ കുഞ്ഞുങ്ങളിൽ കാണപ്പെടുന്ന ചില വാസനകളും കഴിവുകളുമാണവ. ഇവ പലതരത്തിലുണ്ടു്. കായികമാണു് അവയിൽ ചിലവ. ഉദാ: അംഗവൈകല്യങ്ങളൊന്നുമില്ലായ്ക, പരമ്പരാഗതമായ രോഗങ്ങളൊന്നുമില്ലാതിരിക്കുക. മററു ചിലതു് ബുദ്ധിപരമായിരിക്കും. ഉദാ: പഠനത്തിനുള്ള കഴിവും ഉത്സാഹവും. ധാർമ്മികമായ സാഹചര്യങ്ങളുമുണ്ടു്. ഉദാ: കുടുംബത്തിൽ നിലനിന്നുവരുന്ന സൽപ്പേരു്, കുട്ടിയുടെതന്നെ സ്വഭാവവൈശിഷ്ട്യം. ആദ്ധ്യാത്മികമായ ചില പ്രത്യേകതകളും ദൈവവിളിയുള്ള കുട്ടിയിൽ പ്രത്യക്ഷപ്പെടും. ഭക്താഭ്യാസങ്ങൾക്കുള്ള താല്പര്യം ഇതിനൊരുദാഹരണമാണു്. ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും മററു പ്രാർത്ഥനകൾ നടത്തുന്നതിനുമുള്ള യഥാർത്ഥതീക്ഷ്ണത, വിശുദ്ധ കുർബാനയോടും പരിശുദ്ധ കന്യകമറിയത്തോടുമുള്ള സവിശേഷഭക്തി മുതലായവ ദൈവവിളി ലഭിക്കുവാൻ സഹായിക്കുന്നുവെന്നതുപോലെതന്നെ ദൈവവിളിയുള്ളതിൻെറ ലക്ഷണമായി പരിഗണിക്കപ്പെടുകയുംചെയ്യാം. സർവ്വോപരി വൈദികജീവിതമോ സന്യാസജീവിതമോ ആശ്ലേഷിക്കുന്ന ഒരു വ്യക്തിയിൽ അനുപേക്ഷണീയമായി കാണേണ്ട ഒന്നുണ്ടു്—സദുദ്ദേശം. ദൈവഹിതം നിറവേററുന്നതിനുള്ള ശരിയായ ആഗ്രഹത്തിൽ ഈ ഉദ്ദേശശുദ്ധി സാധാരണയായി സ്ഥിതിചെയ്യുന്നെന്നു പറയാം.

ഈദൃശലക്ഷണങ്ങൾ തങ്ങളുടെ കുട്ടികളിൽ കണ്ടുതുടങ്ങുമ്പോൾ മുതലെങ്കിലും, മാതാപിതാക്കൾ അവരുടെമേൽ പ്രത്യേകശ്രദ്ധ പതിക്കേണ്ടിയിരിക്കുന്നു. ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവരുന്നതോടൊപ്പം ശരിയായ ക്രിസ്തീയജീവിതത്തിലും അവർ വളർച്ച പ്രാപിക്കണം. "പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ കൃപയിലും വളർന്നുവന്ന"തായി സുവിശേഷത്തിൽ (ലൂക്കാ. 2; 52) നാം വായിക്കുന്ന നസ്രസ്സിലെ ഈശോ അവരുടെ ആദർശമായിരിക്കട്ടെ. ലോകത്തിൻെറ വഷളായ ആശയാദർശങ്ങളിൽനിന്നും വഴിപിഴപ്പിക്കുന്ന പ്രലോഭനാവസരങ്ങളിൽനിന്നും ഒഴിഞ്ഞു് ജീവിതവിശുദ്ധിയും ഹൃദയനിർമ്മലതയും പരിരക്ഷിച്ചും പരിപോഷിപ്പിച്ചും മുന്നോട്ടു പോകുവാൻ പററിയ പരിതസ്ഥിതികളിൽ അവരെ വളർത്തിക്കൊണ്ടുവരുവാൻ മാതാ

(ശേഷം 3-ാംപേജിൽ)



അനുഗ്രഹാർദ്രമായ ഈശോയുടെ തിരുഹൃദയം

(തിരുഹൃദയഭക്തിയുടെ മാസം—ജൂൺ)

ചെറുകഥ

# ചരിത്രം ആവർത്തിക്കുന്നു

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

നാലാൺമക്കളുണ്ടെങ്കിൽ നാട്ടുപിടിക്കാം. നാട്ടിൻപുറത്ത് അങ്ങനെയൊരു ചൊല്ലുണ്ട്. നാട്ടുപിടിക്കാനൊന്നും കഴിഞ്ഞില്ലെങ്കിലും നാലഞ്ചു ആൺമക്കളുള്ള ഒരു കുടുംബത്തിനു നാട്ടിൻപുറത്ത് ഒരു തലയെടുപ്പിനവകാശമുണ്ട്. അവരൊന്നിച്ചുനിന്നാൽ അതൊരു ശക്തിതന്നെയല്ലേ? കണ്ടവും പറമ്പുമൊന്നും ഇല്ലെങ്കിൽക്കൂടി ആ കുടുംബം സമ്പന്നമായിരിക്കും. മക്കളുടെ കരുത്തുള്ള കരങ്ങൾക്കുള്ളിൽ ആ മാതാപിതാക്കന്മാരുടെ ഭാവി സുരക്ഷിതമായിരിക്കുമെന്നു ആശിക്കുന്നതിൽ തെറ്റുണ്ടോ? അവരുടെ പേരിൽ മിനുങ്ങുന്ന ചില സങ്കല്പങ്ങൾ സൂക്ഷിക്കുകയോ തെല്ലൊന്നു അഭിമാനംകൊള്ളുകയോ ഒക്കെ ചെയ്യുന്നതു ഒരു പിതാവിനെ സംബന്ധിച്ചിടത്തോളം സ്വാഭാവികമല്ലേ?

അത്തരമൊരു പിതാവിൻെറ മാനസികകാലാവസ്ഥയിലായിരുന്നു കുഞ്ഞുവാവൻെറ ജീവിതം. അഞ്ചാൺമക്കളുടെ തന്തയാണയാൾ. തരാതരത്തിൽ തലയും പുലിയുംപോലെ വളന്നുകേറുന്ന അഞ്ചാൺമക്കൾ! അഞ്ചും നല്ല വടിവിൽ അരച്ചുരുട്ടിയപോലിരിക്കുന്നു. ഒന്നിനും ഒരു വാട്ടമോ കോട്ടമോ ഇല്ല.

ജോണി അമ്മയുടെ വയറുകഴുകിമകനാണെന്നാണ് വെച്ചിരിക്കുന്നതു. അവനു ഇപ്പോൾ ഏഴു വയസ്സായി. അതൊരു പെണ്ണായിരിക്കുവാൻ തേത്തമ്മ നന്നേ ആഗ്രഹിച്ചതാണു്. കുഞ്ഞുവാവനും അതായിരുന്നു ഇഷ്ടം. നാലാങ്ങളമാർക്കിടക്കു ഒരു കുഞ്ഞുപെങ്ങൾ! ചാകാൻനേരത്തു് അപ്പന്റേയും അമ്മയുടേയും കണ്ണിൽ ഏറുമ്പുതുക്കാനും മരണശേഷം ചാത്തയപ്പം കൊണ്ടുവരാനും ഒരു മകളുണ്ടായിരിക്കുന്നതു നല്ലതാണു്. പക്ഷെ അത്തവണയും ദൈവം അവർക്കു കൊടുത്തതു ഒരാണിനെയാണു്. അതിലും അവർ സന്തോഷിക്കയാണു ചെയ്തതു്.

മക്കൾ വളന്നുവരുന്നതിനോടൊപ്പം ആ മാതാപിതാക്കന്മാരുടെ ആശയും അഭിമാനവും വളന്നുകൊണ്ടേയിരുന്നു. മക്കൾ പ്രായമായാൽ അവരുടെ അല്ലലൊക്കെ തീരും. ആ തള്ളയ്ക്കും തന്തയ്ക്കും പിന്നെ ഒന്നിനെച്ചൊല്ലിയും ഒട്ടും അലോസരപ്പെടേണ്ടിവരികയില്ല.

മൂത്തമകൻ കുഞ്ഞൻ അപ്പൻെറ തൽസ്വരൂപമാണു്. അവൻ അപ്പനു നല്ലൊരു തുണയായിരിക്കും. നിലം ഉഴാനും പറമ്പു കിളയ്ക്കാനും ചുമടുചുമക്കാനുമൊക്കെ അവൻ അപ്പനെ സഹായിക്കും. അവനു പുരുഷപ്രാപ്തിവരുമ്പോൾ വാഴക്കൃഷിയൊന്നു വിപുലപ്പെടുത്തണം. ആണ്ടിൽ അഞ്ഞൂറു ഏത്തവാഴവയ്ക്കണം. നനവാഴയും പൊടിവാഴയും. പിന്നെ ഇഞ്ചി, മഞ്ഞൾ, ചീനി എല്ലാം നല്ലവണ്ണം കൃഷിചെയ്യണം. വളം ചുമക്കാനും വെള്ളംകോരാനും ഇഞ്ചിപതിക്കാനും ചവറിടാനുമൊന്നും വേറെ ആൾ തിരക്കേണ്ട. അവർ അപ്പനും മക്കളുംകൂടി ഇറങ്ങിയാൽ എല്ലാം നടക്കും. നല്ല ഇനത്തിൽ രണ്ടു കാളകളെക്കൂടി വാങ്ങിക്കണം. അവയെ തീറുന്ന കാര്യത്തിലും കുളിപ്പിക്കുന്ന കാര്യത്തിലുമൊന്നും കുഞ്ഞുവാവൻ ശ്രദ്ധിക്കേണ്ടിവരികയില്ല. രണ്ടാമത്തെ മകൻ പാപ്പുവിനു് കാളകളെ ജീവനാണു്. അവറ്റയുടെ മുഴുവൻചാർജ്ജും അവൻ വഹിച്ചുകൊള്ളും. പിന്നെ പത്തുപറ ... ൽ പാട്ടത്തിനെടുക്കണം. വീത്തു് ... മാത്രം അന്വേഷിച്ചാൽമതി. പ്രയത്നംമുഴുവനും അപ്പനും മക്കൾക്കുംകൂടി നടത്താം. കൃഷി നന്നായി കിട്ടിയാൽ ആണ്ടോടാണ്ടു് ഉണ്ണാനുള്ള നെല്ലാകും. ചീനിയുടെ ആദായംകൊണ്ടു് ചില്ലറ വീട്ടുചെലവുകളും ഒപ്പിക്കാം. വാഴ, ഇഞ്ചി, മഞ്ഞൾ ഇതിൻെറയൊക്കെ ആദായം ഒരു മുതലാക്കാം. രണ്ടാമത്തെ മകനുവേണ്ടി ഒരു കാളവണ്ടിയും വാങ്ങണം. മററു ജോലിയൊന്നുമില്ലാത്തപ്പോൾ അവനു വണ്ടിയടിക്കാൻപോകാം. അവനൊത്തില്ലെങ്കിൽ അവൻെറ അനുജൻ ചാക്കോയെ അയക്കാം. ഇപ്പോൾ വണ്ടിയടി നല്ല വരവുള്ള ഒരു തൊഴിലാണു്. ആഴ്ചയിൽ ഒരുവണ്ടി സാമാനം അവർക്കു തന്നെ കാണും, ചന്തയ്ക്കുകൊണ്ടു പോകാൻ. പിന്നെ വളംകൊണ്ടു വരാനുമൊക്കെയായി. വണ്ടിക്കു ചേരുന്ന കാളകളെത്തന്നെ നോക്കിവാങ്ങണം.

ഇളയമകൻ ജോണി—അവൻ പഠിക്കട്ടെ. പഠിക്കാവുന്നിടത്തോളം പഠിച്ചു മിടുക്കനാകട്ടെ. മൂത്തവരെയൊന്നും അങ്ങനെ കൂടുതൽ പഠിപ്പിക്കാൻ പ്ലാനിട്ടാൽ നടപ്പില്ല. അവർ വീട്ടിൽ നില്ക്കട്ടെ. ഒരുത്തനെയെങ്കിലും കണ്ണുതെളിച്ചെടുക്കണം. കുഞ്ഞുവാവൻെറ മനസ്സു് അങ്ങനെ ഉയന്നു പറക്കുകയാണു്.

Chakola's SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.
EP

"കുഞ്ഞുവാവൻെറ വീട്ടിൽ ഒരു പടയ്ക്കുറങ്ങാമ്മാത്രം ആളൊണ്ടല്ലോ. ഇതുങ്ങടെയൊക്കെ തലയിരിക്കുന്നേടത്തു കഴുത്തുവരുമ്പം ഈ കരേലെങ്ങും ആളിട്ടേക്കുവോന്നു തോന്നണില്ല." കുശുമ്പിക്കുഞ്ഞേലിയെപ്പോലുള്ളവർ ആരെങ്കിലും ഇങ്ങനെ വല്ലതും പറഞ്ഞെന്നുകേട്ടാൽ തേത്തമ്മയ്ക്കു ശുണ്ഠിയിളകും. പക്ഷെ അവരുടെ ഉള്ളിൻെറ ഉള്ളിൽ അപ്പോഴും വർദ്ധമാനമായ പുത്രാഭിമാനം തിളച്ചുമറിയുകയായിരിക്കും.

"ഇവക്കൊക്കെ എന്താ, ഇത്ര കണ്ണുകടി? ഇവടെ ആമ്പടയാണെങ്കിൽ അവരു്, ഈ മിററത്തല്ലേ നില്ക്കുന്നതു്! ഞാനും എൻെറ ആമ്പ്രന്നോനുംകൂടെയല്ലേ അവർക്കു വേലയെടുത്തു ചോറുകൊടുക്കുന്നേ. ഞങ്ങക്കു് വസ്തുംവകേം ഒന്നുമില്ലേലും ദൈവം നാലഞ്ചു ആമ്മക്കളെത്തന്നതിനെ ഞങ്ങളങ്ങു തല്ലിക്കൊന്നുകളേണോ? ഇപ്പറയുന്നവളുമാരൊക്കെ നേർച്ചേം കാഴ്ച്ചേം വെച്ചിട്ടെന്താ, തന്നേം പിന്നേം, മൊറം നെറച്ചു് പെമ്പടയെത്തന്നെ പെററുകൂട്ടന്നേ! അതിനൊരു യോഗമൊക്കെ വേണം. ദൈവംകൂടെയൊന്നു അനുവദിക്കണം. കള്ളനായാലും ഉള്ള നന്നായിരിക്കണം. ഒടേതമ്പുരാൻ മററുള്ളോർക്കു കൊടുക്കുന്ന മനോരഥോണംകണ്ടു കണ്ണുകടിച്ചാ പററുവോ? എൻെറ മക്കക്കു് ഞങ്ങളൊന്നും നാളത്തേക്കു നേടിവെച്ചേച്ചില്ലേലും, അതുങ്ങളു് പറക്കവെച്ചാ, അതുങ്ങടെ ഏടം നോക്കിക്കോളും. വല്ലവൻേറം പൊൗക്കെ പെട്ടി എടുത്തോണ്ടുപോയാലും അതുങ്ങടെ അന്നന്നേപ്പം കിട്ടിക്കോളും. ഇപ്പറയുന്നവളുമാരൊന്നും അവക്കു ഉരുട്ടിക്കൊടുക്കാമ്പോകുണ്ടാ. അവളുമാരുടെ എച്ചിപ്പാട്ടിലോട്ടൊന്നും ഞാനെൻെറ കുഞ്ഞുങ്ങളെ ഒട്ടയക്കാനുംപോണില്ല. അതോത്താരും തലയെടുക്കുകേംവേണ്ടാ. ഞങ്ങടെ രണ്ടിൻേറയും കഴുത്തേൽ ജീവനൊണ്ടെങ്കിൽ. ഇനിയൊന്നുമില്ലേലും എൻെറ വീട്ടിലാരും പത്തും രണ്ടായിരോം ചോദിച്ചോണ്ടു കേറിവരിയേലല്ലോ. ഞാനാക്കും അതിനെച്ചൊല്ലി വിരുന്നൊരുക്കുകേം വേണ്ടല്ലോ. കാണാമ്പാടില്ലേ, ഓരോടിക്കിൽ വെലചേരാതെ മൂന്നും നാലും പെരനാഞ്ഞുനില്ക്കുന്നേ! നാലുപേക്കു ചേന്നവണ്ണം പെമ്പിള്ളേരെ പറഞ്ഞുവിടണോങ്കിലേ, കൈയിൽ കാശുവേണം. കൂക്കാച്ചൊളയില്ലാതെ, ഉപായം കൊണ്ടു കഷായംവെക്കാൻ നോക്കിയാൽ മക്കൾ കെട്ടാച്ചരക്കികളായി നിന്നുനിന്നു മെനമുടിയുകേയൊള്ളു "പെൺമക്കളെ കെട്ടിച്ചുവിട്ടു് നല്ല തഴക്കവും പഴക്കവും വന്നവളെപ്പോലെ തേത്തമ്മ പ്രസംഗിക്കുകയാണു്. അവരുടെ മക്കളെക്കുറിച്ചു് ഇല്ലാവചനം പറഞ്ഞുപരത്തുന്നതു് ഏതു കേന്ദ്രമാണെന്നു് തിട്ടംകിട്ടാത്തതുകൊണ്ടു്, വടക്കേപ്പുറത്തെ പൊക്കമുള്ള കയ്യാലമുകളിൽ കയറിനിന്നുകൊണ്ടു് അവർ കാടടച്ചു വെടിവയ്ക്കുകയാണു്. ആ വെടി മുഴുവൻ കൊള്ളുന്നതു് താഴത്തെ ചേടത്തിയുടേയും മക്കളുടേയും നെഞ്ചത്താണെന്നു് അവക്കറിയാം. അതുതന്നെയായിരുന്നു അവരുടെ ഉന്നവും. മററവിടെ കൊള്ളുകയും കൊള്ളിക്കുകയും ചെയ്യുന്നതിനേക്കാൾ ആ പെൺപിറന്നോരുടെ ആവശ്യം അതായിരുന്നു. മററാരെ വേദനിപ്പിക്കുന്നതിനേക്കാളും അവരെ വേദനിപ്പിക്കുന്നതും അവർ മററാരെക്കാളും വേദനിക്കുന്നുണ്ടെന്നറിയുന്നതുമായിരുന്നു ആ സ്ത്രീക്കു് ആനന്ദം, ആ അപവാദത്തിൻെറ ഉറവിടംതന്നെ, ആ പരിസരമാണെന്നെങ്കിലും മരുത്തനൊന്നു പറഞ്ഞിരുന്നെങ്കിൽ! ഹാ! എങ്കിൽ പറച്ചിലിൻെറ കൊതിയും മതിയും തീത്തുകളയാമായിരുന്നു. ഒളിയമ്പുപ്രയോഗമൊന്നും കൂടാതെ നേരിട്ടുതന്നെ അരക്കൈ നോക്കിക്കളയാമായിരുന്നു. പക്ഷെ എന്തുചെയ്യാം, ആ കരയിലെ ഏററവും വലിയ നുണച്ചിയായ പോറിച്ചിമറിയംപോലും അതു പറഞ്ഞില്ല. തേത്തമ്മ തിരിച്ചും മറിച്ചും പേററിയും കൊഴിച്ചും കൊത്തും കോളും വച്ചു്, തേട്ടിത്തേട്ടി ചോദിച്ചിട്ടും, മാപ്പിളയും മരിച്ചു് അദ്ദ്യോപാവംപോലിരിക്കുന്ന, ആ പുഴുങ്ങിയ നെല്ലിനു വാപൊളിക്കാത്ത ചേട്ടത്തിയേയും കെട്ടുപ്രായം കഴിഞ്ഞുനില്ക്കുന്ന ആ പെങ്കൊച്ചുങ്ങളേയും വായും മനസ്സും അറിയാത്ത, അങ്ങനെയൊരു ഏടാകൂടത്തിൽ കൊണ്ടുചാടിക്കാൻ ആ നുണച്ചിക്കുപോലും മനസ്സുവന്നില്ല.

"ആമ്മക്കൾ പെറക്കാനും ഇമ്മിണി യോഗം വേണം. അതിനും കൊറച്ചു സുകൃതം ചെയ്യണം" ആ മാസത്തിൽ പേററിച്ചി മറിയം ആറു പ്രസവം എടുത്തതു് ആറും പെണ്ണായിരുന്നു എന്നുള്ള "ന്യൂസ്" പുറത്തുവന്നപ്പോൾ തിളച്ചുപൊന്തുന്ന അഭിമാനത്തോടെ തേത്തമ്മ പറഞ്ഞു.

"ലോകാവുസാനം അടുക്കാറായി. അതാ ഇങ്ങനെ പെണ്ണുതന്നെ പെററുകൂട്ടന്നെ. ഇന്നാളൊരു പത്രത്തിന്നു്, ആരോ വായിക്കണതു് ഇവുടുള്ളോരു കേട്ടെന്നു പറേന്ന കേട്ടു ഇപ്പഴു് മൂന്നരപ്പെണ്ണിനേ ഒരാണൊള്ളെന്നു്. ഇനി നാലിനുപോലും ഒരാണില്ലാതാകും."

"അപ്പഴു്, ആമ്പിള്ളേക്കു പിടിച്ചുപറിയാകും. ചോദിക്കുന്ന പൊന്നും പണവുംകൊണ്ടു്, തിണ്ണയിൽ കാത്തുകെട്ടിക്കെടപ്പാകും, പെമ്പിള്ളേരുടെ തന്തമാരു്. തേത്തമ്മയ്ക്കേതായാലും അടിച്ചുകോളു തന്നെ." മറിയം, തേത്തമ്മയുടെ അഭിമാനകന്ദുകത്തിന്മേൽ ആഞ്ഞൊരു തട്ടുകൂടി വച്ചുകൊടുത്തു.

"എന്തിനാ, എൻെറ മറിയച്ചേടത്തി, അതൊക്കെപ്പറേന്നെ. എല്ലാം ദൈവത്തിൻെറ കൈയിലിരിക്കുന്ന കാര്യം. മക്കളെക്കണ്ടും മാമ്പൂകണ്ടും സന്തോഷിക്കേണ്ടന്നല്ലേ." ഭാവി മുഴുവൻ ദൈവതൃക്കരങ്ങളിൽ സമപ്പിച്ചിരിക്കുന്നവളെപ്പോലെ വിനീതസ്വരത്തിൽ തേത്തമ്മ പറഞ്ഞു. പക്ഷേ ആ വിനീതഭാവത്തിൻെറ മൂടുപടത്തിനുള്ളിൽ അഹന്തയുടെയും ആത്മവിജയത്തിൻെറയും കറുത്ത പുള്ളികൾ തത്തിക്കളിക്കുന്നതു് സൂക്ഷ്മദൃക്കുകൾക്കു കാണാമായിരുന്നു.

"തേത്തമ്മ എന്തൊക്കെപ്പറഞ്ഞാലും ഒരാന്തിരിയില്ലാത്ത താഴത്തെ ചേടത്തിയേക്കാൾ എത്ര യോഗം പെറന്നവളാ തേത്തമ്മ."

സ്വന്തം ഭാവനയുടെ പുഷ്പകവിമാനത്തിലിരുന്നുകൊണ്ടു തേത്തമ്മ പറഞ്ഞു: "അവക്കു് ആന്തിരിയില്ലെങ്കിലെന്താ ആ പിടിച്ചികൾ മൂന്നും മതിയല്ലോ. ആണിനും പെണ്ണിനും പോന്നവരല്ലേ അവർ.?"

"പെണ്ണു കെളച്ചാ, മണ്ണു മറിയുവോ, തള്ളേ" പറയേണ്ടതുപോലെ തന്നെ പറഞ്ഞതിൽ തേത്തമ്മയ്ക്കു മറിയയോടു നല്ല മതിപ്പുതോന്നി.

"ഇത്തിപ്പൂരം" വല്ലതും നാക്കിൽ തേച്ചുകൊടുത്തിട്ടാണെങ്കിലും. പേററിച്ചിമറിയം എന്തു നന്മ പറയുന്നു! അവക്കു് ആരോടും അസൂയയില്ല. അതുകൊണ്ടു് ഉള്ളതു് ഉള്ളപോലെ കാണുന്നു. ഈ നാട്ടുകാരെല്ലാം പേററിച്ചിമറിയത്തെ കണ്ടുപഠിക്കാത്തതെന്തു്? ഇവക്കും കുറേക്കൂടി നല്ലവരായിക്കൂടേ, ഇവർ ഇത്രപെരുത്തു് കുശുമ്പും കുന്നായ്മയും വച്ചുപുലത്തുന്നതു് എന്തിനു്. ഉടയതമ്പുരാൻ മററുള്ളവക്കു കൊടുക്കുന്ന നന്മയിൽ ഇവരെന്തിനു് വെറുതേ പൈശുന്യം വിചാരിക്കുന്നു. നാട്ടുകാക്കു് സ്വന്തനിലയിൽ തേത്തമ്മയോടും മക്കളോടും അത്ര കുറുമ്പുവരാൻ കാര്യമില്ല. എല്ലാം താഴത്തുകാരുടെ കന്നത്തവും കുത്തിത്തിരിപ്പുമായിരിക്കണം. മക്കളെപ്പററി അയൽക്കാർ ഓരോ പരാതിയുമായി വരുമ്പോൾ തേത്തമ്മയ്ക്കു അങ്ങനെയാണു് തോന്നുന്നതു്.

ദിവസവും പരാതികളേയുള്ളു. ഒന്നുരണ്ടൊന്നുമല്ല. പരാതികളുടെ ഒരു പടയണിതന്നെ. വഴിതേ പോയ പശുവിൻെറ വാലുപിടിച്ചു് വളച്ചൊടിച്ചെന്നു്. വെറുതെ നടന്ന കോഴിയെ എറിഞ്ഞു കാലൊടിച്ചെന്നു്. ഒരു പഞ്ചപാവം ചെറുക്കനെ പാലത്തിൽനിന്നു് തോട്ടിൽ തള്ളിയിട്ടെന്നു്. കടമ്പത്തടിയുടെ കയർ അറുത്തുവച്ചെന്നു്. നാട്ടുവഴിയിൽ കുട്ടാരമുള്ളു കുഴിച്ചിട്ടെന്നു്. കുലയ്ക്കാറായി നിന്ന വാഴയിൽ ആപ്പടിച്ചു കേററിയെന്നു്. അങ്ങനെയങ്ങനെ നീണ്ടുനീണ്ടുപോകുന്നു, പരാതികൾ.

ഇതൊക്കെ കേട്ടും കേൾപ്പിച്ചും നിന്നാൽ ആളിനു പിന്നെ വേറെ ജോലിക്കൊന്നും പോകാൻ തരപ്പെടുകയില്ലല്ലൊ. ഓരോരുത്തരും പറയുന്നതു കേട്ടു് ഓരോന്നിനും മക്കളെ ശിക്ഷിക്കാൻ തുടങ്ങിയാൽ അതിനേ നേരം കാണുകയുള്ളല്ലൊ. ഇങ്ങനെ ശിക്ഷിച്ചാൽ അവരുണ്ടോ ബാക്കിയുണ്ടാകാൻ പോകുന്നു. ഇങ്ങനെയൊക്കെയാണു് തേത്തമ്മയുടെ മനസ്സിൻെറ പോക്കു്. അവരെയും കുഞ്ഞുങ്ങളെയും എതിക്കാനും ദ്രോഹിക്കാനും നാട്ടുകാർ ഒന്നടങ്കം, താഴത്തെ ചേടത്തിയുടെയും മക്കളുടെയും നേതൃത്വത്തിൽ ഒരു ഐക്യമുന്നണിയായി പ്രവത്തിക്കയാണെന്നായിരുന്നു അവരുടെ സങ്കല്പം. അതുകൊണ്ടു്, ആരു് എന്തു പരാതി കൊണ്ടുവന്നാലും അവർ മക്കളുടെ ചേരിയിലായിരിക്കും. പരാതിക്കാരെ പ്രതിക്കൂട്ടിൽ നിത്തിക്കാണാനേ അവക്കു കഴിയുമായിരുന്നുള്ളു. നാക്കുകൊണ്ടെങ്കിലും നാലു തല്ലുകൊടുക്കാതെ വിടുമായിരുന്നുമില്ല. എന്നിട്ടും പരാതിക്കാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരുന്നു.

"അങ്ങനെയാ, ഉശിരും ചൊണേമുള്ള ആമ്പിള്ളേരു്. പൊറത്തെറങ്ങിയാ അവരുടെ നെറം കാണിക്കും. കുഞ്ഞുവാവൻെറ മക്കളു് വെറും മണ്ണുണ്ണികളല്ല. അവരു് പാലുകുടിച്ചു വളന്നോരാ. എവിടെയും അവരുടെ സ്റ്റിൽട്ടു കാണിക്കും. നല്ലോൻെറ ജാതിയാ. അവരെ തൊട്ടു നോവിച്ചുപോയാ നോവിച്ചോൻെറ ഒരു കഷണം കടിച്ചെടുത്തേ അവരു് പൊറകോട്ടുമാറൂ. അല്ലാതെ ചുററുപാടുമൊള്ള മണ്ടൂസുകൾടെ മാതിരി ഒറക്കംതൂങ്ങികളൊന്നുമല്ല," മക്കളെപ്പററി എമ്പാടും ഉയന്നുകൊണ്ടിരുന്ന പരാതികളുടെ മുൻപിലും ആ പിതാവു് അങ്ങനെ അഭിമാനത്തിൻെറ പുളകച്ചാത്തണിഞ്ഞു.

ഈ നിലയിൽ അപ്പനും അമ്മയ്ക്കും അഭിമാനം വളത്തിക്കൊണ്ടുതന്നെ ആ മക്കൾ വളർന്നുവന്നു.

(തുടരും)

ജോലിയിൽ നിന്നും വിരമിക്കുമ്പോൾ മുടങ്ങാതെ വരുമാനം ലഭിക്കുന്നതിനുള്ള മാർഗ്ഗം



ജോലിയിൽ നിന്നും വിരമിക്കുന്നതിനു് എന്തെങ്കിലും പദ്ധതി തയ്യാറാക്കേണ്ടതിനുള്ള സമയം ഇപ്പോഴാണ്. മുടങ്ങാതെ ഒരു വരുമാനം ലഭിക്കുന്നതിനുവേണ്ടി സമ്പാദ്യങ്ങൾ പാലാ ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കുക. ആറുമാസം കൂടുമ്പോൾ ഉദാരമായ പലിശ കിട്ടുന്നതാണ്. കൂടുതൽ കാലാവധിയുള്ള നിക്ഷേപത്തിനു് കൂടുതൽ പലിശ. നൂറുരൂപാമുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും നിക്ഷേപിക്കാം.

ഇപ്പോഴത്തെ പലിശ നിരക്ക്

| | |
|---|---|
| 3 മാസത്തിനു് 2½ ശതമാനം | 2 കൊല്ലത്തിനു് 4 ശതമാനം |
| 6 മാസത്തിനു് 3 " | 3 കൊല്ലത്തിനു് 4½ " |
| 1 കൊല്ലത്തിനു് 3½ " | |

"കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ" എന്ന സൗജന്യ ലഘു ഗ്രന്ഥത്തിൻെറ ഒരു പ്രതി ഇന്നുതന്നെ ആവശ്യപ്പെടുക.

പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്
ഹെഡ് ആഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
PC. 2195

(1-ാംപേജ് തുടർച്ച)

പിതാക്കൾ സദാ ജാഗരൂകരായിരിക്കണം. മോശമായ കൂട്ടുകെട്ട്, നിഷ്കർഷാരഹിതവും ഉപദ്രവകരവുമായ പാരായണാസക്തി മുതലായവ എത്രയെത്ര കളങ്കമററ കുഞ്ഞാടുകളെയാണ് അരുചെന്നായ്ക്കളായി പകത്തിയിട്ടുള്ളതു് എന്ന ചിന്ത അവരിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്.

ലോകത്തിനു വെളിച്ചവും ഉപ്പും ആകത്തക്കവിധം ഒരു സന്യാസിയോ വൈദികനോ ആയിത്തീരുവാൻ തങ്ങളുടെ കുഞ്ഞിനേയും ദൈവം വിളിക്കുന്നുവെന്നു മനസ്സിലാക്കുന്ന മാതാപിതാക്കൾ ദൈവസ്നേഹമാകുന്ന എണ്ണയും ഉത്തരവാദിത്വബോധം, സ്വഭാവദൃഢത തുടങ്ങിയ അമ്ളരസവും അവരിൽ കുത്തിവയ്ക്കുവാൻ പരിശ്രമിക്കേണ്ടതാണ്. അതുപോലെതന്നെ യഥാർത്ഥ പരസ്നേഹം, ഭക്തിചൈതന്യം, നിസ്വാർത്ഥത, അധികാരവിധേയത്വം, ഔദാര്യമനസ്ഥിതി, കൃത്യനിഷ്ഠ മുതലായ സുകൃതങ്ങളും അവരിൽ വളർന്നുവരുവാൻ തക്ക സാഹചര്യവും സഹായവും പ്രദാനംചെയ്യുവാനും അവർ ശ്രദ്ധിക്കണം. ഈദൃശസുകൃതങ്ങൾ ഒരു ഉത്തമപൗരനിലും ക്രൈസ്തവനിലും നാം പ്രതീക്ഷിക്കുന്നെങ്കിൽ മിശിഹായുടെ പ്രതിനിധിയും വേറൊരു മിശിഹാതന്നെയുമായ വൈദികനിൽ അവ എത്ര അനുപേക്ഷണീയങ്ങളാണ്?

## പതിനൊന്നാം പീയൂസ്

സുഭഗസ്മരണാർഹനായ പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു് ഈ വിഷയത്തെ പുരസ്കരിച്ചെഴുതിയിരിക്കുന്നതു് ഇത്തരുണത്തിൽ ഉദ്ധരണീയമാണ്. "കത്തോലിക്കാ പൗരോഹിത്യം" എന്ന വിശ്രുത വിശ്വലേഖനത്തിൽ അവിടുന്നു എഴുതുകയാണ്: "വിശുദ്ധ വേദിയിലേക്കുള്ള കുസുമഗണങ്ങൾ—നൈസർഗ്ഗികമായിത്തന്നെയെന്നു പറയാം—എപ്പോഴും വളർന്നു വികസിക്കേണ്ടതു് പ്രഥമവും ഏററം സ്വാഭാവികവുമായി യഥാർത്ഥ ക്രിസ്തീയകുടുംബത്തിലാണ്. "സഭയുടെ സ്തുതികൾക്കർഹരായി" ഭവിച്ചിട്ടുള്ള വിശുദ്ധരായ മെത്രാന്മാരിലും വൈദികരിലും ബഹുഭൂരിഭാഗവും, തങ്ങളുടെ ദൈവവിളിയുടെയും വിശുദ്ധിയുടെയും ആരംഭത്തിനു്, വിശ്വാസത്തിലും പുരുഷോചിത സുകൃതങ്ങളിലും സ്ഥിരനിഷ്ഠനായിരുന്ന ഒരു പിതാവിനോടും നിർമ്മലയും ഭക്തയുമായിരുന്ന ഒരു മാതാവിനോടും ദൈവസ്നേഹവും പരസ്നേഹവും അതോടൊപ്പം ജീവിതലാളിത്യവും ആധിപത്യം വഹിച്ചിരുന്ന ഒരു കുടുംബത്തോടുമാണ് കടപ്പെട്ടിരിക്കുന്നതു്. ദൈവപരിപാലനയുടെ ഈ നിയമത്തിനു് അപവാദങ്ങൾ വളരെ വിരളമാണ്. ഉള്ളതുതന്നെയും ഈ സാമാന്യനിയമത്തിനു തെളിവായിനിലകൊള്ളും. ഒരു മാതൃകാകുടുംബത്തിലെ മാതാപിതാക്കൾ, പണ്ടു് തോബിയാസ്സും സാറായും ചെയ്തതുപോലെ പ്രാർത്ഥിക്കും, "അങ്ങേ നാമം എന്നേക്കും മഹത്വീകരിക്കപ്പെടുവാൻ ഞങ്ങൾക്കു ധാരാളം പിൻഗാമികളെ നൽകണമെ"എന്നു്. സ്വർഗ്ഗീയമായ ഒരു ദാനവും അനർഘമായ ഒരു നിക്ഷേപവുമായി തങ്ങളുടെ പിൻഗാമികളെ അവർ സ്വീകരിക്കുകയും ചെയ്യും. പരിശുദ്ധമായ ദൈവഭയവും യഥാർത്ഥമായ ക്രിസ്തീയ ഭക്തിയും ചെറുപ്പംമുതൽ അവരിൽ മുളയെടുത്തുവരുവാൻ ആ മാതാപിതാക്കൾ ശ്രദ്ധിക്കും. ഈശോയോടും പരി. കുർബാനയോടും അമലോത്ഭവകന്യകയോടുമുള്ള ഭക്തിയിൽ അവരെ വളർത്തിക്കൊണ്ടുവരും. പരിശുദ്ധ സ്ഥലത്തോടും വ്യക്തികളോടും വേണ്ട ബഹുമാനവും വണക്കവും പ്രകടിപ്പിക്കുവാൻ അവരെ അഭ്യസിപ്പിക്കും. ഇങ്ങനെയുള്ള മാതാപിതാക്കളിൽ അവരുടെ കുഞ്ഞുങ്ങൾ ദർശിക്കുന്നതു് മാന്യവും പ്രവൃത്തിപരവും ഭക്തിമയവുമായ ഒരു ജീവിതരീതിയാണ് .....ഈദൃശമായ കുടുംബത്തിൽ, മാതാപിതാക്കളുടെ സന്മാതൃകയെ അനുകരിക്കുന്ന കുട്ടികളിൽനിന്നു" "നിങ്ങളെന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" എന്ന ദിവ്യഗുരുവിന്റെ വിളി സ്വീകരിക്കാൻ ഒരുത്തരും ഇല്ലാതെ വരികയെന്നതു് പ്രായേണ അസംഭവ്യമാണ്. തങ്ങളുടെ പുത്രരുടെ ദൈവവിളിയെ നിർഭയം സ്വീകരിക്കുകയും അതിൽ തങ്ങളുടെ കുടുംബത്തിനു കൈവന്ന അസാധാരണ ബഹുമതിയും, ദൃശ്യമായ നമ്മുടെ കർത്താവിന്റെ പ്രത്യേക സ്നേഹ പരിപാലനയും ദർശിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ അനുഗൃഹീതർ. വിശ്വാസം കൂടുതൽ ശക്തിപ്പെട്ടിരുന്ന കാലങ്ങളിലെപ്പോലെ ഇങ്ങനെയുള്ള ദൈവികാനുഗ്രഹങ്ങൾക്കായി ആത്മാർത്ഥമായി പ്രാർത്ഥിക്കുക കൂടിചെയ്യുമെങ്കിൽ അവർ കൂടുതൽ അനുഗൃഹീതരായിരിക്കും."

(തുടരും,

**അർത്ഥിനികളെ ക്ഷണിക്കുന്നു**

സാമ്പൽപൂർമിഷ്യനിലുള്ള മറിയത്തിന്റെ തോഴികൾ എന്ന സന്യാസസഭയിലേക്കു അർത്ഥിനികളെ ക്ഷണിച്ചുകൊള്ളുന്നു. നല്ല മാർക്കോടുകൂടി എസ്. എസ്. എൽ. സി. പാസായിട്ടുള്ള പെൺകുട്ടികൾ താഴെ പറയുന്ന സ്ഥലങ്ങളിലും തിയ്യതികളിലുംവച്ചു് സാമ്പൽപൂറിൽനിന്നും വന്നിട്ടുള്ള സിസ്റ്റർ എം. അനസ്താസ്യായെ കാണുക.

സെൻറ് മേരീസ് കോൺവെൻറ്,
എറണാകുളം. മേയ് 28—31. ജൂൺ 6—8.

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 23 (തുടർച്ച)
## ക്ലാവുദിയായുടെ ദുസ്സ്വപ്നങ്ങൾ

(വി. സി. ജോർജ്ജ് ബി എ. എൽ. ററി.)

അരിമത്ത്യൻജോസഫ് പീലാത്തോസിന്റെമുമ്പിൽ പ്രവേശിച്ചു് അദ്ദേഹത്തെ അഭിവന്ദിച്ചു. ജോസഫ് വളരെ ചകിതനായിട്ടാണ് കാണപ്പെട്ടതു്. അയാളുടെ മുഖം വിളറിയും ശ്മശ്രുകേശങ്ങൾ ചികിമിനുക്കാതേയും പുറംകുപ്പായം നിലത്തുകൂടി ഇഴഞ്ഞും കഴിഞ്ഞു. "പ്രൊക്കുറയിററർ, സംഭവമൊക്കെ അങ്ങറിഞ്ഞില്ലേ?" ജോസഫ് ചോദിച്ചു.

"തീർച്ചയായും. അവർ താങ്കളുടെ നസ്രായനെ ബന്ധനത്തിലാക്കി; അദ്ദേഹത്തിനു ശിക്ഷ വിധിച്ചു; ഞാൻ ആ വിധി നടത്തുമെന്നു അവർ പ്രതീക്ഷിക്കുകയും ചെയ്യുന്നു" പീലാത്തോസ് സമാധാനംനൽകി.

"പ്രൊക്കുറയിററർ, അങ്ങു അപ്രകാരം ചെയ്യുമോ?"

പീലാത്തോസ് ചിന്താമഗ്നനായി. "എനിക്കറിഞ്ഞുകൂടാ. എന്റെ ഒന്നാമത്തെ ആവശ്യം നിങ്ങളുടെ ഈ പ്രവാചകനെ കാണുകയാണ്. ഞാൻ കല്പിക്കുന്ന വിധികൾമാത്രം ഞാൻ നടത്തുന്നതിൽ പുരോഹിതവൃന്ദം തൃപ്തിയടയുകയത്രെ വേണ്ടതു്. ആ മനുഷ്യനെ അവർ എന്റെ സന്നിധിയിൽ ആനയിക്കുവാനൊരുങ്ങുകയാണ്."

ചിന്താശാന്തി വന്ന ഭാവത്തിൽ ജോസഫ് ദീർഘനിശ്വാസം ചെയ്തു. "പ്രൊക്കുറയിററർ, അങ്ങേക്കു നന്ദിപറഞ്ഞുകൊള്ളുന്നു. അദ്ദേഹത്തെ അങ്ങു കേട്ടുകഴിഞ്ഞാൽ അദ്ദേഹം സ്വതന്ത്രനായി, നിശ്ചയം. ഞാൻ പോകുന്നു. ഗുരുവിന്റെ ഭാവിയെപ്പററി അത്യധികം ചിന്താകുലരായിരിക്കുന്ന ശിഷ്യരെ ഞാൻചെന്നു വിവരമറിയിക്കട്ടെ."

"നിങ്ങളുടെ സ്ഥാനത്താണെങ്കിൽ ഞാനിത്രയും ധൃതികൂട്ടുകയില്ല, ജോസഫ്. ആ മനുഷ്യനെ സ്വതന്ത്രനാക്കാമെന്നു ഞാൻ വാക്കുതന്നില്ലല്ലോ."

"അതു ശരിയാണ്. പക്ഷെ അദ്ദേഹം പുരോഹിതന്മാരുടെ പക്കൽനിന്നു രക്ഷപെട്ടാൽ അദ്ദേഹത്തെപ്പററി യാതൊരു ഭീതിക്കും അവകാശമില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. അങ്ങയുടെ നീതിബോധം ഞങ്ങൾ അറിഞ്ഞിട്ടുണ്ടു്. അതിൽ ഞങ്ങൾ സമാശ്രയിക്കുകയും ചെയ്യുന്നു."

"സ്നേഹിതൻ ജോസഫിന്റെ പേരിൽ ഞാൻ കൃതജ്ഞനാണ്" പീലാത്തോസ് പറഞ്ഞു. ഒരു ഇരിപ്പിടം ചൂണ്ടിക്കാണിച്ചുകൊണ്ടദ്ദേഹം തുടർന്നു: "ഇരിക്കൂ, ജോസഫ്, നിങ്ങൾ പോകുന്നതിനു മുമ്പു് എനിക്കു നിങ്ങളോടു് ചില കാര്യങ്ങൾ ചോദിക്കുവാനുണ്ടു്. നിങ്ങൾ വിചാരിക്കുന്നതുപോലെ ലഘുവായതല്ലാ ഈ സംഗതി. ഒരുപക്ഷെ നിങ്ങൾ നൽകുന്ന ഉത്തരങ്ങൾ ഒരു തീരുമാനത്തിലെത്തുവാനെന്നെ സഹായിച്ചേക്കാം."

അക്ഷമതയുടെ ഭാവം പ്രത്യക്ഷപ്പെടുത്തി ജോസഫ് ആസനസ്ഥനായി, പ്രശ്നരൂപത്തിൽ പീലാത്തോസിനെ നോക്കി.

പീലാത്തോസ് സ്നേഹിതനെ അഭിമുഖീകരിച്ചു നിന്നുകൊണ്ടു ചോദിച്ചു: "ജോസഫേ, ഈ പുരോഹിതന്മാർ വെറും ഖലന്മാരാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?"

"ഒരിക്കലുമില്ല. അവർ വളരെ വളരെ ബഹുമാന്യരാണ്. അവർ പ്രാർത്ഥിക്കുന്നു, ഉപവസിക്കുന്നു, പ്രമാണങ്ങൾ പാലിക്കുന്നു."

അനാദരസൂചകമായി കൈയോടിച്ചുകൊണ്ടു് പീലാത്തോസ് പറഞ്ഞു: "ജോസഫ്, വളച്ചുകെട്ടി സംസാരിക്കാതിരിക്കൂ. കാര്യം കൂടുതൽ പ്രയാസമുള്ളതാക്കരുതു്. വിദ്വൽപരിഷത്തിലെ ശൈലിയല്ലാ ഞാൻ ഉപയോഗിക്കുന്നതു്. ഈ പുരോഹിതന്മാർ ദൈവഭയമുള്ളവരെങ്കിൽ നിങ്ങൾ പറയും പ്രകാരം കന്മഷരഹിതനായ നസ്രായനെ ഇത്രയധികം വെറുപ്പോടുകൂടി പിടിപ്പിക്കുന്നതെന്തുകൊണ്ടു്?"

യേശുവിനുണ്ടെന്നു താൻ ബോധിച്ചിരുന്ന ആ സത്യബുദ്ധി ശരിക്കു മനസ്സിലാക്കുവാൻ തന്റെ റോമൻസ്നേഹിതനു കഴിവില്ലെന്നു ജോസഫ് ധരിച്ചു. ഗുരുവിന്റെ അത്യുൽകൃഷ്ടങ്ങളായ ആശയങ്ങൾ കുടിലശീലനായ പീലാത്തോസെങ്ങനെ ഗ്രഹിക്കുവാനാണ്! ആകയാൽ യേശുവിന്റെ പേരിൽ പുരോഹിതർക്കു തോന്നിയ വിദ്വേഷഹേതു ജോസഫ് വ്യവഹാരപരമായി വിശദീകരിക്കുവാനൊരുങ്ങി. വിശദീകരണം ഇങ്ങനെ ആരംഭിച്ചു: "സ്വന്തം പ്രശസ്തിയും പ്രതാപവും പ്രമാണിച്ചു് പുരോഹിതന്മാർ സ്വീകരിച്ച അടവാണിതു്. ദൈവത്തിന്റെ പ്രശസ്തിയും പ്രതാപവുമാണ് അടിസ്ഥാനമെന്നവർ പ്രഖ്യാപിക്കുകയും ചെയ്യുന്നു. യേശു പറയാറുള്ളപ്രകാരം, "ലേഖകരും ഫരിസേയരും മോശയുടെ ആസ്ഥാനത്തിരിക്കുന്നു." അവരുടെ കൈവശംമാത്രം ജ്ഞാനത്തിന്റെ താക്കോൽ നിക്ഷിപ്തമായിരിക്കുന്നുവെന്നവർ വിശ്വസിക്കുകയും ചെയ്യുന്നു. ഇതിനെ ചോദ്യംചെയ്യുന്നവർ ആ ദൈവികസംഘത്തിനെതിരായി പാപംചെയ്യുന്നുവെന്നാണവരുടെ അഭിമതം. ചോദ്യംചെയ്യുന്നവരെ അവർ പരിപൂർണ്ണഹൃദയത്തോടെ വെറുക്കുന്നുതാനും. അങ്ങനെയിരിക്കെ ഇതാ നസ്രത്തിലെ ഈ ഗുരു വന്നു് സ്നേഹത്തിന്റെ ഒരു പ്രമാണം മാത്രമേയുള്ളുവെന്നു പ്രസംഗിക്കുന്നു ദൈവത്തോടു് ഐക്യപ്പെടുവാൻ പുരോഹിതന്മാരും ക്ഷേത്രങ്ങളും ആവശ്യമില്ല; എല്ലാ മനുഷ്യരേയും പരസ്യപാപികളേയും അവിശ്വാസികളെയുംപോലും സമാദരിച്ചാൽമതി; എന്തുകൊണ്ടെന്നാൽ അവരെല്ലാവരും അമേയദയാനിധിയായ ഒരേ പിതാവിന്റെ മക്കളാകുന്നുവെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. പക്ഷെ എല്ലാ മനുഷ്യരും സമന്മാരെന്നുവന്നാൽ പുരോഹിതന്മാർക്കു സ്ഥാനമെവിടെ? കാർക്കശ്യവും കാഠിന്യവുംകൊണ്ടു് ഭരണംനടത്തുവാൻ പുരോഹിതന്മാർ ആഗ്രഹിക്കുമ്പോൾ നസ്രായൻ പ്രശാന്തിയാണുപദേശിക്കുന്നതു്. ഈ പരിതസ്ഥിതിയിൽ അവർ എങ്ങനെ അദ്ദേഹത്തെ വെറുക്കാതിരിക്കും? ഇനി പ്രൊക്കുറയിററർ, ഞാൻ പോകുവാൻ അങ്ങെന്നെ അനുവദിക്കുമല്ലോ"

ജോസഫ് പോകുവാനായി എണീററു; എന്നാൽ അനുവാദം നൽകുവാനുള്ള സന്നദ്ധത പീലാത്തോസിൽ ദൃശ്യമായില്ല. അദ്ദേഹം സ്വല്പനേരം ആലോചിച്ചിട്ടു പറഞ്ഞു: "സകല മനുഷ്യരുടെയും സമത്വം സംബന്ധിച്ച ഈ തത്വം ആപല്ക്കരമായിട്ടെനിക്കു തോന്നുന്നു. എങ്കിലും പരസ്പരം മത്സരിക്കുന്ന ഈവിധ കക്ഷികളുടെ സങ്കല്പങ്ങളെല്ലാം നാം കാര്യമായെടുത്തിട്ടു് പാഷണ്ഡതകൾക്കു വധശിക്ഷ നൽകിയാൽ എവിടെ ചെന്നവസാനിക്കുവാനാണ്? യഹൂദപ്രമാണങ്ങളെ നിർബന്ധപൂർവ്വം അക്ഷരശഃ മുറുകിപ്പിടിക്കുന്ന പുരോഹിതന്മാർ സീമയററ ഉപദ്രവം എനിക്കും വരുത്തിയിട്ടുണ്ടു്. നാട്ടിന്റെ നന്മയ്ക്കായി ചെയ്യാൻ ഞാനുദ്യമിച്ച എല്ലാ കാര്യങ്ങളും നിങ്ങളുടെ മോശയുടെ പ്രമാണം ഉദ്ധരിച്ചവർ എതിർക്കുകയാണുണ്ടായിട്ടുള്ളതു്. പ്രതികാരപരമായ നിങ്ങളുടെ നിയമപ്രയോഗത്തിനുപകരണമായി എന്നെ ചമയ്ക്കുന്നതിനുമുമ്പു് ഞാൻ രണ്ടു പ്രാവശ്യം ആലോചിക്കുകതന്നെ ചെയ്യും."

പ്രൊക്കുറയിററരുടെ പുരോഹിതവിദ്വേഷം നസ്രായൻ യേശുവിന്റെപേരിൽ അദ്ദേഹത്തിനു തോന്നിയ ശ്രദ്ധയെ അതിശയിച്ചതായി ജോസഫ് ധരിച്ചു. നസ്രായനെ മതോന്മത്തരായ ഒട്ടധികം യഹൂദോപദേഷ്ടാക്കളിൽ ഒരുവനായി മാത്രമേ പീലാത്തോസ് പരിഗണിച്ചുള്ളു.

"അരുതു്, പ്രൊക്കുറയിററർ. അങ്ങു് അപ്രകാരം ചെയ്താൽ സംഗതിയുടെ ഉത്തരവാദിത്വം മുഴുവനും അവർ അങ്ങിൽ ചുമത്തുകതന്നെ ചെയ്യും."

പീലാത്തോസ് അസന്തോഷപ്രദർശനാർത്ഥം സ്കന്ധധൂനനം ചെയ്തിട്ടു് സംസാരിച്ചു: "ഞാൻ അതത്ര ഗണ്യമാക്കുന്നില്ല. ഒരാളുടെ ജീവൻ അത്ര വലിയ കാര്യമോ? മതപരമായ ഉന്മത്തതയുടെ അഭിയോഗത്തിൽനിന്നു രാഷ്ട്രീയാധികാരത്തെ രക്ഷിക്കുവാൻ ഞാൻ അത്യുൽസുകനാണ്. റോമായുടെ രാഷ്ട്രീയാധികാരത്തിനു കൂടുതൽ തർജ്ജനകരമായിട്ടുള്ളതു് ഈ നസ്രായനാണോ പുരോഹിതന്മാരാണോയെന്നു കാണട്ടെ. ഒരു ചോദ്യംകൂടിയുണ്ടു്, ജോസഫെ. ഈ പുരോഹിതന്മാർ ബറാബാസിനോടു് സഹകരിച്ചു് ഗൂഢാലോചനകൾ നടത്തിയ സ്ഥിതിക്കു് ഈ നസ്രായനെ മരണംവരെ മർദ്ദിക്കുവാൻ സന്നദ്ധരാകുന്നതെന്തുകൊണ്ടു്? അധികാരം കൈയടക്കുന്നതിൽ ബറാബാസും തല്പരനായിരുന്നു."

"ബറാബാസിനെ സംബന്ധിച്ചു് പുരോഹിതന്മാരുടെ ഉദ്ദേശ്യമെന്തായിരുന്നുവെന്നെനിക്കറിഞ്ഞുകൂടാ. എങ്കിലും ഒരു സംഗതി ആലോചിക്കുവാനുണ്ടു്. പുരോഹിതപ്രാബല്യത്തിനടിസ്ഥാനമായ ആ ആശയങ്ങൾതന്നെ, ദ്രോഹം, ഗർഹണം, കാഠിന്യം, നിർദ്ദയത്വം, അക്ഷാന്തി, ഔദ്ധത്യം, ഒരു പ്രത്യേക ജനസമുദായത്തെയോ വർഗ്ഗത്തെയോ ഉദ്ദേശിച്ചുള്ള അതിപൂജനം, വധം, യുദ്ധം ഇവതന്നെ ബറാബാസും പ്രഖ്യാപിച്ചു. ഈ അടിസ്ഥാനൈക്യം മൂലം ബറാബാസിനെ തങ്ങളുടെ സകാമോപകരണമായി ലഭിക്കുമെന്നു ഒരുപക്ഷെ പുരോഹിതർ കരുതിയിരുന്നിരിക്കാം. എന്നാൽ ഈ ആശയങ്ങൾക്കെല്ലാം പ്രതികൂലമായിട്ടാണല്ലോ നസ്രായന്റെ ഉപദേശം. ഇപ്പോൾ പ്രൊക്കുറയിററർ, അങ്ങേക്കു മനസ്സിലായി കഴിഞ്ഞിരിക്കാം പുരോഹിതന്മാർ ബറാബാസിനെ അനുകൂലിക്കുന്നതും നസ്രായൻ ഈശോയെ പ്രതികൂലിക്കുന്നതും എന്തുകൊണ്ടെന്നു്" ജോസഫ് പറഞ്ഞു.

പീലാത്തോസ്: "നിങ്ങൾ ബറാബാസിനെപ്പററി പ്രസ്താവിക്കുന്നതു് ശരിയാണെന്നു തോന്നുന്നു. അയാളുടെ കാര്യം സംബന്ധിച്ച വാദം കേട്ടുകഴിഞ്ഞു. അയാളുടെ കാര്യം തീരുമാനിക്കുകയും ചെയ്തു. ഇനി മററെ സംഗതി കേൾക്കാം."

"ഞാൻ പോകട്ടയോ പ്രൊക്കുറയിററർ. അത്യധികം അക്ഷമത

ഈ മുദ്രയില്ലാതെ "കാളൻ" എന്ന പേരിൽ ഏതെങ്കിലും സാധനങ്ങൾ കാണുന്ന പക്ഷം അവ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമായിരിക്കുമെന്നുള്ളതുകൊണ്ടു്, ഔഷധങ്ങളും മററും വാങ്ങിക്കുമ്പോൾ ലേബൽ മുതലായതുകളിന്മേൽ ഈ മുദ്ര കാണുന്നുണ്ടോ എന്നു പ്രത്യേകം പരിശോധിക്കണമെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.
കാളൻ, നെല്ലായി (S. India)

യോടുകൂടി സ്നേഹിതന്മാർ എന്നെ കാത്തിരിക്കുകയാണ്."

"ആകട്ടെ, ജോസഫ്. ഇപ്പോൾ പോകാം. നിങ്ങളുടെ ധൃതി എനിക്കു മനസ്സിലാക്കുവാൻ കഴിയും. വേഗംതന്നെ എന്നെ വന്നു കാണണമെ."

അരിമത്ത്യൻ ജോസഫ് അവിടെനിന്നു പോന്നു. പീലാത്തോസ് ഏകാകിയായി. റാബി ശിമയോനെ ഉപചാരരഹിതമായി പറഞ്ഞയച്ചതിനെപ്പററി പ്രൊക്കുറേറ്റർ സംതൃപ്തി അനുഭവിച്ചു. ഏതായാലും താൻ ഒരു ദുർഘടസന്ധിയിൽ അകപ്പെട്ടിരിക്കുകയാണെന്നുള്ള ചിന്ത അദ്ദേഹത്തെ അലട്ടാതിരുന്നില്ല. നസ്രായനെ ബന്ധനവിമുക്തനാക്കേണമെന്നുള്ളതു് തീർച്ചതന്നെ. എങ്കിലും യഥാർത്ഥത്തിൽ അതു് തനിക്കു പ്രിയംകരമായ ഒരു നിലപാടാണോ? ആവശ്യത്തിൽ കവിഞ്ഞ പ്രത്യാശയോടുകൂടിയല്ലയോ ജോസഫിനെ മടക്കി അയച്ചതു്? നസ്രായൻ പുരോഹിതന്മാരോടൊപ്പം അരോചകവിഷയമാണ്. സ്ഥിതിഗതികൾ ശരിയായി പരിഗണിച്ചാൽ അവരിലധികംതന്നെയെന്നും അനുമാനിക്കണം. പരമാർത്ഥത്തിൽ ഒരു ബഹുജനദ്രൂഷകനും വിപ്ലവകാരിയുമാണദ്ദേഹം. അതേപ്പററിയെല്ലാം സംശയത്തിനു വകയില്ല. ക്ലാവുദിയാതന്നെ ആ കാര്യത്തിൽ ഒരു നല്ല സാക്ഷിയാണ്. ബുദ്ധിമതിയും സംസ്കാരസമ്പന്നയുമായ ഒരു റോമൻ വനിത ഈ നസ്രായന്റെ ശക്തിക്കു വിധേയയായെങ്കിൽ സാധുക്കളും സംസ്കാരശൂന്യരുമായ യഹൂദർക്കപ്രകാരമെന്തുകൊണ്ടു് സംഭവിച്ചുകൂടാ? പിന്നെയും, മഗ്ദാലാമറിയയുടെ കാര്യം യേശുവിന്റെപേരിൽ വൈരസ്യംകൂടാതെ ചിന്തിക്കുവാൻ പീലാത്തോസിനു കഴിഞ്ഞില്ല. നസ്രായനെ താൻ ശിക്ഷയ്ക്കു വിധിക്കുന്നപക്ഷം മറിയ തനിക്കു എന്നെന്നേക്കും നഷ്ടപ്പെട്ടതുതന്നെ. ഭീരുവായ ഒരു കൊലപാതകിയെന്നവൾ അനവരതം അധിക്ഷേപിക്കുകയും ചെയ്യും. ജോസഫിന്റെ മൈത്രിയും നഷ്ടപ്പെടും. വല്ലപ്പോഴുമൊക്കെ ബുദ്ധിപൂർവ്വവും രസാവഹവുമായ സംഭാഷണത്തിനു കൊള്ളാവുന്ന ആ നാട്ടിലെ ഏകവ്യക്തിയാണ് ജോസഫ്. വേറൊരു വഴിക്കാലോചിച്ചാൽ നിലവിലിരിക്കുന്ന ഭരണരീതിക്കു ഉറച്ച തൂണുകളായിട്ടത്രെ റോമായിലെ അധികാരികൾ പുരോഹിതന്മാരെ കരുതിയിരുന്നതു്. ആഗസ്റ്റസ് അവരോടു സൗഹൃദസ്ഥിതിയിൽ വർത്തിച്ചു. ഈ നിലയ്ക്കു ചിത്തഭ്രമം പിടിച്ച ഒരു യഹൂദതച്ചനുവേണ്ടി സ്വന്തം ഭാവിഗതി നശിപ്പിക്കത്തക്കതോ! കിംകർത്തവ്യതാവിമൂഢനായി പീലാത്തോസ് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും ക്ഷുബ്ധഭാവത്തിൽ നടന്നു ആലോചിച്ചു. സംശയച്ഛേദം ഉണ്ടായില്ല. അവസാനം, ആസ്ഥാനി മാർക്കസിനെ വിളിക്കുവാനാളയച്ചു. ആ അരയൂദൻ പലപ്പോഴും നിപുണോപായങ്ങൾ കണ്ടുപിടിക്കാറുണ്ടായിരുന്നു. ഈ സംഗതിയിലും അയാളുടെ ബുദ്ധി ഉപകരിച്ചേക്കാമെന്നു് പ്രൊക്കുറേറ്റർ ചിന്തിച്ചു.

മാർക്കസ് ആഗതനായപ്പോഴേക്കും കൊട്ടാരത്തിനു മുമ്പിലുണ്ടായിരുന്ന അങ്കണത്തിൽ ഏതോ കോലാഹലം കേൾക്കാറായി. ഗവർണ്ണർ വാതായനത്തിങ്കലെത്തി. ആ ചതുരാങ്കണത്തിൽ ജനങ്ങൾ തിങ്ങിക്കൂടുന്നതദ്ദേഹം കണ്ടു. പ്രധാനവീഥിയിൽക്കൂടി ഒരു സംഘം പുരോഹിതന്മാർ നയിച്ചു ദേവാലയോദ്യോഗസ്ഥന്മാരുടേയും മററും ഒരു യാത്ര അരമന ലക്ഷ്യമാക്കി നീങ്ങുന്നുണ്ടായിരുന്നു. അവരുടെ മദ്ധ്യേ കീറിപ്പറിഞ്ഞ കഞ്ചുകവും ചെളിപുരണ്ടു് തറയിൽക്കൂടി ഇഴഞ്ഞ ചോളിയും ധരിച്ച ബന്ധിതനായ ഒരു തടവുകാരൻ നടന്നു. തന്നെ അലട്ടിയ പ്രശ്നത്തെപ്പററി ചിന്തിക്കുവാൻ സമയമധികമില്ലെന്നു് പീലാത്തോസ് ഗ്രഹിച്ചു. പുരോഹിതന്മാർ പര്യാലോചന നടത്തിയതിന്റെ ഫലമായി നസ്രായനെ തന്റെ പക്കൽ ഏല്പിക്കുവാൻ തീരുമാനിച്ചു എന്നു് സ്പഷ്ടമായി.

(തുടരും)

# ഭാരതത്തിലെ കത്തോലിക്കാസഭ

(ജെ. കെ. തയ്യിൽ, എസ്. ജെ.)

ക്രിസ്ത്വാബ്ദം 52-ൽ ക്രിസ്തുവിന്റെ ശ്രേഷ്ഠഅപ്പസ്തോലനായ വി. തോമ്മാശ്ലീഹായാൽ ബീജാവാപം ചെയ്യപ്പെട്ട ഭാരതത്തിലെ കത്തോലിക്കാസഭ ഇന്നു അതിന്റെ ശാഖകളെ നാലുപാടും വിരിച്ചു ആകാശപ്പറവകളേയും ഭൂമിയിലെ ജന്തുക്കളേയും അതിന്റെ തരുച്ഛായയിലേക്കു ആകർഷിക്കുന്ന ഒരു മഹാമഹീരുഹമായി രൂപാന്തരപ്പെട്ടിരിക്കുന്നു എന്നുപറയുമ്പോൾ നമുക്കു അല്പമൊരു അന്ധാളിപ്പു തോന്നിയേക്കും. വി. അപ്പസ്തോലൻ തന്റെ പ്രത്യേകപ്രേഷിതരംഗമാക്കിയതു കേരളക്കരയും മൈലാപ്പൂരുമാകുന്നുവെന്നു ചരിത്രമെന്നപോലെ ശക്തിയുക്തമായ പാരമ്പര്യവും ഘോഷിക്കുന്നു. എന്നാൽ അപ്പസ്തോലൻ കടൽവഴിയും കരവഴിയും ഇന്ത്യയിലേക്കു ഒന്നിലധികം പ്രാവശ്യം വന്നതിനാൽ ആദ്യം താൻ കരവഴിയായി ഹിന്ദുക്കുഷ് കടന്നു ഇന്ത്യയിൽ പ്രവേശിച്ചിരിക്കണമെന്നും അപ്പോൾ അവിടെയുണ്ടായിരുന്ന ഗൊണ്ടഫാറസ് രാജാവിന്റെ രാജധാനിയിൽ പ്രേഷിതവൃത്തിയിൽ ഏർപ്പെട്ടിരിക്കണമെന്നും തൽഫലമായി ആദ്യത്തെ കത്തോലിക്കരായ യഹൂദസ്ത്രീയുൾപ്പെടെ അനേകംപേരെ മാനസാന്തരപ്പെടുത്തിയിരിക്കണമെന്നും സന്യായം അനുമാനിക്കാവുന്നതാണ്. ഇരുപതാം നൂററാണ്ടിൽ ഹാരപ്പാ മൊഹിഞ്ചദാരോ എന്നീ പുരാതനപട്ടണങ്ങളുടെ അവശിഷ്ടങ്ങളിൽ നടത്തിയ ഗവേഷണഫലമായി മാർത്തോമ്മാചരിതത്തിൽ പറയപ്പെടുന്ന ഗൊണ്ടഫാറസ് രാജാവിന്റെ സ്വർണ്ണനാണയങ്ങൾ ഇവിടെനിന്നും കണ്ടെടുത്തിരിക്കുന്നു. മാത്രമല്ല ഈ കഴിഞ്ഞ കൊല്ലം ബിഹാറിൽ കല്ക്കരിഖനികൾ കുഴിക്കുമ്പോൾ പാറക്കെട്ടിനുള്ളിൽ ദൈവമാതാവിന്റെയും കുഞ്ഞുണ്ണിയുടെയും ഒരു രൂപവും അതിനോടടുത്തുതന്നെ ഒരു സന്യാസിയുടെ രൂപവും കണ്ടുകിട്ടിയിരിക്കുന്നു. ഈ സന്യാസി മിക്കവാറും തോമ്മാശ്ലീഹാ ആയിരിക്കണം. വീണ്ടും വടക്കേ ഇന്ത്യയിൽ ക്രിസ്ത്വബ്ദത്തിന്റെ ആദ്യശതകങ്ങളിൽ ക്രിസ്ത്യാനികൾ ധാരാളം ഉണ്ടായിരുന്നുവെന്നും അവിടെ പാർത്ത്യർ, ഹൂണർ, റേറാഗ്ലാക്ക്സ്, മുഹമ്മദീയർ എന്നിവരുടെ ആക്രമണത്തോടുകൂടി ക്രിസ്തുമതം മർദ്ദനമനുഭവിച്ചു നാമാവശേഷമായെന്നും, പിന്നീടു പാശ്ചാത്യമിഷ്യനറിമാരുടെ കാലത്തു അക്ബർ പ്രഭൃതികളുടെ മഹാമനസ്കതയാൽ ക്രിസ്തുമതം വീണ്ടും പുലർന്നുവെന്നും ചരിത്രം ഘോഷിക്കുന്നു. "അക്ബറിന്റെ സ്നേഹവും സഹിഷ്ണുതയുംകൊണ്ടു്" വി. ഫ്രാൻസീസ് സേവ്യറിന്റെ അനുഗാമികളായ ഈശോസഭാംഗങ്ങൾ ആഗ്ര, ദൽഹി, പാററ്നാ, സംഹാർ, ജയ്പ്പൂർ, നാർവാർ, കാണ്ടൂർ മുതലായ സ്ഥലങ്ങളിൽ പ്രേഷിതകേന്ദ്രങ്ങൾ സ്ഥാപിച്ചു. തൽഫലമായി അക്ബറിന്റെ മകൾ ജിഹനാരായും പല രാജകുടുംബാംഗങ്ങളും ക്രിസ്തുമതം ആശ്ലേഷിച്ചു. മാത്രമല്ല ആഗ്രായിൽ ഈശോസഭാംഗങ്ങൾ ഒന്നാംകിട കലാലയം സ്ഥാപിച്ചു. ആഗ്രായിൽനിന്നു ബ്രദർ ഗോയസ്സ് എസ്. ജെ. (1603—1607) കാൽനടയായി നാലുകൊല്ലംകൊണ്ടു് കാശ്മീർ, ററിബററു്, ടാർട്ടറി വഴി ചൈനയിൽ ചെന്നെത്തി. 1624-ൽ മറെറാരു ഈശോസഭാവൈദികൻ ററിബററിൽ പ്രവേശിച്ചു ക്രിസ്തുമതം പ്രസംഗിച്ചു. ഹിമാലയം കടന്നു കാൽനടയായാണ് അദ്ദേഹം ടിബററിന്റെ തലസ്ഥാനമായ ലാസ്സായിലെത്തിയതു്. അവിടെ 1625-നും 1650-ം മദ്ധ്യേ 25 മിഷ്യനറിമാർ ക്രിസ്തുമതം പ്രസംഗിച്ചു. നീപ്പാൾ, ബൂട്ടാൺ, പാററ്നാ എന്നീ മിഷ്യൻകേന്ദ്രങ്ങളെല്ലാം മലബാർ പ്രോവിൻസിന്റെ അധീനതയിലായിരുന്നുവെന്നും ഇവിടെ എടുത്തുപറഞ്ഞുകൊള്ളട്ടെ. അന്നു മലബാർ അഥവാ കേരളാപ്രവിശ്യയുടെ തലസ്ഥാനം കൊച്ചിയായിരുന്നു. കൊച്ചിയിൽ നിന്നാണ് ഈശോസഭാ പ്രൊവിൻഷ്യാൾ സിലോൺ, മധുര, ബംഗാൾ, പാററ്നാ, നീപ്പാൾ, ബൂട്ടാൺ, പെഗു, മലാക്കാ മുതലായ സ്ഥലങ്ങളിലേക്കു ആളുകളെ അയച്ചിരുന്നതും പ്രേഷിതവൃത്തി നിയന്ത്രിച്ചിരുന്നതും. 1602 മുതൽ 1773 വരെ ദീർഘിച്ച കേരളാപ്രവിശ്യയുടെ പ്രവർത്തനപരിപാടിയും പ്രേഷിതവിജയങ്ങളും തങ്കരേഖാങ്കിതങ്ങളാണ്. ആ മലബാർ പ്രവിശ്യയുടെ കണ്ണിലുണ്ണിയായിരുന്നു ഇന്നത്തെ മധുരമിഷ്യൻ (അഥവാ മധുര പ്രവിശ്യ) മലബാർ പ്രവിശ്യയുടെ ഒന്നാമത്തെ രക്തസാക്ഷിയാണു ഫാ. ക്രിമിനാലി (1549) പിന്നത്തെ പ്രശസ്തനായ രക്തസാക്ഷിയായിരുന്നു വി. ജോൺ ബ്രിട്ടോ. ഉയർന്ന ജാതികളെ ക്രിസ്തുമതാവലംബികളാക്കുവാനുള്ള നവീന പ്രസ്ഥാനമായിരുന്നു ബ്രാഹ്മണസന്യാസവേഷത്തിൽ പുലിത്തോലിൽ ഇരുന്നു, കർണ്ണാഭരണങ്ങൾ ധരിച്ചു കാവിവസ്ത്രം ഉടുത്തു, സംസ്കൃതം പഠിച്ചു, മീനാക്ഷി മണ്ഡപസമീപം വസിച്ചു ദെനോബിലി, ബെസ്കി, വി. ജോൺ ബ്രിട്ടോ എന്നീ പ്രേഷിതപ്രവീണർ നടത്തിയതു്. ഇങ്ങനെ പൂജ്യപാദനായ ദിനോബിലിതന്നെ നാലായിരത്തിലധികം ബ്രാഹ്മണരെ മധുരമീനാക്ഷിയുടെ സമീപത്തുവച്ചുതന്നെ മാനസാന്തരപ്പെടുത്തി. വി. ജോൺബ്രിട്ടോ അഥവാ അരുളാനന്ദസ്വാമിയുടെ പരിശ്രമഫലമായി 1693 നകം 12000 പേർ മറവജാതിയിൽനിന്നും സത്യമതം ആശ്ലേഷിച്ചു. തൂത്തുക്കുടി, തൃശ്ശിനാപ്പള്ളി, മധുര, തഞ്ചാവൂർ, കുംഭകോണം, മൈലാപ്പൂർ, സേലം മുതലായ രൂപതകളെല്ലാം ഈശോസഭാസന്യാസികൾ സ്ഥാപിച്ച ക്രിസ്ത്യൻകേന്ദ്രങ്ങളാണ്. ഈശോസഭ നിറുത്തലാക്കിയപ്പോൾ (1773) കർണ്ണാററിക്കു് ജില്ലകളിൽമാത്രം ഒരു ലക്ഷത്തോളം ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ഇങ്ങനെ തോമ്മാശ്ലീഹായുടെ പ്രേഷിതവിജയമായി കേരളക്കരയും, മയിലാപൂരവും, ഫ്രാൻസിസ് സേവ്യറിന്റെ അശ്രാന്തപരിശ്രമഫലമായി കന്യാകുമാരിമുതൽ കറാച്ചിവരെയുള്ള പടിഞ്ഞാറെ തീരവും കന്യാകുമാരിമുതൽ ബംഗാൾവരെയുള്ള കിഴക്കേത്തീരവും പ്രത്യേകിച്ച് മണപ്പാറയും തൂത്തുക്കുടിയും കൊല്ലവും ഗോവയും ക്രിസ്തുമതമാശ്ലേഷിച്ചു. ഫ്രാൻസിസ് സേവ്യറിന്റെ പിൻഗാമികളായ പ്രേഷിതപ്രവീണരാണ് തെക്കേഇൻഡ്യയുടെ ഉൾഭാഗവും വടക്കേഇൻഡ്യയുടെ സകല പ്രധാനകേന്ദ്രങ്ങളും ക്രിസ്തുവിന്റെ വിജയക്കൊടിയിൻകീഴിൽ കൊണ്ടുവരുവാൻ അഹർന്നിശം പ്രയത്നിച്ചതു്. എന്നാൽ ജിഹാംഗിർപ്രഭൃതികളുടെ കാലത്തുണ്ടായ വേദകലഹവും വിദേശീയരായ ഡച്ചുകാരുടെ കത്തോലിക്കാമതമർദ്ദനവും, പോർട്ടുഗലിൽ പൊട്ടിപ്പുറപ്പെട്ട മതവിപ്ലവവും 1773-ൽ ഉണ്ടായ ഈശോസഭാവിധ്വംസനവും കേരളക്കരയിൽ അക്കാലത്തുണ്ടായ ലത്തീൻസുറിയാനിസംഘട്ടനവും തജ്ജന്യമായി ഉടലെടുത്ത ഛിദ്രവും കത്തോലിക്കാസഭയുടെ ജീവരക്തം വാററിക്കുടിച്ചു് അവളെ അർദ്ധപ്രാണയാക്കി. എന്നാൽ ക്രിസ്തുവിന്റെ രക്തത്തിൽ മുളച്ചുയർന്ന ആ സഭയുണ്ടോ, അപ്പസ്തോലന്മാരുടെ ജീവാർപ്പണത്താൽ സംപൂതമാക്കപ്പെട്ട ആ സ്വർഗ്ഗീയവല്ലരിയുണ്ടോ ഈ കോളിളക്കങ്ങളാൽ, ഈ ദാരുണമർദ്ദനങ്ങളാൽ നാമാവശേഷമാകുവാൻ പോകുന്നു! "രക്തസാക്ഷികളുടെ രക്തം ക്രിസ്ത്യാനികളുടെ വിത്താകുന്നു" എന്ന ടെർററല്യന്റെ വചനങ്ങൾ ഇന്നു ഭാരതത്തിലും അന്വർത്ഥമായിരിക്കുന്നു.

1773-ഓടുകൂടി നാമാവശേഷമായെന്നു കരുതപ്പെട്ട കത്തോലിക്കാസഭയുടെ ഇന്നത്തെ സ്ഥിതി എന്താകുന്നു. ഇന്നവൾക്കു ഭാരതീയനായ ഒരത്യുന്നതകർദ്ദിനാളും, മാർപ്പാപ്പായുടെ പ്രതിനിധിയായി രാഷ്ട്രീയവീക്ഷകനായി ഒരു ഇൻറർനൺഷിയോയും, അദ്ദേഹത്തിന്റെ കീഴിൽ 14 അതിരൂപതകളും, 53 രൂപതകളും, രണ്ടു പ്രീഫക്ട് അപ്പസ്തോലിക്കകളും, 69 മെത്രാന്മാരും മെത്രാപ്പോലീത്തമാരും, 3747 ഭാരതീയവൈദികരും, 1755 വിദേശീയവൈദികരുമുണ്ടു്. ഈ വൈദികരിൽ 3172 പേർ അൽമായവൈദികരും, 1920 സന്യാസവൈദികരുമാണ്. മുപ്പത്തേഴരക്കോടി ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ ഭാരതത്തിൽ 5200000 കത്തോലിക്കരുണ്ടു്. അവരിൽ പന്ത്രണ്ടുലക്ഷത്തിലധികംപേർ സുറിയാനിക്കത്തോലിക്കരും, നാല്പതുലക്ഷത്തോളം ലത്തീൻകത്തോലിക്കരുമാണ് സുറിയാനിക്കത്തോലിക്കർ എല്ലാവരും കേരളക്കരയിലും ലത്തീൻകത്തോലിക്കരിൽ സിംഹഭാഗം തെക്കേ ഇന്ത്യയിലുമാണ്. ലത്തീൻകത്തോലിക്കരിൽ 11 ലക്ഷത്തിലധികം ജനങ്ങൾ കേരളക്കരയിലാണ് അധിവസിക്കുന്നതു്.

ഇന്നു കത്തോലിക്കരുടെ വകയായി കേരളത്തിൽ പന്ത്രണ്ടു മേജർസെമ്മിനാരികളും 45 മൈനർസെമ്മിനാരികളും 57 സർവ്വകലാശാലാകലാലയങ്ങളും, 23 മററു സാങ്കേതികകലാലയങ്ങളും, 450 ഹൈസ്കൂളുകളും, 658 മിഡിൽസ്കൂളുകളും, 2774 പ്രാഥമികവിദ്യാലയങ്ങളും, 137 ഇൻഡസ്ട്രിയൽ സ്കൂളുകളും, 260 അനാഥമന്ദിരങ്ങളും, 52 ഒന്നാംകിട ആശുപത്രികളും, 515 ഡിസ്പെൻസറികളും, 5000 ലധികം മനോമോഹനങ്ങളായ ദൈവാലയങ്ങളും, 7000ത്തിലധികം ചെറുദേവാലയങ്ങളും കപ്പേളകളുമുണ്ടു്. സർവ്വപരിത്യാഗികളായി വാഗ്ദത്തത്രയങ്ങൾ എടുത്ത വിദേശീയരും സ്വദേശീയരുമായ 16000ത്തിലധികം കന്യകകളും തിരുസ്സഭയുടെ അരുമക്കിടാങ്ങളായി അവൾക്കുണ്ടു്. ഭാരതീയസഭ വിദേശീയമല്ലെന്നും അതു ഭാരതത്തിലെ പുരാതനമതങ്ങളിൽ ഒന്നാണെന്നും രാഷ്ട്രപതിയായ രാജേന്ദ്രപ്രസാദിനോടും പ്രധാനമന്ത്രിയായ നെഹ്റുവിനോടുംകൂടി ഇവിടെ എടുത്തു പറഞ്ഞുകൊള്ളട്ടെ. ക്രിസ്തുനാഥന്റെ സത്യസഭ ഭാരതത്തിന്റെ മരതകമണിയായി എന്നെന്നും വിരാജിക്കട്ടെ.

—o—


## വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ

അന്നൊരിക്കൽ ക്രിസ്തുനാഥൻ മത്തായിയോടു പറഞ്ഞു: "Follow me." ഇരുപതാം നൂററാണ്ടിലെ മത്തായിയും പത്രോസും തോമ്മായും ആകുവാൻ ആയിരങ്ങളോടു് അവിടുന്നു അതേ ആഹ്വാനംതന്നെ ആവർത്തിക്കുന്നുണ്ടു്. വൈദികനാകുവാൻ ദിവ്യനാഥന്റെ ആമന്ത്രണം നിങ്ങൾ ശ്രവിക്കുന്നുണ്ടോ? എങ്കിൽ വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ ഇക്കൊല്ലവും നിങ്ങളെ സ്വാഗതം ചെയ്യുന്നു. സ്കൂൾഫൈനൽക്ലാസിൽ നല്ല മാർക്കുകളോടെ പാസ്സായവരും പാസ്സാകുമെന്നു പ്രതീക്ഷിക്കുന്നവരും ഉടനെതന്നെ എഴുതുക:

Rector, St. Vincent's Petit Seminary, Ankamaly P. O

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

സന്തോഷവും, സംതൃപ്തിയും നല്കുന്ന ആഭരണങ്ങൾക്ക്
തോട്ടാൻ
കഞ്ഞിപ്പാലു റപ്പായി & ബ്രദേഴ്സ്
ആഭരണവ്യാപാരം, തൃശ്ശൂർ.


# പ്രോട്ടോനോട്ടറി അപ്പസ്തോലിക്ക് റൈററ് റവ. മോൺ. ആൻറണി പുതുശേരി ഡി. ഡി. നിര്യാതനായി



തൃശ്ശൂർ രൂപതാ വികാരിജനറാൾ മോൺ. ആൻറണി പുതുശ്ശേരി അവർകൾ മേയ് 25-ാം തീയതി വെളുപ്പിനു 1-15 നു പരിയാരത്തുള്ള സെൻറ് ആൻറണീസ് റഫ്യൂജ് ഹോമിൽവച്ചു നിര്യാതനായിരിക്കുന്നു. മൂന്നു വർഷത്തോളമായി വാർദ്ധക്യസഹജമായ അസ്വാസ്ഥ്യങ്ങൾമൂലം പരേതൻ പ്രസ്തുത സങ്കേതത്തിൽ സ്ഥിരതാമസമാക്കിയിട്ട്. മോൺസിഞ്ഞോർ അവർകളുടെ സ്വന്തപരിശ്രമത്താൽ സ്ഥാപിച്ചിട്ടുള്ളതാണ് ഈ സങ്കേതം. മരിക്കുമ്പോൾ അദ്ദേഹത്തിനു 72 വയസ്സുപ്രായമാണ്. രാത്രി ഉറക്കമുണർന്നപ്പോൾ ക്രമാതീതമായ അസുഖം തോന്നുകയും അടുത്തുണ്ടായിരുന്നവരെ വിളിച്ചു അതേപ്പററി പറയുകയും അന്ത്യകൂദാശകൾ ഭക്തിപൂർവ്വം സ്വീകരിച്ചു സമാധാനമായി മരണമടയുകയുമാണുണ്ടായതു്.

## ജീവചരിത്രം

പരിയാരത്തു പടിഞ്ഞാറെക്കര തറവാട്ടിൽ 1886 ജൂൺ 27-ാം തീയതിയാണു് മോൺസിഞ്ഞോർ ഭൂജാതനായതു്. തൃശ്ശൂർ സെൻറ് തോമസ് ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കിയശേഷം വൈദികപഠനമാരംഭിച്ചു. പുത്തമ്പള്ളി സെമ്മിനാരിയിൽവച്ചു 1911 ഡിസംബർ 27-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. പാവർട്ടി മുതലായ ചില പള്ളികളിൽ വികാരിയായി ജോലിനോക്കിയശേഷം 1918-ൽ തൃശ്ശൂർ പൊററിസെമ്മിനാരിയുടെ റെക്ടറായി നിയമിതനായി. 1919-ൽമേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാൻ തിരുമേനി കാലം ചെയ്തപ്പോൾ അദ്ദേഹം രൂപതയുടെ അഡ്മിനിസ്റ്റ്രേററായി നിയമിക്കപ്പെട്ടു. ഈ കാലഘട്ടത്തിലാണ് പരിശുദ്ധസിംഹാസനം അദ്ദേഹത്തെ ഡൊമസ്റ്റിക്ക് പ്രീലേററായി ഉയർത്തിയതു്. 1931-ൽ അദ്ദേഹം വിദേശപര്യടനം നടത്തുകയും പരിശുദ്ധ പിതാവിനെ സന്ദർശിച്ചു അനുഗ്രഹാശിസ്സുകൾ സ്വീകരിക്കുകയും ചെയ്തു. 1944-ൽ അദ്ദേഹം രൂപതയുടെ വികാരിജനറാളായി നിയമിക്കപ്പെട്ടു. 1950-ലാണ് പ്രോട്ടോനോട്ടറി അപ്പസ്തോലിക്ക് എന്ന മഹനീയസ്ഥാനം പരിശുദ്ധപിതാവ് അദ്ദേഹത്തിനു കല്പിച്ചു നൽകിയതു്.

മോൺസിഞ്ഞോർ ആൻറണി പുതുശ്ശേരി അവർകളുടെ വിയോഗം തൃശ്ശൂർ മിസ്സത്തിനു മാത്രമല്ല കേരളത്തിനു പൊതുവെയും ഒരു മഹാനഷ്ടമാണെന്നു ആരേയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അരശതാബ്ദക്കാലത്തോളം അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ കേരളസഭയുടെ ചരിത്രത്തിൽ സുസ്മരണീയങ്ങളാണ്. ഒരു സുപ്രസിദ്ധ വാഗ്മിയും നലംതികഞ്ഞ ഗ്രന്ഥകാരനുമാണദ്ദേഹം. അദ്ദേഹത്തിൻെറ പ്രസംഗധോരണി കേരളത്തിലെ അന്തരീക്ഷത്തിൽ വളരെക്കാലം ഇനിയും പ്രതിധ്വനിക്കാതിരിക്കുകയില്ല. വിശുദ്ധ പൗലോസിൻെറ ലേഖനങ്ങളുടെ തർജ്ജമയാണ് അദ്ദേഹത്തിൻെറ ഒടുവിലത്തെ കൃതിയെന്നു തോന്നുന്നു. പ്രൗഢങ്ങളായ തത്വങ്ങളേയും ആശയങ്ങളേയും സ്പഷ്ടമായും ലളിതമായും പ്രതിപാദിക്കുന്നതിനു അദ്ദേഹത്തിനുള്ള കഴിവു ഓരോ കൃതികളിലും തെളിഞ്ഞു കാണാവുന്നതാണു്. ജീവകാരുണ്യപരമായ സേവനരംഗങ്ങളും അദ്ദേഹത്തിനു വളരെ പ്രിയംകരമായിരുന്നു.

## ശവസംസ്കാരം

ഞായറാഴ്ച ഉച്ചകഴിഞ്ഞു രണ്ടുമണിക്കു ശവസംസ്കാരകർമ്മങ്ങൾ തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ സമാരംഭിച്ചു. എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും മോൺസിഞ്ഞോറന്മാരും 200 ഓളം വൈദികരും നിരവധി കന്യാസ്ത്രീകളും വമ്പിച്ച ഒരു ജനക്കൂട്ടവും തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു. മൃതദേഹം ബംഗ്ലാവിൽനിന്നു പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. തുടർന്നു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പരേതൻെറ വ്യക്തിവൈശിഷ്ട്യത്തേയും മാതൃകാജീവിതത്തേയും സേവനചരിത്രത്തേയും അനുസ്മരിച്ചു ചരമപ്രഭാഷണം നിർവ്വഹിച്ചു. ആഘോഷപൂർവ്വകമായ വിലാപയാത്ര (നഗരികാണിക്കൽ) ക്കുശേഷം 5 മണിയോടുകൂടി മൃതദേഹം പള്ളിയുടെ മദ്ബഹായ്ക്കുസമീപം പ്രത്യേകം തയ്യാറാക്കിയിട്ടുള്ള കുഴിമാടത്തിൽ സംസ്കരിച്ചു.

R. I. P.

## ഇടവകവാർത്തകൾ

(5-ാം പേജ് തുടർച്ച)

**കോതമംഗലം:** കോതമംഗലം ഭദ്രാസന ഇടവകയിൽ പുതുതായി സംഘടിപ്പിച്ചിരിക്കുന്ന അദ്ധ്യയനമണ്ഡലത്തിൻെറ ഉൽഘാടനം കോതമംഗലം മെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു പോത്തനാമുഴി തിരുമനസ്സുകൊണ്ടു് മേയ് 20-ാംതീയതി ഉച്ചകഴിഞ്ഞു സെൻറ് അഗസ്റ്റിൻസ് സ്കൂൾഹാളിൽ ചേർന്ന പൊതുയോഗത്തിൽവച്ചു നിർവ്വഹിച്ചിരിക്കുന്നു. അദ്ധ്യയനമണ്ഡലത്തിൻെറ ചങ്ങനാശേരിയിലെ ഡിറക്ടറും അതിൻെറ ഉപജ്ഞാതാവുമായ റവ. ഫാദർ മാത്യു നടയ്ക്കൽ അവർകൾ ഒരാഴ്ചയോളം ഇവിടെ താമസിച്ചു് ഇവിടത്തെ യുവജനങ്ങൾക്കു് അദ്ധ്യയനമണ്ഡലത്തിൻെറ നടത്തിപ്പിൽ വേണ്ട പരിശീലനം നൽകിയിരുന്നു. ഉൽഘാടനദിവസം രാവിലെ 7 മണിക്കു് സംഘടനാംഗങ്ങൾ "ഡയലോഗ് മാസിൽ" സംബന്ധിക്കുകയും തുടർന്നു് പൊതുദിവ്യകാരുണ്യസ്വീകരണം നടത്തുകയും ചെയ്തു. പള്ളി വികാരി വെരി റവ. ഫാദർ തോമസ് ചെറുപറമ്പിൽ ഒരു ചെറുപ്രസംഗത്തോടുകൂടി ഉൽഘാടനകർമ്മം നിർവ്വഹിക്കുവാൻ അഭിവന്ദ്യതിരുമേനിയോടപേക്ഷിച്ചു. രൂപതയിലെ ഇതരഇടവകകൾക്കു മാതൃക നൽകേണ്ടതു് കോതമംഗലത്തെ യുവജനങ്ങളാണെന്നും, എല്ലാ ഇടവകകളിലും ഈ സംഘടന സ്ഥാപിച്ചു കാണുവാൻ അവിടുന്നു് അതിയായി ആഗ്രഹിക്കുന്നു എന്നും വന്ദ്യതിരുമേനി ഉൽഘാടനപ്രസംഗത്തിൽ പ്രസ്താവിച്ചു. തുടർന്നു ശ്രീമതി പി ററി ത്രേസ്യാ ബി എസ്സ്സി, മി. കെ ററി സെബാസ്റ്റ്യൻ എം എ എന്നിവർ പ്രസംഗിച്ചു. അദ്ധ്യയനമണ്ഡലം ഭാരവാഹികളായി നിയമിച്ചിരിക്കുന്നവരുടെ പേരുകൾ യോഗത്തിൽ പ്രഖ്യാപിക്കപ്പെട്ടു.

**തൊയക്കാവു്:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യം, വിൻസെൻറു ഡി പോൾസംഘം, തിരുബാലസംഘം എന്നിവയുടെ സംയുക്തവാർഷികം റവ. ഫാദർ പോൾ ചിററിലപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ശ്രീമതി ജനോവ ബി എ ബി ടി പ്രസംഗിച്ചു ബാലികാബാലന്മാരുടെ വിവിധവിനോദപ്രകടനങ്ങളും യോഗാനന്തരം "തകരാത്ത ബന്ധങ്ങൾ" എന്ന സംഗീതനാടകാഭിനയവുമുണ്ടായിരുന്നു.

**നെയ്യശേരി:** ഈ ഇടവകയിലെ മരിയസഖ്യതയുടെയും മിഷൻലീഗിൻെറയും സൺഡേസ്കൂളിൻെറയും സംയുക്തവാർഷികസമ്മേളനം മേയ് 19-ാംനു-ഞായറാഴ്ച പകൽ 3 മണിക്കു് ശ്രീ ഇ. പി. ഐസക്കു് ബി. എ. ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ശ്രീ പി. വി. മാത്യു ബി. എസ്സി., ബി. ടി., ശ്രീ കെ. ഐ. പൈലി ബി. എസ്സി., ബി. ടി. എന്നിവർ പ്രസംഗിച്ചു.

ഈ ഇടവകയിൽ ആദ്യമായി എം. എ. ബിരുദം നേടിയ ശ്രീ പി. ജെ. ജോസഫിനെ അനുമോദിച്ചു് റവ. ബ്രദർ ജോർജ് പടിഞ്ഞാറേക്കുററു് ഹാരാർപ്പണം നടത്തുകയും വികാരി റവ. ഫാ. പോൾ കുഴിക്കാട്ടു് ബി. എ. അനുമോദനപ്രസംഗം നടത്തുകയും ചെയ്തു. ശ്രീ ജോസഫ് സമുചിതമായി മറുപടിപ്രസംഗം നടത്തി.

വേദപാഠപരീക്ഷയിലും കലാമത്സരങ്ങളിലും പ്രശസ്തമായി വിജയിച്ചവർക്കു് സമ്മാനങ്ങൾ അദ്ധ്യക്ഷൻ വിതരണം ചെയ്തു. യോഗാനന്തരം സ്ഥലം മരിയൻ ആർട്ട്സ് ക്ലബ്ബിൻെറ നവീനോപഹാരമായ "നാടിൻെറ രക്തസാക്ഷികൾ" എന്ന പ്രഹസനം വിജയകരമായി അഭിനയിക്കുകയുമുണ്ടായി.

**അമ്പഴക്കാട്ട്:** അമ്പഴക്കാട്ട് വിശുദ്ധ ത്രേസ്യയുടെ ആശ്രമത്തിൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന മരിയാസഖ്യം, സൺഡേസ്കൂൾ ഇവയുടെ സംയുക്തവാർഷികം മേയ് 19-ാം തീയതി പള്ളി അങ്കണത്തിൽ വെച്ചു് നടന്നിരിക്കുന്നു. റവ. ഫാദർ ജോർജ് ചിററിലപ്പിള്ളി സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു. ബാലികാബാലന്മാരുടെ വിവിധകലാപരിപാടികളും സമ്മേളനാനന്തരം "ഒരാൾകൂടി മനുഷ്യനായി" എന്ന നാടകാഭിനയവുമുണ്ടായിരുന്നു.

**ചങ്ങനാശേരി:** അഖിലകേരളസ്വതന്ത്രവിദ്യാർത്ഥിസംഘടനയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ മെയ് 12-ാംതീയതി മുതൽ തിരുവനന്തപുരത്തു സംഘടിപ്പിക്കപ്പെട്ട സമ്മർക്യാമ്പിൽ നടന്ന വിവിധകലാമത്സരങ്ങളിൽ ഇംഗ്ലീഷ്‌വിഭാഗം ഉപന്യാസമത്സരത്തിൽ ഇവിടത്തെ എസ്സ് ബി കോളേജ് ബി എ വിദ്യാർത്ഥിയായ ശ്രീ ജോസ് വാക്കയിൽപറമ്പിൽ, വെളിയനാട്ടു് ഒന്നാംസമ്മാനം നേടിയിരിക്കുന്നു. മത്സരത്തിൽ ഏകദേശം മുപ്പതോളം പേർ സംബന്ധിച്ചിരുന്നു.

**ചിലവന്നൂർ.** സ്ഥലത്തു് സ്ഥാപിതമായിരിക്കുന്ന ക്രൈസ്തവ സാധു സംരക്ഷണസംഘത്തിൻെറ പ്രഥമ വാർഷികം മേയ് 26-ാംതീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്കു് എളങ്കുളം സെൻറ് ജോൺസ് സ്കൂൾഹാളിൽവച്ചു് റവ. ഫാദർ മാത്യു കോതകത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. യോഗത്തിൽ മെ. ടി. ജെ. ജോബ്യ് എം. എ., പി. പോൾ മാർവെട്ടം ബി. എ ബി. എൽ. എന്നിവർ പ്രസംഗിച്ചു യോഗത്തിനിടയ്ക്കു ആലുവാ സെൻറ് സിസ്സീലിയൻ മ്യൂസിക്കൽ ആർട്ട്സിൻെറ ഗാനമേളയും യോഗാനന്തരം "മണ്ടൻ കുഞ്ഞവരാ" എന്ന ഹാസ്യനാടകവും ഉണ്ടായിരുന്നു.

**മാറിക:** സ്ഥലം ഇടവകയിലെ സൊഡാലിററിയുടേയും സൺഡേസ്കൂളിൻേറയും വാർഷികം മേയ് 19-ാംതീയതി ഞായറാഴ്ച റവ. ഫാദർ ജോർജ്ജ് ആറാഞ്ചേരിൽ ബി എ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. ശ്രീ വി കെ കയ്യൻ ബി എ ബി ററി അവർകൾ പ്രസംഗിച്ചു. യോഗാനന്തരം "സഹപാഠി" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

**തിടനാട്ട്:** സൺഡേസ്കൂൾ, മിഷൻലീഗ്, സൊഡാലിററി എന്നിവയുടെ സംയുക്തവാർഷികം മേയ് 19-ാംനു- ഞായറാഴ്ച പകൽ 3 മണിക്കു് സ്ഥലം സൺഡേസ്കൂൾ ഹാളിൽവച്ചു നടത്തപ്പെട്ടു. റവ. ഫാദർ ജോസഫ് തണ്ണിപ്പാറ എം എ അവർകൾ അദ്ധ്യക്ഷതവഹിച്ചു. ശ്രീ ഇ എം ജോസഫ് ബി എ ബി എൽ, മിഷൻലീഗ് ജനറൽ സിക്രട്ടറി എൻ എം സക്കറിയാസ് ബി എസ്സ്സി ഇവർ പ്രസംഗിച്ചു. ഇക്കൊല്ലം മിഷൻലീഗ് 1000 രൂപായോളം മിഷൻപ്രവർത്തനത്തിനുവേണ്ടി ചിലവഴിച്ചു. കുട്ടികൾക്കു സമ്മാനദാനം, കൃതജ്ഞതാപ്രകടനം ഇവയ്ക്കു ശേഷം യോഗം മംഗളമായി പര്യവസാനിച്ചു. യോഗാനന്തരം മാസ്റ്റർ തോമസ് സെബാസ്റ്റ്യൻ ആൻറു പാർട്ടിയുടെ "പ്രതികാരം" എന്ന കഥയെ ആസ്പദമാക്കിയുള്ള കഥാപ്രസംഗവും ഉണ്ടായിരുന്നു.

**ണ്ണാംപേട്ട:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ വാർഷികം മേയ് 18-ാംതീയതി ശനിയാഴ്ച റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി. കുട്ടികളുടെ കലാപരിപാടികൾക്കു ശേഷം "മാനംതെളിഞ്ഞു" എന്ന നാടകം സഖ്യാംഗങ്ങൾ തന്മയത്വത്തോടെ അഭിനയിച്ചു.

## ചരമവാർത്ത

**മണപ്പുറം:** സ്ഥലം സെൻറ് ത്രേസ്യാസ് സ്കൂളിലെ അദ്ധ്യാപകനായ ശ്രീ എൻ. എ. സേവ്യർ നടുവത്തേഴത്തു് അവർകളുടെ സഹധർമ്മിണിയായ ശ്രീമതി മേരി സേവ്യർ 18-ാമത്തെ വയസ്സിൽ ടൈഫോയിഡ്മൂലം മെയ് 17-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 18-ാം തീയതി ഉച്ചതിരിഞ്ഞു പള്ളിപ്പുറം ഫൊറോനാപ്പള്ളി സിമിത്തേരിയിൽ ശവസംസ്കാരകർമ്മം യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.

## ആററംബോമ്പുപരീക്ഷണത്തെപ്പററി പരി. പിതാവു്

ന്യൂക്ലിയർപരീക്ഷണങ്ങൾ മനുഷ്യൻെറ ആരോഗ്യത്തിൻെറനേർക്കുള്ള ഒരു ഭീഷണിയാണെന്നു പരിശുദ്ധ പിതാവു പ്രസ്താവിച്ചതിനെ ഒരു ബ്രിട്ടീഷ്ശാസ്ത്രജ്ഞനായ ലോർഡ് ചെൽവിൻ ടൈംസ് പത്രത്തിൽ വിമർശിക്കുകയുണ്ടായി. വത്തിക്കാൻപത്രമായ ഒസ്സർവത്തോരെ റൊമാനോ അതിനു മറുപടിപറഞ്ഞു: ആററമിക്ക്പരീക്ഷണങ്ങളുടെ പ്രത്യാഘാതങ്ങളിൽനിന്നും ദുരിതമനുഭവിച്ചിട്ടുള്ളവരുടെ പക്കൽനിന്നുമുള്ള തെളിവുകൾ മാർപ്പാപ്പാതിരുമേനിക്കറിയാം. പൊതുജനത്തെ ലക്ഷീകരിച്ചു് അത്തരം പരീക്ഷണങ്ങൾ അവസാനിപ്പിക്കണമെന്നു് അദ്ദേഹം വാദിക്കുന്നു.


## കൽക്കത്താ നിങ്ങളെ വിളിക്കുന്നു !

പ്രേഷിതശുശ്രൂഷാന്തിയാൽ പ്രോജ്വലിക്കുന്ന യുവത്തിടമ്പുകളെ വരുവിൻ !

ഈശോസഭയുടെ വീരസന്താനങ്ങളായി കൽക്കത്താ മിഷ്യനിൽ പ്രേഷിതവൃത്തി നടത്തുവാൻ വെമ്പൽകൊള്ളുന്ന യുവസൂനങ്ങൾക്കു് ഒരു സുവർണ്ണാവസരം.

സ്കൂൾഫൈനലെങ്കിലും പ്രശസ്തമായി ജയിച്ചിട്ടുണ്ടെങ്കിൽ, അഥവാ ഇക്കൊല്ലം ജയിക്കുമെന്നു പ്രതീക്ഷയുണ്ടെങ്കിൽ താഴെ ചേർത്തിരിക്കുന്ന വിലാസത്തിൽ ഉടൻ അപേക്ഷിക്കുക :

Very Rev. Fr. Vice-Provincial,
32 Park Street, Calcutta-13

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 MAY 29 || No. 40.

# നമ്മുടെ വിദ്യാഭ്യാസപ്രശ്നം

## IV

വിദ്യാഭ്യാസകാര്യത്തിൽ അവശ്യം പരിഗണിക്കപ്പെടേണ്ട മൗലികതത്വങ്ങളെ സംബന്ധിച്ചു മുൻലക്കങ്ങളിൽ ഞങ്ങൾ ഏതാണ്ടൊ വിശദമായി ഉപന്യസിച്ചിരുന്നുവല്ലോ. കേരളത്തിൽ പുതിയ പാർട്ടിയുടെ ഭരണത്തിൻെറ ആരംഭത്തോടുകൂടി പ്രത്യക്ഷപ്പെട്ട ചില പരിണാമസൂചനകളെ മനസ്സിൽ വച്ചുകൊണ്ടു്, അവയെ തത്വത്തിലും പ്രയോഗത്തിലും അഭിമുഖീകരിക്കേണ്ട പൊതുജനങ്ങൾ കബളിപ്പിക്കപ്പെടാതിരിക്കുന്നതിനു സഹായകമായിട്ടാണു് പ്രസ്തുത വിശദീകരണം ഞങ്ങൾ നൽകുകയുണ്ടായതു്. ഞങ്ങളുടെ പ്രതീക്ഷകൾ അസ്ഥാനത്തായിരുന്നില്ല എന്നു വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ഇതഃപര്യന്തമുള്ള പ്രസ്താവനകളും പദ്ധതികളും വിശദമാക്കുന്നുണ്ടു്. ഞങ്ങൾ അന്യത്ര ചേർത്തിട്ടുള്ള കുറിപ്പിൽ ഇവിടത്തെ പ്രൈവററു് സ്കൂൾ മാനേജരന്മാർ എടുത്തിട്ടുള്ള നിലപാടും റിപ്പോർട്ടിൽ കാത്തലിക് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻെറ യോഗനിശ്ചയങ്ങളും ചേർത്തിട്ടുണ്ടു്. വിദ്യാഭ്യാസമന്ത്രി ശ്രീ ജോസഫ് മുണ്ടശ്ശേരിയുടെ പത്രാധിപത്യത്തിൽ നടന്നിരുന്ന അദ്ദേഹത്തിൻെറ "നവജീവൻ" പത്രത്തിൽ 21-ാംനു- ചേർത്തിരുന്ന മുഖപ്രസംഗം ഞങ്ങളുടെ അഭ്യൂഹങ്ങൾക്കു ഉപോൽബലകമായ ഒരു അർദ്ധഔദ്യോഗികരേഖയായി സ്വീകരിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. മുണ്ടശ്ശേരിയുടെ സ്വകപോലകല്പിതമായ വിദ്യാഭ്യാസബില്ല് അടുത്തു കൂടുന്ന ബെഡ്ജററു് സമ്മേളനത്തിൽ ജൂൺ 7-ാം തീയതി അവതരിപ്പിക്കുമെന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. നവജീവനിലെ മുഖപ്രസംഗത്തെ വിശകലനം ചെയ്തു മേയ് 25-ാം തീയതിയിലെ ദീപിക പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗം അനുവാചകരുടെ ശ്രദ്ധയ്ക്കായി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസമന്ത്രി ശ്രീ മുണ്ടശ്ശേരിയുടെ പത്രാധിപത്യത്തിൽ അദ്ദേഹം മന്ത്രിപദം സ്വീകരിച്ച നാൾവരെ നടന്നുപോന്ന "നവജീവൻ" ദിനപ്പത്രത്തിൻെറ 21-5-57 ലെ ലക്കത്തിൽ "മൗലികാവകാശവും വിദ്യാഭ്യാസനിയമവും" എന്ന ശീർഷകത്തിൽ നാലു കോളം വരുന്ന ഒരു മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മി. മുണ്ടശ്ശേരിയുടെ ഭാഷാശൈലിയും ആശയഗതിയും വാദരീതിയും ശരിക്കനുകരിച്ചിട്ടുള്ള പ്രസ്തുത മുഖോപന്യാസം പലതുകൊണ്ടും ശ്രദ്ധേയമായ ഒന്നാണു്.

"ഏതു മന്ത്രിസഭയേയും മറിച്ചിട്ടിട്ടുള്ളതു് ഈ രാജ്യത്തെ പോലീസും വിദ്യാഭ്യാസപരിഷ്കാരവും ആണെന്നു പരക്കെ ഒരു ചൊല്ലുണ്ടു്" എന്ന പ്രസ്താവനയോടെയാണു് മുഖപ്രസംഗം ആരംഭിക്കുന്നതുതന്നെ. ഇപ്പോഴത്തെ ഗവമ്മെണ്ടിനെ മറിച്ചിടാൻ ഇവിടത്തെ പോലീസ് മേധാവികൾ ശ്രമിക്കുന്നുണ്ടെന്നു് പ്രസംഗത്തിൻെറ ഒന്നാം ഖണ്ഡികയിൽ പ്രസ്താവിച്ചുകൊണ്ടു് ബാക്കിമുഴുവനും മുണ്ടശ്ശേരി നിർമ്മിക്കുന്ന കേരളവിദ്യാഭ്യാസനിയമത്തെ നീതീകരിക്കാൻ ഉദ്യമിക്കുന്ന പ്രതിപാദനമാണു്.

ഭരണഘടനയെപ്പോലും വെല്ലുവിളിച്ചു വിദ്യാഭ്യാസരംഗത്തു് മൗലികാവകാശം കയ്യടക്കിവയ്ക്കാനാഗ്രഹിക്കുന്ന ഒരു വിഭാഗം തിരുക്കൊച്ചിയിലുണ്ടു്, സ്കൂൾമാനേജർമാക്കു് പൊതുവെ ഉള്ളതാണാ രോഗം, പക്ഷെ ആ രോഗം നിലനിറുത്താൻ കുത്തകയേററിട്ടുള്ളതു് കത്തോലിക്കാ സഭാധികൃതരാണു്, സി. പി. യെ അവർ അടിയറ വയ്പിച്ചു, പനമ്പിള്ളിയേയും അങ്ങനെതന്നെ, പക്ഷെ ഇപ്പോൾ കമ്മ്യൂണിസ്റ്റു് ഗവമ്മെണ്ടിനെയാണു് അവക്കഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നതു്, സി പിയുടെ കാലത്തു എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിൻതുണ ഇവക്കുണ്ടായിരുന്നു, കമ്മ്യൂണിസ്റ്റു് മന്ത്രിസഭയെ പേടിക്കേണ്ടതില്ല എന്നാണു് കത്തോലിക്കാ മാനേജർമാരുടെ ഭാവം, അവരുടെ പഴയ യുക്തിവാദങ്ങൾ പത്രങ്ങളിലൂടെ വന്നുകൊണ്ടിരിക്കുന്നു, പക്ഷേ ഇത്തവണ പത്രലോകത്തിൽ പഴയ കൂട്ടുകാരൊന്നും അവക്കില്ലാത്ത മട്ടാണു്. വിദ്യാഭ്യാസമന്ത്രി വിഭാവനചെയ്യുന്ന ബിൽ രാജ്യത്തിനാപത്തായിത്തീരുമെന്നു് പ്രഖ്യാപിക്കുവാൻ കോൺഗ്രസ് പക്ഷപാതികളായ പത്രങ്ങൾപോലും ഇതുവരെ മുതിർന്നിട്ടില്ല, മുതിരുമെന്നു തോന്നുന്നുമില്ല എന്നും മററുമാണു് നവജീവൻ പറയുന്നതു്. ഇങ്ങനെയുള്ള പൂർവ്വകഥാകഥനങ്ങളുടെയും പാച്ചിലുകളുടെയും നിജസ്ഥിതിയും ഗുണദോഷങ്ങളും എങ്ങനെയും ഇരിക്കട്ടെ. മുണ്ടശേരി വിഭാവനചെയ്യുന്ന വിദ്യാഭ്യാസനിയമത്തിൻെറ ഉള്ളും പൊരുളും അതിനെ സാധൂകരിക്കാൻ അദ്ദേഹം പറയുന്ന ന്യായങ്ങളും നവജീവൻ വഴി വെളിപ്പെടുന്നതിലാണല്ലോ ശ്രദ്ധ കൂടുതൽ പതിയേണ്ടതു്.

### വാദം

നവജീവൻ പറയുന്നു: "ഓരോ സമുദായത്തിനും അതാതിൻെറ സംസ്കാരവും താല്പര്യവും നിലനിത്തുന്നതിലേക്കു വിദ്യാലയങ്ങൾ തുടങ്ങി നടത്തണമെന്നുണ്ടെങ്കിൽ, അങ്ങനെയാകാം എന്നു ഭരണഘടന സമ്മതിച്ചിട്ടുണ്ടു്. പക്ഷെ ഗവർമ്മൻറിൽനിന്നു അംഗീകാരവും ധനസഹായവും ലഭിക്കണമെന്നുണ്ടെങ്കിൽ നടത്തുന്ന സ്കൂളുകൾ തികച്ചും പബ്ലിക്കു സ്കൂളുകളാകണം, ഡിനോമിനേഷൻ സ്കൂളുകളായാൽ പോരാ. പബ്ലിക്കു സ്കൂൾ എന്നു പറയുമ്പോൾ അതിൻെറ പ്രവത്തനത്തെ നിയന്ത്രിക്കുന്ന ചില പൊതുവ്യവസ്ഥകളുണ്ടാകും, ആ വ്യവസ്ഥകൾക്കു വിധേയമായേ കഴിയൂ ഏതു ഏജൻസിയും. ഈ വസ്തുത കത്തോലിക്കക്കു് അംഗീകാര്യമല്ല. സ്കൂൾ നടത്തിപ്പിൽ അവക്കു് കുറെ സ്വാതന്ത്ര്യങ്ങൾ വേണമെന്നു നിർബന്ധമുണ്ടു്. ആ സ്വാതന്ത്ര്യങ്ങൾക്കു കോട്ടം വരാത്തവിധത്തിൽ സക്കാർ പാഠക്രമങ്ങളും മററും അംഗീകരിക്കുവാൻ അവർ തയ്യാറാണു്. സക്കാർ പാഠക്രമങ്ങൾ അംഗീകരിച്ചുകഴിഞ്ഞാൽ മററു വ്യവസ്ഥകൾ അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നു നോക്കാതെ കത്തോലിക്കാ സ്കൂളുകൾക്കു അംഗീകാരവും ധനസഹായവും നൽകാൻ ഗവമ്മെണ്ടിനു കടമയുണ്ടെന്നാണു് അവരുടെ വാദം. ആ കടമ നിവ്വഹിക്കുന്നില്ലെങ്കിൽ വിദ്യാഭ്യാസരംഗത്തു് ഭരണഘടനയ്ക്കു വിരുദ്ധമായി ഗവമ്മെണ്ടു പെരുമാറുന്നു എന്നു വ്യാഖ്യാനിച്ചൊപ്പിക്കുവാനാണു അവരുടെ ശ്രമം. ഇതൊരു മാറിപ്പൻ വാദമാണു്."

അർദ്ധസത്യങ്ങൾ ഉൾക്കൊള്ളിച്ചും വസ്തുതകൾ വളച്ചും ഒടിച്ചും ഉള്ള ഒരു വിവരണമാണിതെന്നു കാര്യവിവരമുള്ളവക്കു അറിയാമല്ലോ. സക്കാരിൻെറ പാഠക്രമങ്ങൾ മാത്രമേ കത്തോലിക്കാ സ്കൂളുകൾ സ്വീകരിക്കുന്നുള്ളോ? എത്രയോ വ്യവസ്ഥകൾക്കു വിധേയമായിട്ടാണു് അവർ സ്കൂളുകൾ നടത്തുന്നതു്. നവജീവൻെറ വാദഗതിയിൽനിന്നു ഒരു സംഗതി സ്പഷ്ടമാകുന്നുണ്ടു്. ഓരോ സമുദായത്തിനും അതാതിൻെറ സംസ്കാരവും താല്പര്യവും നിലനിത്തുന്നതിലേക്കു വിദ്യാലയങ്ങൾ തുടങ്ങിനടത്താനുള്ള അവകാശം ഭരണഘടന നൽകുന്നുണ്ടെന്നും; അങ്ങനെയുള്ള സ്കൂളുകൾക്കു സക്കാരിൽനിന്നു അംഗീകാരവും ധനസഹായവും ലഭിക്കാൻ അവകാശമുണ്ടെന്നും; ഇതു രണ്ടും മൗലികാവകാശങ്ങളാണെന്നും, ഇത്രയും കാര്യങ്ങൾ മി. മുണ്ടശ്ശേരിയും മന്ത്രിസഭയും വിദ്യാഭ്യാസബില്ലിൻെറ നക്കലും അംഗീകരിക്കുന്നുണ്ടെന്നു ഞങ്ങൾ കരുതട്ടെയോ? ഇനി നോക്കേണ്ടതു ഇത്തരം സ്കൂളുകൾ അംഗീകരിക്കേണ്ട പൊതുവ്യവസ്ഥകളെപ്പററിയാണു്.

### പൊതുവ്യവസ്ഥകൾ

ഭരണഘടന നൽകുന്ന മൗലികാവകാശമനുസരിച്ചു നടത്തുന്ന പ്രൈവററു് സ്കൂളുകൾക്കു സക്കാരിൽനിന്നു അംഗീകാരവും ധനസഹായവും ലഭിക്കണമെങ്കിൽ ഇവയുടെ പ്രവത്തനത്തെ നിയന്ത്രിക്കാൻ ഗവമ്മെൻറു് ഏപ്പെടുത്തുന്ന ചില പൊതുവ്യവസ്ഥകൾക്കു ഈ സ്കൂളുകൾ വിധേയമാകണമെന്ന തത്വം കത്തോലിക്കർ അംഗീകരിക്കുന്നില്ല എന്നു നവജീവൻ പറയുന്നതു പരമാത്ഥമല്ല; ഇന്നു നടപ്പിലിരിക്കുന്ന അവസ്ഥ തന്നെ നവജീവൻെറ ഈ വാദത്തിനെതിരാണു്.

രാഷ്ട്രത്തിലെ വിദ്യാഭ്യാസരംഗത്തു ഗവമ്മെൻറിനുള്ള ചുമതലയും അവകാശവും കത്തോലിക്കർ നിഷേധിക്കുന്നില്ല. അതുകൊണ്ടു് സ്കൂളുകളുടെ നടത്തിപ്പിൽ ചില വ്യവസ്ഥകൾ നിർണ്ണയിക്കാൻ ഗവർമ്മെൻറിനു് അധികാരവുമുണ്ടെന്നു അവർ സമ്മതിക്കുന്നു. എങ്കിലും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതി, ഇതിനെപ്പററി ചിന്തിക്കുമ്പോൾ, വിദ്യാഭ്യാസമന്ത്രിയും കമ്മ്യൂണിസ്റ്റുമന്ത്രിസഭയും നവജീവനും വിസ്മരിക്കരുതു്. പ്രൈവററു്സ്കൂളുകൾ നടത്തുകയെന്നതു ഒരു മൗലികാവകാശമായി ഭരണഘടന നൽകിയപ്പോൾ, ഗവമ്മെൻറു് നിശ്ചയിക്കുന്ന എല്ലാവിധ വ്യവസ്ഥകൾക്കും വിധേയമായിട്ടേ പ്രസ്തുത അവകാശത്തിനു പ്രാബല്യമുള്ളുവെന്നു ഭരണഘടന പറയുന്നില്ല. അതുകൊണ്ടു് വിധേയമാകേണ്ട ന്യായമില്ലെന്നു ഞങ്ങൾ വാദിക്കുന്നതായി തെററിദ്ധരിക്കരുതു്. മൗലികാവകാശത്തെ ഇല്ലായ്മചെയ്യുകയോ പരാജയപ്പെടുത്തുകയോ ചെയ്യുന്ന വ്യവസ്ഥകൾ ഗവർമ്മെൻറിനു ഏപ്പെടുത്തുവാൻ പാടില്ല എന്നേ ഞങ്ങൾ പറയുന്നുള്ളു. ഭരണഘടന നൽകുന്ന മൗലികാവകാശമെന്താണു്? നവജീവൻെറ വാക്കുകളിൽത്തന്നെ പറയാം. ഓരോ സമുദായത്തിനും അതാതിൻെറ സംസ്കാരവും താല്പര്യവും നിലനിത്തുന്നതിലേക്കു വിദ്യാലയങ്ങൾ തുടങ്ങി നടത്താം എന്നതാണു്. അതുകൊണ്ടു് അതാതു സമുദായത്തിൻെറ സംസ്കാരവും താല്പര്യവും നിലനിർത്തുന്നതിനു ഭംഗമായിത്തീരുന്ന വ്യവസ്ഥകൾക്കു് ഈ സ്കൂളുകളെ വിധേയമാക്കാൻ ഗവമ്മെൻറിനു ഭരണഘടനയനുസരിച്ചു് അവകാശവും അധികാരവുമില്ല. നിയമങ്ങളെ വ്യാഖ്യാനിക്കുവാൻ അംഗീകൃതങ്ങളായ ചില തത്വങ്ങളും റൂളുകളുമുണ്ടു് (Interpretation of Statutes) അതു വെച്ചു നോക്കുമ്പോൾ, മൗലികാവകാശത്തിനു വിധേയമായ പൊതുവ്യവസ്ഥകൾമാത്രമേ സ്കൂൾഭരണത്തിൽ ഗവമ്മെൻറിനുണ്ടാക്കാൻ അധികാരമുള്ളുവെന്നു് കാണാൻകഴിയും. സംസ്കാരത്തേയും താല്പര്യത്തേയും നിലനിത്തുവാൻ വിഘാതമായിത്തീരുന്നതാണോ ഗവമ്മെൻറിൻെറ ഒരു വ്യവസ്ഥ എന്നതു്, ഒരു വിശദാംശമാണു്, പലപ്പോഴും തക്കവിഷയമായിത്തീന്നേക്കാവുന്നതാണു്. പക്ഷെ വിഘാതമായിത്തീരുന്ന വ്യവസ്ഥകൾ ഗവമ്മെൻറിനു് നിർമ്മിക്കാൻ പാടില്ല എന്നതു് മൗലികമായ ഒരു നൈയ്യാമികപ്രമാണമാണു്.

മുഖപ്രസംഗത്തിൽ നവജീവൻ, കമ്മ്യൂണിസ്റ്റു പാർട്ടിക്കു വേണ്ടി, നൽകുന്ന ഒരുറപ്പിനു് എന്തു വിലകല്പിക്കാമെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. "കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഗവർമ്മെൻറു് വിദ്യാഭ്യാസരംഗത്തുനിന്നും പ്രൈവററു് ഏജൻസികളെ തുടച്ചുമാററുവാൻ നോമ്പിട്ടിട്ടില്ല. അത്രയും ചെയ്യാൻ ഉറച്ചിട്ടുണ്ടെങ്കിലേ മൗലികാവകാശത്തിന്മേൽ കടന്നുപിടിച്ച ഗവമ്മെൻറന്നു പറയാൻ പാടുള്ളൂ" എന്നത്രെ നവജീവൻ പറയുന്നതു്. കുളംതോണ്ടി കുററി മറിച്ചിടാമെങ്കിൽ കുററിയിൽ നേരിട്ടു ബലംപ്രയോഗിക്കേണ്ടതില്ലല്ലോ എന്നായിരിക്കാം നവജീവൻേറയും മി. മുണ്ടശ്ശേരിയുടേയും പോരു്. പ്രൈവററു് ഏജൻസികൾ വിദ്യാലയങ്ങൾ നടത്തുന്നതിൻെറ പ്രധാനോദ്ദേശ്യം അവരുടെ സംസ്കാരവും താല്പര്യവും നിലനിത്തുകയെന്നതാണു്. അതസാദ്ധ്യമായിത്തീരത്തക്ക വ്യവസ്ഥകൾ സ്കൂളിൻെറ നടത്തിപ്പിൽ ഗവമ്മെൻറു് ഏപ്പെടുത്തിയാൽ പ്രൈവററു് ഏജൻസികൾ താനേ വിട്ടുപൊയ്ക്കൊള്ളുമെന്നായിരിക്കാം പ്ലാൻ. ഇതു മൗലികാവകാശത്തിൻെറനേക്കുള്ള ആക്രമണമല്ലെന്നാണോ നവജീവൻെറ വാദം? ദുസ്സാമത്ഥ്യം കാണിക്കുന്നതിനേക്കാൾ ദുസ്സഹം, കാണിക്കുന്ന ദുസ്സാമത്ഥ്യം കാണാൻ ശക്തിയില്ലാത്ത പട്ടവിഡ്ഢികളാണു് മററുള്ളവർ എന്നു വിചാരിച്ചു് അവരെ കളിപ്പിക്കുന്ന സമ്പ്രദായമാണു്.



വെരി റവ. മോൺ. വർഗ്ഗീസ് പുതുശ്ശേരി എം. എ.

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ സെക്രട്ടറിയും അതിരൂപതയുടെ ചാൻസലറുമായി കാൽശതാബ്ദത്തിലധികം കാലം പ്രശസ്തമായ സേവനം നിർവ്വഹിച്ച വെരി റവ. മോൺ. വർഗ്ഗീസ് പുതുശ്ശേരി എം. എ. അവർകൾ തൽസ്ഥാനങ്ങളിൽനിന്നും വിരമിച്ചു് ചെങ്ങൽമാത്തിൻെറ കപ്ലോനായി മേയ് 21-ാം തീയതി ചാർജെടുത്തിരിക്കുന്നു. 1928-ൽ പൗരോഹിത്യം സ്വീകരിച്ചതിനുശേഷം കുറെക്കാലം വേദപ്രചാരപരമായ പ്രവത്തനങ്ങളിൽ അദ്ദേഹം ഏപ്പെട്ടിരുന്നു. എന്നാൽ അതിരൂപതാദ്ധ്യക്ഷൻ അദ്ദേഹത്തെ തിരുമനസ്സിലെ പ്രൈവററു് സിക്രട്ടറിയായി താമസംവിനാ നിയമിക്കുകയാണുണ്ടായതു്. കാലംചെയ്ത മെത്രാപ്പോലീത്താ തിരുമനസ്സിലെ വലംകൈയായിനിന്നു തിരുമേനിയുടെ ശ്രേയസ്കരമായ രൂപതാഭരണത്തിൽ അദ്ദേഹം അവസാനംവരെ സഹകരിച്ചു പരിശ്രമിച്ചു. ഇപ്പോഴത്തെ മെത്രാപ്പോലീത്താ തിരുമേനിക്കും ഇതുവരെയുള്ള അദ്ദേഹത്തിൻെറ പരിപക്വമായ സേവനം വളരെയധികം ഉപകാരപ്രദമായിരുന്നു എന്നുള്ളതും നിസ്സംശയമാണു്. വിനയാന്വിതനും, സേവനതൃഷ്ണനും, നിസ്വാത്ഥമതിയുമായ അദ്ദേഹം തൻെറ എല്ലാ ചുമതലകളും ഏററവും കൃത്യനിഷ്ഠമായും അനാർഭാടമായും ചെയ്തുതീത്തിരുന്നു. അതിരൂപതയ്ക്കും അതുവഴി കത്തോലിക്കാസഭയ്ക്കും വേണ്ടി അദ്ദേഹം നിവ്വഹിച്ച മഹത്തായ സേവനത്തിൻെറ അംഗീകാരമായിട്ടാണു് 1952-ൽ പരിശുദ്ധസിംഹാസനം അദ്ദേഹത്തെ "പേപ്പൽ ചെംബർലെയിൻ" എന്ന മഹനീയമായ സ്ഥാനത്തേക്കുയത്തിയതു്. അദ്ദേഹം സത്യദീപത്തിനുവേണ്ടി ചെയ്തിട്ടുള്ള ബഹുമുഖങ്ങളായ നിസ്തുലസേവനങ്ങളെ ഇത്തരുണത്തിൽ അനുസ്മരിക്കുന്നതിനല്ലാതെ അവയെ വിവരിക്കുന്നതിനു ഞങ്ങൾ കരുതുന്നില്ല; പിതൃനിവ്വിശേഷമായ ഈ പരിചരണം മേലിലും അഭ്യർത്ഥിക്കുകമാത്രം ചെയ്തുകൊള്ളുന്നു. പുതിയ പ്രവത്തനരംഗത്തിൽ മോൺസിഞ്ഞോർ അവർകൾക്കു സർവ്വവിധവിജയങ്ങളും ഞങ്ങൾ പ്രശ്രയപൂർവ്വം നേന്നുകൊള്ളുന്നു.

## പ്രസാധകക്കുറിപ്പുകൾ

### മാനേജരന്മാരുടെ തീരുമാനം

കേരളത്തിലെ വിദ്യാഭ്യാസരംഗത്തു പുതിയ ഭരണകൂടം വരുത്തുവാനുദ്ദേശിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതും വിദ്യാഭ്യാസമന്ത്രിയുടേയും മററും പ്രസ്താവനകളിൽനിന്നു മനസ്സിലാക്കുന്നവയുമായ പരിഷ്കാരങ്ങളെപ്പററി ആലോചിക്കുന്നതിനായി കേരള പ്രൈവററു്സ്കൂൾ മാനേജേഴ്സ് അസോസിയേഷൻെറ ഒരു യോഗം മേയ് 22-ാംനു- ഉച്ചകഴിഞ്ഞു് ഒന്നരമണിക്കു് പ്രസിഡൻറു് വി. ഒ. എബ്രഹാം ബി. എ. ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽ കോട്ടയം സെൻറു് ആൻസ് സ്കൂൾഹാളിൽ കൂടുകയുണ്ടായി. എല്ലാ വിഭാഗങ്ങളിലുംപെട്ട മാനേജുമെൻറുകളുടെ പ്രതിനിധികൾ ഹാജരായിരുന്നു. കോട്ടയം ട്രെയിനിംഗുസ്കൂളിൽവച്ചു് മേയ് 16-ാം തീയതി നടത്തപ്പെട്ട യോഗത്തിലെ മന്ത്രിയുടെ പ്രസ്താവനയേയും അതിൽ പ്രത്യേകം പരിഗണനാർഹമായ കാര്യങ്ങളേയുംപററിയുള്ള പ്രസിഡണ്ടിൻെറ വിശദീകരണത്തെ തുടന്നു അഭിപ്രായപ്രകടനങ്ങളും ചച്ചകളും ആരംഭിച്ചു. സുദീർഘവും കാര്യക്ഷമവുമായ വിചിന്തനങ്ങൾക്കുശേഷം യോഗം ഏകകണ്ഠമായി അംഗീകരിച്ച പ്രമേയങ്ങൾ ഇവയാണു്:-

#### പ്രമേയങ്ങൾ

1, വിദ്യാലയങ്ങൾ ദേശവല്ക്ക

രിക്കണമെന്നുള്ള അഭിപ്രായഗതിയെ ഈ യോഗം ശക്തിമത്തായി പ്രതിഷേധിക്കുന്നു.

2. വിദ്യാഭ്യാസവിഷയകമായി ഏതെങ്കിലും ബില്‍ തയാറാക്കുന്നെങ്കില്‍ അതുസംബന്ധിച്ചു് മതിയായ തോതില്‍ പൊതുജനാഭിപ്രായം ആരായേണ്ടതാണെന്നും, അങ്ങനെ പൊതുജനാഭിപ്രായം ആരാഞ്ഞശേഷം കരടുബില്‍ തയാറാക്കി പ്രസിദ്ധപ്പെടുത്തിയശേഷമേ നിയമനിര്‍മ്മാണസംരംഭങ്ങളില്‍ ഏര്‍പ്പെടാവൂ എന്നും ഈ യോഗം കേരളാഗവമെന്‍റിനോടു ആവശ്യപ്പെടുന്നു.

3. ജനങ്ങളുടെ അഭിപ്രായം ആരായാതെ ഭാവിതലമുറയെ ബാധിക്കുന്ന വിദ്യാഭ്യാസരീതിയുടെ ഉള്ളടക്കത്തില്‍ മാററംവരുത്തി കമ്മ്യൂണിസ്റ്റാദര്‍ശം യുവതലമുറയില്‍ കുത്തിവയ്ക്കുന്നതിനു ഗവര്‍മ്മെന്‍റു കാണിക്കുന്ന വ്യഗ്രതയെ ഈ യോഗം ഗൗരവപൂര്‍വ്വം വീക്ഷിക്കുകയും, ആവക സംരംഭങ്ങളില്‍നിന്നും പിന്‍വാങ്ങണമെന്നു ഗവര്‍മ്മെന്‍റിനെ ഉല്‍ബോധിപ്പിക്കുകയും ചെയ്യുന്നു.

4. വിദ്യാഭ്യാസരംഗത്തു ഡിസ്ട്രിക്ടു് അടിസ്ഥാനത്തില്‍ ജനകീയബോര്‍ഡുകള്‍ സൃഷ്ടിക്കുന്നതു വിദ്യാലയഭരണവിഷയത്തില്‍ പല കുഴപ്പങ്ങള്‍ക്കും ക്രമക്കേടുകള്‍ക്കും ഇടയാക്കുമെന്നു ഉത്തമബോദ്ധ്യമുള്ളതിനാല്‍ ജനകീയബോര്‍ഡ് സൃഷ്ടിപോലെയുള്ള സംരംഭങ്ങളെ സര്‍വ്വശക്തിയോടുംകൂടി പ്രതിഷേധിക്കുന്നു.

5. വിദ്യാഭ്യാസവിഷയകമായ പദ്ധതികള്‍ അഖിലേന്ത്യാപദ്ധതിക്കു അനുഗുണമായിരിക്കേണ്ടതാണെന്നു ഈ യോഗം അഭിപ്രായപ്പെടുകയും കേരളഗവമെന്‍റിന്‍റെ വിദ്യാഭ്യാസപരിഷ്കാരസംരംഭങ്ങളെപ്പററി പ്രത്യേകം ശ്രദ്ധിക്കണമെന്നു കേന്ദ്രഗവര്‍മ്മെന്‍റിനോടഭ്യര്‍ത്ഥിക്കുകയും ചെയ്യുന്നു.

6. ഈ രാജ്യത്തെ മഹാഭൂരിപക്ഷം ജനങ്ങളുടേയും ഹിതത്തിനുവിരുദ്ധമായി കേരളാഗവര്‍മ്മെന്‍റു് അവലംബിച്ചേക്കാവുന്ന ഏതൊരു നടപടിയേയും അങ്ങേയററംവരെ ചെറുക്കുന്നതിനും മന്ത്രിമാരുമായി ഈ കാര്യങ്ങളെപ്പററി ചര്‍ച്ചചെയ്യുന്നതിനും അപ്പോഴപ്പോള്‍ ഉചിതമായ നടപടികള്‍ സ്വീകരിക്കുന്നതിനും താഴെ പറയുന്നവരെ ഒരു കമ്മിററിയായി നിയോഗിച്ചിരിക്കുന്നു.

അംഗങ്ങള്‍

1. ശ്രീ വി. ഒ. ഏബ്രാഹം (അസോസിയേഷന്‍ പ്രസിഡന്‍റു്) 2. ശ്രീ എന്‍. വാസുദേവന്‍പിള്ള (വൈസ്പ്രസിഡന്‍റു്. ജനറല്‍മാനേജര്‍ എന്‍. എസ്. എസ്. സ്കൂള്‍സ്) 3. റവ. ഫാദര്‍ ജേക്കബ്ബ് മണ്ണനാല്‍ (ജന: സിക്രട്ടറി) 4. ശ്രീ ഡി. ഹരി (ജോയിന്‍റു് സെക്രട്ടറി—എറണാകുളം) 5. റവ. ഡോക്ടര്‍ എല്‍. ജെ. ചിററൂര്‍ 6. തമ്പി ഹാരിസ് (സി. എസ്. ഐ. തിരുവനന്തപുരം) 7. എന്‍. പത്മനാഭപിള്ള (എന്‍. എസ്. എസ്. ഡയറക്ടര്‍ ബോര്‍ഡ് അംഗം) 8. എസ്. കെ. രാഘവന്‍ (നെടുമങ്ങാടു്) 9. റൈററു് റവ. മോണ്‍: സി. ററി. കുരുവിള (തിരുവനന്തപുരം) 10. മി. എന്‍. നൈനാന്‍ (കോട്ടയം) 11. സി. ററി. ചെറിയാന്‍ (തിരുവല്ല—മാര്‍ത്തോമ്മാസ്കൂള്‍സ്) 12. റവ. ഫാദര്‍ പോള്‍ കുന്നങ്കല്‍ എസ്. ജെ. (ലിയോ തര്‍ട്ടീന്ത്—ആലപ്പുഴ)

7. 1956-57 വിദ്യാലയവര്‍ഷത്തില്‍ ട്രെയിന്‍ഡ് അദ്ധ്യാപകരുടെ അഭാവത്തില്‍ സ്കൂളുകളില്‍ നിയമിക്കുവാനിടയായ ബി എ. ബിരുദധാരികളെ കഴിയുംവേഗം ട്രെയിനിംഗ് നടത്തണമെന്നുള്ള വ്യവസ്ഥയില്‍ സര്‍വ്വീസില്‍ തുടര്‍ന്നുകൊണ്ടുപോകുവാന്‍ അനുവദിക്കണമെന്നു ഈ യോഗം ഗവര്‍മ്മെന്‍റിനോടു അഭ്യര്‍ത്ഥിക്കുന്നു.

8. വിദ്യാഭ്യാസകാര്യസംബന്ധമായി നേരിടേണ്ടിവന്നിരിക്കുന്ന ഗുരുതരമായ സ്ഥിതിഗതികള്‍ പ്രസ്കോണ്‍ഫറന്‍സും പ്രസിദ്ധീകരണങ്ങളുംവഴി പൊതുജനങ്ങളെ യഥാകാലം ധരിപ്പിക്കേണ്ടതാണെന്നു തീരുമാനിക്കുന്നു.

അസോസിയേഷന്‍റെ ഈ തീരുമാനങ്ങള്‍ എത്ര മാത്രം മിതവും, അത്യാവശ്യമായതും ഒഴിച്ചുകൂട്ടുവാന്‍ പാടില്ലാത്തതുമായ മാനേജുമെന്‍റുകളുടെ അവകാശങ്ങളേയും വിദ്യാഭ്യാസത്തിന്‍റെ സുഗമമായ നടത്തിപ്പിനേയുംമാത്രം ലക്ഷീകരിച്ചുള്ളതുമാണെന്നും സ്പഷ്ടമാണല്ലോ. ഇവിടത്തെ വിദ്യാഭ്യാസരംഗത്തെ കൂടുതല്‍ കാര്യക്ഷമവും രാജ്യത്തിനും പൗരാവലിക്കും ഉപകാരപ്രദവുമാക്കണമെന്നാണു് ഒരു വിദ്യാഭ്യാസപ്രവര്‍ത്തന വിദഗ്ദ്ധനെന്നറിയപ്പെടുന്ന മന്ത്രി അവര്‍കളുടെ ലക്ഷ്യമെങ്കില്‍ ആ രംഗത്തു നിസ്വാര്‍ത്ഥവും അനര്‍ഘവുമായ സേവനമനുഷ്ഠിച്ചിട്ടുള്ളവരും അനുഷ്ഠിച്ചുപോരുന്നവരുമായ മാനേജുമെന്‍റുകളുമായി സഹകരിച്ചു് മാന്യമായി പുരോഗമിക്കുകയാണുവേണ്ടതു്. ഇവിടെ വിദ്യാഭ്യാസരംഗത്തു നടക്കുന്ന ഏതൊരു അഴിമതിയെ എതിര്‍ക്കുന്നതിനും കുറവിനെ പരിഹരിക്കുന്നതിനും പുരോഗതിയെ സഹായിക്കുന്നതിനും ഇവിടത്തെ മാനേജുമെന്‍റുകള്‍ ഒട്ടും അലംഭാവം പ്രദര്‍ശിപ്പിക്കുകയില്ല എന്നുള്ളതു തീര്‍ച്ചയാണു്. രാജ്യത്തേയും സമുദായത്തേയും സേവിക്കുന്നതിനു നിരവധി ത്യാഗങ്ങള്‍ സഹിച്ചുപോരുന്ന അവരെ പുച്ഛിക്കുന്നതിനും ഒററപ്പെടുത്തുന്നതിനുമുള്ള ശ്രമം ഉത്തരവാദപ്പെട്ട ആര്‍ക്കും ഭൂഷണമല്ല. അതു വിപ്ലവസൃഷ്ടിക്കുള്ള ഒരു കളമൊരുക്കല്‍മാത്രമായിട്ടേ സൂക്ഷ്മദൃക്കുകള്‍ക്കു കാണുവാന്‍ സാധിക്കുകയുള്ളു. വിദ്യാഭ്യാസം വിജയകരമായി പുരോഗമിക്കണമെങ്കില്‍ മറെറതൊരു തുറയിലുമെന്നതില്‍ കൂടുതലായ സഹകരണം മാതാപിതാക്കന്മാരും മതസ്ഥാപനങ്ങളും ഗവര്‍മ്മെന്‍റും അദ്ധ്യാപകന്മാരും തമ്മിലുണ്ടാകണം. ഇതിനു് എല്ലാവിഭാഗങ്ങളും തയാറില്ലെങ്കില്‍ നമ്മുടെ ഭാവി ഇരുളടഞ്ഞതാകാതെ തരമില്ല. ഗുരുതരമായ ഈ കര്‍ത്തവ്യത്തില്‍ എല്ലാ ഘടകങ്ങളും ഉത്തരവാദിത്വബോധത്തോടുകൂടി പ്രവര്‍ത്തിക്കേണ്ടതാണെന്നു ശക്തിയുക്തം എല്ലാവരേയും ഉല്‍ബോധിപ്പിച്ചുകൊള്ളുന്നു.

## അടുത്തയാഴ്ചയില്‍

മേയ്

30 വ്യാ: കര്‍ത്താവിന്‍റെ സ്വര്‍ഗ്ഗാരോഹണം

31 വെ: വി. ആഞ്ചലാമെരിച്ചി

ജൂണ്‍

1 ശ: വി. ജെന്നാന്തിസ്

2 ഞാ: സ്വര്‍ഗ്ഗാരോഹണം ഇടഞായര്‍

3 തി: വി. മാര്‍സലീനോസും കൂട്ടരും

4 ചൊ: വി. ഫ്റാന്‍സിസ്കോസ് കരാക്കിയോള്‍

5 ബു: വി. ബൊനിഫാസിയോസ്

(10-ാംപേജ് തുടര്‍ച്ച)

സമ്പാദിച്ചിട്ടുണ്ടു്. നിങ്ങളുടെ കീഴില്‍ ജോലിചെയ്യുന്ന യാതൊരറിവുമില്ലാത്ത ഒരുത്തനോടു് നിങ്ങള്‍ പറയുന്ന കാര്യങ്ങള്‍ അയാള്‍ കണ്ണുമടച്ചു വിശ്വസിക്കുന്നു. ഉദാഹരണമായി തെങ്ങുപോലെ ഉയരമുള്ള മരങ്ങള്‍ മണ്ണില്‍നിന്നു് തലമുടികള്‍പോലെ നേരിയ ... ലാമങ്ങള്‍വഴിയായി ജലവും ... പോഷകാംശങ്ങളും വലിച്ചെടുത്തു് അതു ഇലകളില്‍ കൊണ്ടുവന്നു് അവയില്‍വച്ചു് സൂര്യപ്രകാശത്തിന്‍റെ ശക്തിയാല്‍ ഭക്ഷണം പാകംചെയ്തു ജീവിക്കുന്നുവെന്നു പറഞ്ഞാല്‍ നിങ്ങളുടെ ജോലിക്കാര്‍ അതു വിശ്വസിക്കുന്നു നിങ്ങള്‍ അറിവുള്ളവനാണു്, ആരേയും വഞ്ചിക്കുകയില്ല എന്നുള്ള വിശ്വാസംകൊണ്ടല്ലേ അവര്‍ അങ്ങനെ വിശ്വസിക്കുന്നതു ?

"അതുപോലെതന്നെ നമുക്കു നമ്മുടെ ബുദ്ധിക്കതീതമായ ഒരു സംഗതി വിശ്വസിക്കാവുന്ന ഒരാള്‍ പറയുന്നതുകൊണ്ടു് അംഗീകരിക്കാം. ഇതാണു് വിശ്വാസം. ഉദാഹരണമായി യേശുക്രിസ്തു ഭൂമിയില്‍ ജീവിച്ചിരുന്നപ്പോള്‍ അവിടുത്തെ വാക്കുകളും അത്ഭുതപ്രവൃത്തികളുംകൊണ്ടു്, പ്രത്യേകിച്ചു് മരണശേഷമുള്ള അവിടുത്തെ ഉയിര്‍പ്പുകൊണ്ടു് അവിടുന്നു ദൈവമാണെന്നു തെളിയിച്ചു അവിടുന്നു വഞ്ചിക്കുവാനും വഞ്ചിക്കപ്പെടുവാനും വഹിയാത്ത ദൈവമായതുകൊണ്ടു് അവിടുത്തെ വാക്കുകളെല്ലാം ഞങ്ങള്‍ അക്ഷരംപ്രതി വിശ്വസിക്കുന്നു."

ഇത്രയുമായപ്പോള്‍ നമ്മുടെ രോഗി സംസാരത്തില്‍നിന്നും വിരമിച്ചു് ചിന്താഗ്രസ്തനായി കാണപ്പെട്ടു. അതിനുശേഷം എണീററു് സാവധാനം മുറിയിലേക്കുപോയി. അന്നു വൈകുന്നേരം അയാള്‍ നേഴ്സുമാരുടെ മേട്രനോടു പറഞ്ഞു: "ഞാന്‍ അനേകവര്‍ഷമായി കേട്ടിട്ടില്ലാത്ത ഒരു കാര്യം ഇന്നു അച്ചന്‍ എന്നോടു പറഞ്ഞു. നമുക്കു മനസ്സിലാക്കുവാന്‍ കഴിയാത്ത ഒരു സത്യം അറിവുള്ളവനും വിശ്വസ്തനുമായ ഒരാള്‍ പറയുന്നതുകൊണ്ടു് അംഗീകരിക്കുന്നതാണു് വിശ്വാസം. ഇതെനിക്കു നൂതനമായിത്തോന്നുന്നു. ഇതിനെപ്പററി ഞാന്‍ ചിന്തിക്കട്ടെ."

ആറേഴുമാസത്തിനുശേഷം സ്വദേശത്തേക്കു മടങ്ങിപ്പോയ "രോഗി" വൈദികനു ഇപ്രകാരം എഴുതി: "അച്ചാ, ദൈവത്തില്‍ വിശ്വസിക്കുവാന്‍ ഞാന്‍ തീര്‍ച്ചയാക്കി കഴിഞ്ഞു."


## നിത്യസഹായ മാതാവിന്‍റെ നിത്യനൊവേന

### സെന്‍റ് ജോര്‍ജ്ജ്സ് കത്തീഡ്രല്‍

കോതമംഗലം

1957 മേയ് 29, 30, 31, ജൂണ്‍ 1 ഈ തീയതികളില്‍ പ്രത്യേക ത്രിദിനാഘോഷങ്ങളും പ്രസംഗങ്ങളും.

മേയ് 29-ാംനു- ബുധന്‍ ഉച്ചകഴിഞ്ഞു് 5 മണിക്കു് പ്രസംഗം, പ്രാര്‍ത്ഥന. 30-ാംതീയതി വ്യാഴാഴ്ച രാവിലെ 7 മണിക്കു് പ്രസംഗം, പ്രാര്‍ത്ഥന. 31-ാംതീയതി വെള്ളിയാഴ്ച രാവിലെ 7 മണിക്കു് പ്രസംഗം, പ്രാര്‍ത്ഥന. ജൂണ്‍ 1-ാം തീയതി ശനിയാഴ്ച നിത്യനൊവേന ആരംഭിക്കുന്നു.

രാവിലെ 7 മണിക്കു് നൊവേന കര്‍ബാന, പ്രാര്‍ത്ഥനകള്‍.

വൈകുന്നേരം 5 മണിക്കു് നൊവേന ഭക്തകൃത്യങ്ങള്‍.

ഈ ദിവസങ്ങളില്‍ റവ. ഫാദര്‍ മാക്ഗാഹി സി. എസ്സ്. എസ്സ്.ആര്‍. (റെഡംപ്റററിസ്റ്റ്) ആയിരിക്കും പ്രസംഗിക്കുന്നതു്.

N. B. 1) അനുഗ്രഹങ്ങള്‍ ലഭിക്കുന്നതിനുള്ള അപേക്ഷകളും ലഭിച്ച അനുഗ്രഹങ്ങള്‍ക്കുള്ള ഉപകാരസ്മരണകളും ദയവായി എഴുതി അറിയിക്കുവിന്‍. 2) നൊവേനയില്‍ സംബന്ധിക്കുന്നതിനു് സ്നേഹിതരെയും ക്ഷണിക്കുക. 3) എല്ലാ ശനിയാഴ്ചയും നൊവേന ഉണ്ടായിരിക്കും.

വികാരി


# വിവിധവൃത്താന്തങ്ങള്‍

## സ്വര്‍ഗ്ഗീയമദ്ധ്യസ്ഥന്മാര്‍

പന്ത്രണ്ടാംപീയൂസ് മാര്‍പ്പാപ്പാ അവിടുത്തെ ഭരണത്തില്‍ പല അവസരങ്ങളിലായി സ്വര്‍ഗ്ഗീയമദ്ധ്യസ്ഥന്മാരെ നിശ്ചയിച്ചുറപ്പിക്കുന്ന 151 തിരുവെഴുത്തുകള്‍ പുറപ്പെടുവിച്ചിട്ടുണ്ടു്. രാജ്യങ്ങള്‍ക്കും രൂപതകള്‍ക്കും, നഗരങ്ങള്‍ക്കും, പ്രവര്‍ത്തനപ്രസ്ഥാനങ്ങള്‍ക്കും, ജീവിതസ്ഥിതികള്‍ക്കും ഉള്ള മദ്ധ്യസ്ഥന്മാര്‍ ഇതില്‍ പെടുന്നു. 83 സംഘടനകളുടെ മദ്ധ്യസ്ഥ പരിശുദ്ധകന്യകമറിയമാണു്. മറിയത്തിന്‍റെ സംരക്ഷണയില്‍ വ്യോമയാനസംഘടനകളും, സൈക്കിള്‍, മോട്ടോര്‍സൈക്കിള്‍ മുതലായവ ഉപയോഗിക്കുന്നവരുടെ സംഘടനകളും, സൈനികസംഘടനകളും മററും ഇററലിയില്‍തന്നെ പലതുണ്ടു്. നിരക്ഷരന്മാരുടെ വിദ്യാഭ്യാസമദ്ധ്യസ്ഥനാണു് വിശുദ്ധ ജോസഫ് കലസാന്‍സിയോ; അഭയാര്‍ത്ഥികളുടേതു് വിശുദ്ധ ഫ്റാന്‍സിസ് സേവ്യര്‍ കബ്രീനിയാണു്; തപാല്‍ജോലിക്കാരുടെ മദ്ധ്യസ്ഥന്‍ മുഖ്യദൈവദൂതനായ വിശുദ്ധ ഗബ്രിയേലാണു്; വേലക്കാരുടെ മദ്ധ്യസ്ഥ വിശുദ്ധ റീത്താ, ഇങ്ങനെ പോകുന്നു പട്ടിക. ഓരോ വിശുദ്ധനേയും ഒരു പ്രത്യേക മദ്ധ്യസ്ഥനായി നിയമിക്കുന്ന തിരുവെഴുത്തില്‍ സാധാരണയായി ആ വിശുദ്ധന്‍റെ ജീവിതവും, അനുഭവങ്ങളും, ആദര്‍ശങ്ങളും വിശദീകരിക്കപ്പെടുകയും ആ മദ്ധ്യസ്ഥനെ മാതൃകയായി അനുകരിക്കുന്നതിനു ഉല്‍ബോധിപ്പിക്കപ്പെടുകയും ചെയ്യും. ആദ്ധ്യാത്മികജീവിതത്തിനു വലിയൊരുത്തേജനമാണു് ഇതുമൂലം ലഭിക്കുക.

## കത്തീഡ്റല്‍ കമ്മ്യൂണിസ്റ്റുകള്‍ നശിപ്പിക്കുന്നു

യുഗോസ്ലാവിയായില്‍ സ്കോപ്പ്ജിയിലെ സേക്രഡ് ഹാര്‍ട്ട്സ് കത്തീഡ്റല്‍ ഗവമ്മേണ്ടധികാരികള്‍ കൈയടക്കി അവിടെ ഒരു ഗവമ്മേണ്ടുമന്ദിരം പണിയുന്നതിനായി പൊളിച്ചു നശിപ്പിക്കുന്നു എന്നു അവിടത്തെ കെക്കാഡാ മെത്രാന്‍ അറിയിച്ചിരിക്കുന്നു. ചരിത്രപ്രസിദ്ധമായ ഈ കത്തീഡ്രല്‍ നശിപ്പിക്കാതിരിക്കാന്‍ ഇനി മാര്‍ഗ്ഗമൊന്നുമില്ലെന്നും അതിനു പകരം നഗരത്തിനു വെളിയില്‍ വേറൊന്നു പണിയുകയേ നിവൃത്തിയുള്ളു എന്നും അദ്ദേഹം പ്രസ്താവിച്ചു.

## കൊച്ചുത്രേസ്യായുടെ പിതാവു് സിദ്ധപദത്തിലേക്കു്

ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യായുടെ പിതാവു് ലൂയി മാര്‍ട്ടിനെ ഒരു സിദ്ധനെന്നു പേരുവിളിക്കുന്നതിനുള്ള രൂപതാനടപടികള്‍ ബെയ്യൂായിലെ മെത്രാനായ ജക്വെമിന്‍ തിരുമനസ്സുകൊണ്ടു സമാരംഭിച്ചിരിക്കുന്നു. ക്രിസ്തീയദാമ്പത്യജീവിതത്തിന്‍റെ മാതൃകാമകുടമായി ജീവിച്ച മാര്‍ട്ടിന്‍ദമ്പതിമാരെ പേരു വിളിക്കുന്നതിനുള്ള നടപടികള്‍ സമാരംഭിക്കണമെന്നു വൈദികാധികാരികളെ നിര്‍ബന്ധിക്കുന്ന അപേക്ഷകള്‍ ലിസ്യൂവിലേക്കു പ്രവഹിക്കുവാന്‍ തുടങ്ങിയിട്ടു കാലം കുറെയായി. അമേരിക്കയില്‍നിന്നുപോലുംനിരവധി അപേക്ഷകള്‍ ഇതിനകം ലഭിച്ചിട്ടുണ്ടു്. ലൂയി മാര്‍ട്ടിന്‍ 1823 ആഗസ്റ്റ് 22-ാം തീയതി ബോര്‍ഡോവില്‍ ജനിച്ചു. അദ്ദേഹത്തിന്‍റെ പിതാവു് സൈന്യത്തില്‍ ഒരുദ്യോഗസ്ഥനായിരുന്നു. 20-ാമത്തെ വയസ്സില്‍ ആല്‍പ്സിനരികിലുള്ള മൗട്ട്ജൗവിലെ സെന്‍റു് ബര്‍നാര്‍ഡ് ആശ്രമത്തില്‍ ചേരുന്നതിനപേക്ഷിച്ചു. പ്രവേശനം ലഭിച്ചില്ല. കുറേക്കഴിഞ്ഞു് നോര്‍മണ്ടിക്കാരിയും തയ്യല്‍പ്പണി ശീലിച്ചിട്ടുള്ളവളുമായ ലെല്ലിഗെരിനുമായി അദ്ദേഹം പരിചയപ്പെട്ടു ഉപവിയുടെ സഹോദരികളുടെ മഠത്തില്‍ പ്രവേശനം ലഭിക്കാതെ ലെല്ലിഗെരിനും ജീവിതപഥം തേടുകയായിരുന്നു. അവര്‍ തമ്മില്‍ 1858 ജൂലൈ 12-ാം തീയതി അലെന്‍സോണില്‍വച്ചു വിവാഹം നടന്നു. 9 സന്താനങ്ങള്‍ അവര്‍ക്കു ജനിച്ചു. അഞ്ചു പെണ്‍കുഞ്ഞുങ്ങള്‍ മാത്രമേ വളര്‍ന്നുള്ളു. അവരില്‍ നാലുപേര്‍ ലിസ്യൂവിലെ കര്‍മ്മലീത്താമഠത്തിലും ഒരാള്‍ കേനിനിലെ വിസിറേറഷന്‍മഠത്തിലും പ്രവേശിച്ചു. വിശുദ്ധ കൊച്ചുത്രേസ്യായായിരുന്നു ഏററവും ഇളയമകള്‍. വിശുദ്ധ കൊച്ചുത്രേസ്യാ അവളുടെ "ആത്മാവിന്‍റെ കഥ"യില്‍ പിതാവിനെ വളരെ വ്യക്തമായി വര്‍ണ്ണിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്‍റെ ദാരുണമായ പീഡാസഹനവും രോഗസാഹചര്യങ്ങളും വിശുദ്ധ ഏടെയസ്സ്യര്‍ശകമായി വിവരിച്ചിരിക്കുന്നു.




ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പന്‍ സോപ്പുവര്‍ക്ക്സ്, തൃശ്ശൂര്‍


## ഹങ്കറി മെത്രാന്മാരെയും വൈദികരേയും അറസ്റ്റ് ചെയ്യുന്നു

ഹങ്കറിയില്‍ വാക്ക്സിലെ മെത്രാനായ ഡോക്ടര്‍ പീറെററിയെ കമ്മ്യൂണിസ്റ്റുകള്‍ വീണ്ടും അറസ്റ്റ് ചെയ്തു ബന്ധനത്തിലാക്കിയിരിക്കുന്നതായി വിയന്നായില്‍നിന്നുള്ള റിപ്പോര്‍ട്ടുകള്‍ പറയുന്നു. 1951 ല്‍ രഹസ്യപ്പോലീസ് അര്‍ദ്ധരാത്രി അദ്ദേഹത്തിന്‍റെ കിടപ്പുമുറിയില്‍ കടന്നു അറസ്റ്റ് ചെയ്യുകയും ഉറക്കവസ്ത്രങ്ങളോടുകൂടി താഴെക്കൊണ്ടുപോയി കഠിനമായി മര്‍ദ്ദിക്കുകയും ചെയ്തു. പിന്നീടു് അവര്‍ അദ്ദേഹത്തെ മോചിപ്പിച്ചു. 1953-ല്‍ അദ്ദേഹം വീണ്ടും അപ്രത്യക്ഷനായി. 1954ല്‍ അസ്ഥാനത്തിലേക്കു മടക്കിവിട്ടു. 1955-വീണ്ടും അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു് ഗ്രാമത്തില്‍ താമസിക്കുകയായിരുന്നു. കഴിഞ്ഞ സ്വാതന്ത്ര്യപ്രക്ഷോഭണത്തിലാണു് വീണ്ടും സ്വാതന്ത്ര്യം പ്രാപിച്ചതു്. കമ്മ്യൂണിസത്തെ നിശിതമായി

# വിദ്യാഭ്യാസപ്രശ്നം സംബന്ധിച്ച്

## കാത്തലിക്ക് മാനേജേഴ്സ് അസോസിയേഷൻെറ തീരുമാനങ്ങൾ

തിരുക്കൊച്ചി കാത്തലിക് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻെറ ഒരു പൊതുസമ്മേളനം 1957 മേയ് 22-ാംനു- രാവിലെ 10-30 നു് കോട്ടയം സെൻറു് ആൻസ് സ്കൂളിൽവച്ച് അസോസിയേഷൻ പ്രസിഡണ്ടു് റൈററു് റവ. മോൺ: സി. കുരുവിള അവർകളുടെ അദ്ധ്യക്ഷതയിൽകൂടി താഴെകാണുന്ന പ്രമേയങ്ങൾ പാസ്സാക്കിയിരിക്കുന്നു.

### കോട്ടയം യോഗം

1) കോട്ടയത്തുവച്ച് ബ: വിദ്യാഭ്യാസമന്ത്രി ചെയ്ത പ്രസംഗം പത്രങ്ങളിൽ വായിച്ചു. ഒരു കോൺഫറൻസ് എന്ന പേരിൽ വിളിച്ചുകൂട്ടിയ ആ സമ്മേളനത്തിനുള്ള ക്ഷണക്കത്തിൽ, വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാർ, മാനേജരന്മാർ, ഹെഡ്മാസ്റ്റന്മാർ, അദ്ധ്യാപകർ, വിദ്യാഭ്യാസവിഷയത്തിൽ തല്പരർ തുടങ്ങിയവരുടെ ഒരു യോഗം ചേരുന്നതാണെന്നും ബ: വിദ്യാഭ്യാസമന്ത്രി ആ സമ്മേളനത്തിൽ പ്രസംഗിക്കുന്നതാണെന്നും മാത്രമേ പറഞ്ഞിരുന്നുള്ളു. ആ മീററിംഗിൽ അജണ്ടായോ ആ യോഗത്തിൽ പ്രതിപാദിക്കുവാൻ പോകുന്ന വിഷയങ്ങളുടെ സൂചനപോലുമോ ക്ഷണക്കത്തിൽ ഉണ്ടായിരുന്നില്ല. ക്ഷണക്കത്തുകൾതന്നെ ഭൂരിപക്ഷം മാനേജരന്മാക്കും കിട്ടിയിട്ടില്ല. പലർക്കും യോഗം നടന്നദിവസം രാവിലെ മാത്രമാണു ലഭിച്ചതു്. അദ്ധ്യാപകരാണു് പ്രധാനമായിട്ടു് പ്രസ്തുത സമ്മേളനത്തിൽ ഉണ്ടായിരുന്നതു്. ചുരുക്കം ചില മനേജരന്മാരും ഹാജരുണ്ടായിരുന്നു. യോഗത്തിൽ ബ: വിദ്യാഭ്യാസമന്ത്രി, വിദ്യാഭ്യാസത്തിലെ മൗലികമായ എല്ലാ വിഷയങ്ങളേയും സ്പർശിച്ചും, വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കം തുടങ്ങി മാനേജുമെൻറും അദ്ധ്യാപകരും തമ്മിലുള്ള ബന്ധം വരെ വരുത്തുവാനുദ്ദേശിക്കുന്ന വിപ്ലവകരമായ വ്യതിയാനങ്ങളുടെ സൂചനകൾ ഉൾക്കൊള്ളിച്ചും ഒരു പ്രസംഗംചെയ്തു. അദ്ധ്യാപകരുടെ അവശതകളേയും അവകാശങ്ങളേയും സംബന്ധിച്ച് ബ: മന്ത്രി സവിസ്തരം പ്രതിപാദിച്ചെങ്കിലും മാനേജരന്മാരെപ്പററി കേൾവിക്കാക്കു പരിഹാസംതോന്നത്തക്ക വിധത്തിലാണു് പ്രസ്താവിച്ചതു്. മാത്രമല്ല അഭിപ്രായം പുറപ്പെടുവിച്ച അദ്ധ്യാപകന്മാർ മാനേജുമെൻറുകളെ അധിക്ഷേപിച്ച് അഭിപ്രായം പ്രകടിപ്പിക്കുന്നതിനു നിർബാധം അനുവദിച്ചതായിട്ടാണു കണ്ടതു്. പ്രസംഗത്തിലടങ്ങിയിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് അഭിപ്രായം പായുന്നതിനു സദസ്യരെ ക്ഷണിക്കുകയുണ്ടായി. കേരളാ സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ പ്രസിഡണ്ടു് അവർകൾ ബ: മന്ത്രി ആവിഷ്കരിച്ച നിർദ്ദേശങ്ങളെ സംബന്ധിച്ച് പഠിച്ച അഭിപ്രായം പറയുവാൻ സമയം വേണമെന്ന ഭ്യർത്ഥിച്ചതിനെ തീർത്തും പുച്ഛസ്വരത്തോടുകൂടിയാണു് മറുപടി പ്രസംഗത്തിൽ ബ: മന്ത്രി പരാമർശിച്ചതു്. മേല്പറഞ്ഞ കാരണങ്ങളാൽ 16-5-57-ൽ കോട്ടയത്തുവച്ചു നടന്ന വിദ്യാഭ്യാസകോൺഫറൻസ് എന്നു പേരുവിളിച്ച യോഗത്തിൻെറ ഈവിധ നടപടികളിൽ യോഗത്തിനുള്ള ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

### വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കം

2) വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തെ സംബന്ധിച്ച് ബ: മന്ത്രിയുടെ പ്രസംഗത്തിൽ അടങ്ങിയിരുന്ന ഭാഗം ഈ യോഗം ശ്രദ്ധാപൂർവ്വം പഠിച്ചു. വിദ്യാഭ്യാസത്തിൽ കാലാനുസൃതമായ പരി

രോഗവിവരക്കത്തുകൾ അയക്കേണ്ട വിലാസം:-
കാളൻവൈദ്യൻ,
നെല്ലായി (S.-India)

ഷ്കാരങ്ങൾ ഉണ്ടാകേണ്ടതാണെന്നു സമ്മതിക്കുന്നതിനോടൊപ്പം മന്ത്രിമാരും മന്ത്രിസഭകളും മാറിവരുന്നതിനനുസരിച്ചും പാർട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചും മാററംവരുത്തേണ്ടതല്ലാ വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കമെന്ന ഈ യോഗത്തിൻെറ സുദൃഢമായ അഭിപ്രായം രേഖപ്പെടുത്തുവാൻ ഈ അവസരം ഞങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഇന്നു അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ ആദർശങ്ങളും തത്വസംഹിതകളും വിദ്യാർത്ഥികളുടെമേൽ അടിച്ചേല്പിക്കുവാനുള്ള ഒരു ശ്രമമല്ലേ ഈ വിദ്യാഭ്യാസപരിഷ്കരണത്തിലുൾക്കൊള്ളുന്നതെന്നു് രാജ്യത്താകെയുള്ള ചിന്താശീലന്മാരായ ജനങ്ങൾക്കു ഭീതിയുണ്ടു്. വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കംസംബന്ധിച്ച് എന്തെങ്കിലും മാററം വരുത്തണമെന്നുദ്ദേശിക്കുന്നപക്ഷം മാനേജരന്മാർ, അദ്ധ്യാപകർ രക്ഷകത്താക്കളുടെ പ്രതിനിധികൾ ഇവരടങ്ങിയ കമ്മിററികൾ പാർട്ടികതീതമായിനിന്നുകൊണ്ടു് ഇവയെപ്പററി പഠിച്ചുമാത്രം വ്യതിയാനങ്ങൾ വരുത്തേണ്ടതാണെന്നു ഈ യോഗം അഭിപ്രായപ്പെടുന്നു. നിയമസഭയിൽഭരണകക്ഷിക്കുള്ള മൃഗീയമായ ഭൂരിപക്ഷം ഉപയോഗിച്ച് മുൻനിർദ്ദേശത്തിനു വിരുദ്ധമായി നിയമം പാസ്സാക്കിയെടുക്കുവാൻ ചെയ്യുന്ന ഏതൊരു ശ്രമത്തേയും ഈ യോഗവും രാജ്യസ്നേഹികളായ ജനങ്ങളും ശക്തിയായി എതിർക്കുമെന്നു് ഗവമ്മെൻറിനു മുന്നറിയിപ്പുനൽകുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു.

### ഭരണഘടനാവിരുദ്ധം

3) പതിന്നാലു വയസ്സു വരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുന്നതിനു ആവശ്യമായ ഏർപ്പാടുകൾ ചെയ്യുന്നതിനു ഗവമ്മെൻറിനു ചുമതലയുണ്ടെന്നുള്ളതിനോടൊപ്പംതന്നെ സംസ്കാരപരവും മതപരവുമായ ന്യൂനപക്ഷങ്ങൾക്കു ഗവമ്മെൻറു് ധനസഹായത്തോടുകൂടി സ്കൂളുകൾ നടത്തുവാനുള്ള അവകാശവും ഭരണഘടന അനുവദിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഞങ്ങൾ ഗവമ്മെൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

അനേകശതവർഷങ്ങളായി ഈ രാജ്യത്തിലെ വിദ്യാഭ്യാസ പുരോഗതിക്കു കാര്യക്ഷമമായിട്ടുള്ള സേവനം അനുഷ്ഠിച്ചുപോന്നിട്ടുള്ള പ്രൈവററു് ഏജൻസികൾക്കു ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അവകാശങ്ങൾ അനുവദിച്ചുകൊടുത്തുപോന്നിട്ടുള്ളതും ആ അവകാശങ്ങളെ ഇല്ലായ്മചെയ്തുകൊണ്ടു് പ്രൈമറിവിദ്യാഭ്യാസത്തിൻെറ ഉത്തരവാദിത്വം ഗവമ്മെൻറിനാണെന്നു ന്യായംപറഞ്ഞു് പ്രൈമറിവിദ്യാലയങ്ങൾ ഗവമ്മെൻറുകുത്തകയാക്കുവാൻ ചെയ്യുന്ന ഏതൊരു ശ്രമവും ഏകാധിപത്യപരവും ഭരണഘടന നൽകുന്ന ഉറപ്പിനു വിരുദ്ധവുമാകയാൽ ഈ യോഗം അതിനെ ശക്തിയായി എതിർക്കുന്നു.

### നിയമനിർമ്മാണം

4) അദ്ധ്യാപകന്മാക്കു ഉദ്യോഗസ്ഥിരത, ശമ്പളവർദ്ധനവു്, പെൻഷൻ, പ്രോവിഡണ്ടുഫണ്ടു് തുടങ്ങിയ ആനുകൂല്യങ്ങൾ നിയമംമൂലം സ്ഥിരമാക്കുന്നതിനുള്ള ഏതൊരു ശ്രമത്തേയും ഈ യോഗം സ്വാഗതംചെയ്യുന്നു. എന്നാൽ അദ്ധ്യാപകരുടെ ക്ഷേമൈശ്വര്യങ്ങളുടെ പേരുപറഞ്ഞു് അദ്ധ്യാപകരേയും മാനേജുമെൻറിനേയും തമ്മിൽ ഭിന്നിപ്പിക്കുവാനും പ്രൈവററു്മാനേജുമെൻറുകൾക്കു് സ്കൂളുകൾ നടത്തിക്കൊണ്ടുപോകുവാൻ മാർഗ്ഗതടസ്സം വരുത്തുവാനും സ്വീകരിക്കുന്ന ഏതൊരു നടപടിയേയും സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുവാൻ ഞങ്ങൾ നിർബന്ധിതരാകുന്നതാണു്.

5, അദ്ധ്യാപകനിയമനം സംബന്ധിച്ചും അവർക്കു ശമ്പളംകൊടുക്കുന്നതിനെ സംബന്ധിച്ചും നിലവിലിരിക്കുന്ന മാനേജരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതാണെന്നു് 30-4-57-ൽ കൂടിയ കത്തോലിക്കാ മാനേജരന്മാരുടെ നിശ്ചയം ആവർത്തിക്കുകയും ഗവമ്മെണ്ടിനെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

6) സ്കൂളുകളുടെമേൽ നിയന്ത്രണാധികാരത്തോടുകൂടിയ പ്രാദേശികകൗൺസിലുകൾ നിയമിക്കുന്നതിനെസംബന്ധിച്ചുണ്ടായിട്ടുള്ള പ്രസ്താവന വളരെ ഉല്കണ്ഠയോടുകൂടി ഈ സമ്മേളനം വീക്ഷിക്കുന്നു. പ്രാദേശികകൗൺസിലുകൾ വിദ്യാഭ്യാസാഭിവൃദ്ധിക്കു മാർഗ്ഗതടസ്സമായിരിക്കും എന്നതിനാൽ ആവശ്യമില്ലെന്നു ഈ യോഗം നിശ്ചയിക്കുന്നു.

7) നോൺടീച്ചിങ്ങു് സ്റ്റാഫിൻെറ ശമ്പളം നിശ്ചയിച്ച് പി എസ് എസ് സ്കീമിലെ വ്യവസ്ഥയനുസരിച്ച് അദ്ധ്യാപകശമ്പളംപോലെതന്നെ നൽകുവാൻ വ്യവസ്ഥചെയ്യുന്നതിനെ ഈ അസോസിയേഷൻ സ്വാഗതംചെയ്യുന്നു. അങ്ങനെ നിശ്ചയിക്കുന്നപക്ഷം ഇപ്പോൾ ലഭിക്കുന്ന 20 ശതമാനംകൊണ്ടു് അദ്ധ്യാപകന്മാരുടെ പ്രോവിഡൻറു്ഫണ്ടു് വിഹിതം അടയ്ക്കുവാൻ മാനേജരന്മാക്കു കഴിവുണ്ടാകുമെന്നു വിശ്വസിക്കുന്നു.

ജനറൽസെക്രട്ടറി

എതിർക്കുന്ന ഒരു ധീരനാണു് അദ്ദേഹം. കട്ടിനാൾ മിൻസെന്തിയുടെ മുൻസിക്രട്ടറിയായിരുന്ന മോൺ. സക്കാർ ഇപ്പോൾ വീണ്ടും അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നു. കട്ടിനാളിൻെറ വിചാരണയെത്തുടന്നാണു് ആദ്യം അദ്ദേഹം ബന്ധിതനായതു്. കൂടാതെ ആറോ ഏഴോ വൈദികർ കൂടി അറസ്റ്റു് ചെയ്യപ്പെട്ടിരിക്കുന്നു എന്നാണു് വാർത്തകളിൽ കാണുന്നതു്. അവരുടെ മേൽ ചുമത്തപ്പെട്ടിരിക്കുന്ന കുററം മിക്കവാറും അവർ ഗവമ്മെണ്ടിനെ എതിർത്തു എന്നുള്ളതായിരിക്കും. കാഡർ ഗവമ്മെണ്ടും കത്തോലിക്കാ മെത്രാന്മാരും തമ്മിൽ മതപഠനസ്വാതന്ത്ര്യം സംബന്ധിച്ചു നടന്നിരുന്ന ആലോചനകൾ പരാജയപ്പെട്ടതായിട്ടാണറിവു്.

## ഇടവകവാർത്തകൾ

**ആമ്പല്ലൂർ:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യം, വിൻസെൻറു ഡി പോൾ സംഘം, സത്യാരാധനാസംഘം മുതലായവയുടെ സംയുക്തവാർഷികയോഗം മേയ് 19-ാംനു- സ്ഥലം സ്കൂൾഹാളിൽവച്ചു കൂടുകയുണ്ടായി. ഫോർട്ടുകൊച്ചി യൂറോപ്യൻ ഹൈസ്കൂളിലെ പ്രിൻസിപ്പാൾ റവ. ഫാദർ ജോസഫ് തോട്ടകത്തു അവർകൾ സമ്മേളനത്തിൽ ആദ്ധ്യക്ഷംവഹിക്കുകയും മി. ജോസഫ് വള്ളമററം ബി എ എൽ എൽ ബി, കുമാരി റീത്താ ജോൺ കൈതക്കോട്ടിൽ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. കുട്ടികളുടെ വിവിധകലാപരിപാടികൾ സമ്മേളനത്തെ മോടിപിടിപ്പിച്ചു. യോഗാനന്തരം പെൺകുട്ടികൾ "മേരിദാസൻ" എന്ന പ്രഹസനവും ആൺകുട്ടികൾ "പ്രേമയാഗം" എന്ന ഗദ്യനാടകവും തന്മയത്വത്തോടെ അഭിനയിക്കയുണ്ടായി.


**പാറപ്പുഴ:** സ്ഥലം മരിയാസഖ്യത്തിൻെറ മൂന്നാമതു വാർഷികസമ്മേളനം റവ. ഫാദർ ജോസഫ് കണ്ണാത്തുകുഴി അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. കുമാരി കെ എസ് മേരി ബി എ, ശ്രീ എം റ്റി ആൻറണി ബി എ എന്നിവർ ഓരോ പ്രസംഗം ചെയ്തു. ഇടയ്ക്കിടയ്ക്കു നടന്ന കുട്ടികളുടെ വിനോദങ്ങൾ സമ്മേളനത്തെ മോടിപിടിപ്പിച്ചു. യോഗാനന്തരം "തകർന്ന ഹൃദയം" എന്ന നാടകം മരിയസഖ്യാംഗങ്ങൾ തന്മയത്വമായി അഭിനയിക്കുകയുണ്ടായി.

**അതിരമ്പുഴ:** ഈ ഇടവകയിലെ സൺഡേസ്കൂളുകളുടേയും സെൻറു് തോമസ് റീച്ചേഴ്സ് അസോസ്യേഷൻെറയും സംയുക്തവാർഷികം മേയ് 19-ാംതീയതി ഞായറാഴ്ച രാവിലെ 8-30നു സ്ഥലം സെൻറു് അലോഷ്യസ് സ്കൂൾ ഹാളിൽവച്ച് റവ ഫാദർ ആബേൽ ടി ഒ സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ മി. എൽ കിഴക്കേടം ബി എ പ്രസംഗിച്ചു. ഇടയ്ക്കിടെ ബാലികാബാലന്മാരുടെ വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു. അവസാനം ബാലികമാർ "കള്ളസന്യാസി" എന്ന നാടകത്തിലെ ഏതാനും ഭാഗങ്ങൾ വളരെ തന്മയത്വമായി അഭിനയിക്കയുണ്ടായി.

**പാലൂത്താ:** ഈ ഇടവകയിൽ പ്രവർത്തനം നടത്തിവരുന്ന മരിയൻ സൊഡാലിററിയുടെ 16-ാമത്തേയും, വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ രണ്ടാമത്തേയും വാർഷികം സംയുക്തമായി മേയ്മാസം 19-ാംതീയതി ഞായറാഴ്ച 3 മണിക്കു് പള്ളിയങ്കണത്തിൽവച്ച് നടത്തപ്പെട്ടിരിക്കുന്നു. റവ. ഫാദർ ജേക്കബ് എറണാട്ടു അവർകൾ ആദ്ധ്യക്ഷംവഹിക്കുകയും മി. തങ്കച്ചൻ കോയിപ്പറമ്പിൽ പ്രസംഗിക്കുകയും ചെയ്തു. സമ്മേളനാനന്തരം മരിയസഖ്യാംഗങ്ങൾ "കള്ളസന്യാസി" എന്ന നാടകം അഭിനയിക്കുകയുണ്ടായി.

(ശേഷം 5-ാംപേജിൽ)


## നവദമ്പതികൾ



പുത്തമ്പള്ളി ഇടവക പാലത്തിങ്കൽ ശ്രീ വക്കി ജോർജും പറവൂർ കോട്ടയ്ക്കാവുപള്ളി ഇടവക പാറയ്ക്കൽ ജോസഫിൻെറ സഹോദരി മേരിയും



# ഫാദർ സക്കറിയാസ് ഒ. സി. ഡി. നിര്യാതനായി



ദീർഘകാലം മംഗലപ്പുഴ സെമ്മിനാരിയിൽ പ്രൊഫസറും വൈസ് റെക്ടറും, പുതുതായി കർമ്മലഗിരിയിൽ ആരംഭിച്ചിരിക്കുന്ന തത്വശാസ്ത്രസെമ്മിനാരി വിഭാഗത്തിന്റെ സുപ്പീരിയറും ആയിരുന്ന വെരി റവ. ഫാദർ സക്കറിയാസ് ഒ. സി. ഡി. അവർകൾ ഉദരസംബന്ധമായ ശസ്ത്രക്രിയയ്ക്കുശേഷം വെല്ലൂർ ആശുപത്രിയിൽ വച്ച് മേയ് 22-ാംനു- ബുധനാഴ്ച രാത്രി നിര്യാതനായിരിക്കുന്നു. മേയ് 13-ാംനു- നടന്ന ശസ്ത്രക്രിയയെത്തുടർന്നുണ്ടായ ആലസ്യങ്ങൾനിമിത്തം അദ്ദേഹം അവശനായി കഴിയുകയായിരുന്നു. മൃതദേഹം വെല്ലൂരിൽനിന്നു വെള്ളിയാഴ്ച വെളുപ്പിനു മംഗലപ്പുഴ സെമ്മിനാരിയിൽ കൊണ്ടുവരുകയും ഉച്ചതിരിഞ്ഞു 4 മണിക്കു ശവസംസ്കാരം നടത്തപ്പെടുകയും ചെയ്തു. മരണവൃത്താന്തം അറിഞ്ഞയുടനെ വൈദികരും ജനങ്ങളും ധാരാളമായി മംഗലപ്പുഴ സെമ്മിനാരിയിലെത്തി അനുശോചനം പ്രകടിപ്പിച്ചുകൊണ്ടിരുന്നു.

## ജീവചരിത്രം

ഫാദർ സഖറിയാസ് 1887 നവംബർ 5-ാംനു- സ്പെയിനിൽ ജനിച്ചു. 1903 സെപ്റ്റംബർ 10-ാംനു- കർമ്മലീത്താസഭയിൽ ചേർന്നു. 1912 ജൂലൈ 14-ാംനു- റോമിൽവച്ചു ഗുരുപ്പട്ടം സ്വീകരിച്ചു. 1912 ഒക്ടോബർ 9-ാംനു- അദ്ദേഹം എറണാകുളത്തു വരുകയും പുത്തമ്പള്ളി സെമ്മിനാരിയിലെ പ്രൊഫസറായി 1912 നവംബർ 21-ാംനു- ചാർജെടുക്കുകയും ചെയ്തു. 30 വർഷത്തിലധികം അദ്ദേഹം ഫിലോസഫി സെക്ഷന്റെ പ്രീഫെക്ടായിരുന്നു 1945-ൽ വൈസ് റെക്ടറായി നിയമിതനായി. രണ്ടു വർഷം മുമ്പ് കർമ്മലഗിരി ഫിലോസഫിക്കൽ സെമ്മിനാരിയുടെ സുപ്പീരിയറായി നിയമിതനാകുന്നതുവരെ അദ്ദേഹം വൈസ്റെക്ടർപദം വഹിച്ചിരുന്നു. 1954 സെപ്റ്റംബർ 28-ാംനു- സെമ്മിനാരിയിൽവച്ച്, പരേതൻ സന്യാസസഭയിൽ ചേർന്നതിന്റെ സുവർണ്ണജൂബിലി ആഘോഷിക്കയുണ്ടായി.

ജീവിതത്തിലെ സിംഹഭാഗവും ഇന്ത്യക്കും ഇന്ത്യയിലെ ക്രൈസ്തവസഭയ്ക്കുംവേണ്ടി അർപ്പണം ചെയ്തിരുന്ന ഒരു മഹാരഥനാണ്, വെരി റവ. ഫാദർ സഖറിയാസ് ഒ. സി. ഡി. അവർകളുടെ നിര്യാണംമൂലം നഷ്ടമായിരിക്കുന്നതു്. അഗാധപണ്ഡിതനും തികഞ്ഞ ദൈവഭക്തനും സ്നേഹനിധിയുമായിരുന്ന അദ്ദേഹം സ്വശിഷ്യഗണങ്ങളുടെ മാത്രമല്ല, അദ്ദേഹവുമായി സമ്പർക്കത്തിലേർപ്പെടുവാനിടയായിട്ടുള്ള ഏവരുടേയും അതിരററ സ്നേഹബഹുമാനാദരങ്ങളെ ആർജ്ജിച്ചിരുന്നു. സ്ഥിരോത്സാഹിയായിരുന്നു അദ്ദേഹം. ലത്തീൻ, ഇംഗ്ലീഷ്, ഫ്റഞ്ച്, ഇററാല്യൻ, എന്നീ ഭാഷകൾ അദ്ദേഹത്തിനു് നല്ല വശമായിരുന്നു. കേരളക്കരയിൽ വന്നതിനുശേഷം മലയാളത്തിലും സാമാന്യം പ്രാവീണ്യം കരസ്ഥമാക്കുകയുണ്ടായി. മംഗലപ്പുഴ സെമ്മിനാരി പ്രൊഫസർ, വൈസ് റെക്ടർ എന്നീ സ്ഥാനങ്ങൾക്കു പുറമെ ഉത്തരവാദിത്വപൂർണ്ണങ്ങളായ പല ചുമതലകളും അദ്ദേഹം വഹിച്ചിരുന്നു. സാമൂഹ്യപ്രശ്നങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന ജ്ഞാനം അപാരമായിരുന്നു. കിടയററ ഒരു തത്വമീമാംസകൻ ആയിരുന്നു ഫാദർ സഖറിയാസ് Is there a God, Christianity Vindicated എന്നീ കൃതികൾ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ നിതരാം വ്യക്തമാക്കുന്നുണ്ടു്. ഹൈന്ദവതത്വശാസ്ത്രത്തിൽ അദ്ദേഹം അഗാധപാണ്ഡിത്യം നേടിയിരുന്നു. അതിനെ അധികരിച്ച് അദ്ദേഹം നിരവധി ശാസ്ത്രീയലേഖനങ്ങളെഴുതിയിട്ടുണ്ടു്; പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടു്. അവയിൽ ഏററവും ഒടുവിലത്തേതായ "An Outline of Hinduism" എന്ന ഗ്രന്ഥം ഇക്കഴിഞ്ഞ വർഷമാണ് അദ്ദേഹം പൂർത്തിയാക്കിയതു്. മംഗലപ്പുഴയിൽ സ്ഥാപിതമായിട്ടുള്ള എസ്. എച്ച്. ലീഗിന്റെ ജനയിതാവും അദ്ദേഹമായിരുന്നു. ലീഗിന്റെ പ്രവർത്തനങ്ങൾ ഇത്ര പുരോഗമിച്ചിട്ടുള്ളതു് ഫാദർ സക്കറിയാസിന്റെ സജീവപ്രോത്സാഹനസഹായങ്ങൾ കൊണ്ടാണ്. കത്തോലിക്കാകുടുംബം, പ്രേഷിതകേരളം എന്നീ മാസികകളുടെ പ്രസിദ്ധീകരണത്തിനും അദ്ദേഹം നൽകിപ്പോന്നിട്ടുള്ള സഹായങ്ങൾ വളരെയാണ്. വൈദികവിദ്യാർത്ഥികൾതന്നെ ഈ പ്രസിദ്ധീകരണങ്ങളുടെ മുദ്രണത്തിലും പ്രസിദ്ധീകരണത്തിലും പങ്കെടുത്തുപോരുന്നതിനാൽ അനേകം സാഹിത്യകാരന്മാരെ വൈദികലോകത്തിനു തന്മൂലം പ്രദാനം ചെയ്യുവാൻ സാധിച്ചിട്ടുണ്ടു്. തീക്ഷ്ണമതിയായ ഒരു പ്രേഷിതനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപെട്ട എത്രയോ പേർ ഇന്നു ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ പ്രേഷിതവേല നടത്തിപ്പോരുന്നുണ്ടു്. സെൻറ് തോമസിന്റെ കേരളപ്രവേശത്തിന്റെ 19-ാമത്തെയും സെൻറ് ഫ്റാൻസിസ് സേവ്യറിന്റെ ചരമത്തിന്റെ 4-ാമത്തെയും ശതവത്സരപൂർത്തി പ്രമാണിച്ച് നടന്ന വമ്പിച്ച ആഘോഷങ്ങളുടെ വിജയകരമായ നടത്തിപ്പിൽ അദ്ദേഹം വഹിച്ചുപോന്നിട്ടുള്ള പങ്കു് കേരളീയർക്ക് ഒരു കാലത്തും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ഇന്ത്യയിലെ സെമ്മിനാരികളിലെ അദ്ധ്യയനവും ശിക്ഷണരീതിയും പ്രവർത്തനസമ്പ്രദായവും ഏകീകരിക്കുന്നതിലേക്കു നിയമിതമായ കമ്മിററിയിൽ അംഗമെന്നനിലയിൽ ഫാദർ സക്കറിയാസ് ഇന്ത്യയിലെ വിവിധ സെമ്മിനാരികൾ സന്ദർശിക്കുകയും അവയുടെ കാര്യക്ഷമമായ നടത്തിപ്പിനു സഹായകമായ പല നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായിട്ടുണ്ടു്. സ്നേഹസമ്പന്നനും കേരളീയവൈദികരിൽ ബഹുഭൂരിപക്ഷത്തിന്റേയും ഗുരുഭൂതനും പണ്ഡിതോത്തംസവുമായ ഈ വന്ദ്യവൈദികന്റെ നിര്യാണത്തിൽ ദുഃഖിതരായിരിക്കുന്ന ഏവരേയും ഹൃദയപൂർവ്വം അനുശോചിക്കുകയും പരേതന്റെ ആത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

## ശവസംസ്കാരം

വെള്ളിയാഴ്ച കാലത്തെതന്നെ മൃതദേഹം സെമ്മിനാരി ചാപ്പലിന്റെ മദ്ധ്യത്തിൽ ശവമഞ്ചത്തിൽ ഏസ്തിമേൽ സ്ഥാപിച്ചു. തുടർന്നു പരേതനുവേണ്ടി ദിവ്യബലികളും ഒപ്പീസു മുതലായ തിരുക്കർമ്മങ്ങളും നടന്നുകൊണ്ടിരുന്നു. നിരവധി ജനങ്ങൾ പരേതനോടുള്ള ഭക്ത്യാദരവുകൾ പ്രദർശിപ്പിക്കുന്നതിനു ഇടവിടാതെ വന്നു പോയിക്കൊണ്ടിരുന്നു. ഉച്ചതിരിഞ്ഞു മൂന്നരമണിക്കു ശവസംസ്കാരകർമ്മങ്ങൾ വെരി. റവ. ഫാദർ റെക്ടർ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ സമാരംഭിച്ചു. ആദ്യഭാഗം കഴിഞ്ഞു വിജയപുരം മെത്രാൻ റൈററ് റവ. ഡോക്ടർ അംബ്രോസ് തിരുമേനിയാണ് കാർമ്മികത്വം വഹിച്ചതു്. തുടർന്നു ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ മാത്യു കാവുകാട്ട് തിരുമനസ്സുകൊണ്ടു് ചരമപ്രഭാഷണം നടത്തി. ഒരു മാതൃകാസന്യാസി, ഒരു മിഷ്യനറിപ്രവരൻ, പണ്ഡിതനായ പ്രൊഫസർ ആദ്ധ്യാത്മികഗുരു, ദൈവശാസ്ത്രപടു, ഹിന്ദുശാസ്ത്രാഭിജ്ഞൻ, ഗ്രന്ഥകർത്താവ്, മുദ്രാലയപ്രേഷിതൻ എന്നീ നിലകളിൽ ഫാദർ സക്കറിയാസ് എത്ര മഹനീയമായും മാതൃകാപരമായും പ്രശോഭിച്ചിരുന്നു എന്നു തിരുമനസ്സുകൊണ്ടു് അതിൽ സമ്യക്കായി വിവരിച്ചു. എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി കൽദായസുറിയാനിയിലും തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി മലങ്കരറീത്തിലും ഓരോ ഒപ്പീസുകൾ നടത്തിയതിനുശേഷം വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ സംസ്കാരകർമ്മങ്ങൾ പര്യവസാനിപ്പിച്ചു. കേരളത്തിലെ നാലു മെത്രാപ്പോലീത്താമാരും തൃശ്ശൂർ, വിജയപുരം, കൊച്ചി, കോതമംഗലം രൂപതകളിലെ മെത്രാന്മാരും പല മോൺസിഞ്ഞോറന്മാരും 600 ഓളംവൈദികരും, ശെമ്മാശ്ശന്മാരും, കന്യാസ്ത്രീകളും, ഒട്ടനേകം ജനങ്ങളും തിരുക്കർമ്മങ്ങളിൽ പങ്കുകൊള്ളുകയും പരേതനുവേണ്ടി പ്രാർത്ഥനകൾ അർപ്പിക്കുകയുമുണ്ടായി. അഞ്ചരമണിയോടെ മൃതദേഹം സെമ്മിനാരിയിലെ ശിമിത്തേരിക്കപ്പേളയിലേക്ക് വിലാപയാത്രയായി സംവഹിക്കപ്പെടുകയും കപ്പേളയിൽ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള അറയിൽ നിക്ഷേപിക്കുകയും ചെയ്തു. R. I. P

ആദ്ധ്യാത്മികവീഥി

# ദൈവവിളി—കുടുംബം

ദൈവത്തിന്റെ വത്സലമക്കളേ,

"അമ്മച്ചീ, എനിക്കു നമ്മുടെ ജോസിന്റെ കൂടെയിരുന്നുണ്ണാൻ പേടിയാ" ലിസ്സി അമ്മയോടു പറഞ്ഞു.

"അതെന്താ?"

"അമ്മ ഇന്നാളു പറഞ്ഞതന്നതുപോലെ ഭക്ഷണത്തിൽ ഞാൻ ആശയടക്കുന്നുണ്ടോ എന്നു അവൻ നോക്കിയിരിക്കും. ഇല്ലെന്നു കണ്ടാൽ ഉടൻ ചോദ്യമായി. ഇന്നുച്ചയ്ക്കു ശനിയാഴ്ചയാണെന്നുള്ള കാര്യമോർക്കാതെ ഞാൻ അല്പം മീനെടുത്തു കൂട്ടിയപ്പോൾ അവൻ ചാടി വീണു "ചേച്ചീ, കഷ്ടം! ഇങ്ങനെയാണോ ഈശോയ്ക്കുവേണ്ടി ആശയടക്കുന്നതു്?" എന്നു ചോദ്യവുംകൊണ്ടു്. ഞാൻ ലജ്ജിച്ചുപോയി."

"അങ്ങനെ ഓർപ്പിക്കാൻ ഒരാളുള്ളതു നല്ലതല്ലേ. നിനക്കു അതുപോലെ അവനെയും ഓർപ്പിക്കാമല്ലോ."

"അതു സാധിക്കുകേലമ്മേ; അവനു് അത്ര സൂക്ഷമുണ്ടു ആശയടക്കത്തിന്റെ കാര്യത്തിൽ. അച്ചനാകണമെങ്കിൽ തട്ടതിൻ നിറുത്തണമെന്നു് അമ്മ പറഞ്ഞതിൽ പിന്നെ വല്ലപ്പോഴും തിന്നിട്ടുണ്ടോ? എന്നുതന്നെയല്ല അവനു കൊടുക്കുന്ന പലഹാരങ്ങൾ പകുതിയും ഉണ്ണിയീശോയ്ക്കെന്നും പറഞ്ഞു അവൻ മാററിവയ്ക്കും."

"ദൈവം അവനെ അനുഗ്രഹിക്കട്ടെ. അനുസരണത്തിന്റെ കാര്യത്തിലും ഇപ്പോൾ വളരെ വ്യത്യാസം കാണുന്നുണ്ടു്. പക്ഷേ, പഠനത്തിൽ കുറെ പിന്നോക്കമാണ്. ക്ലാസ്സിൽ ഒട്ടും ശ്രദ്ധിക്കുന്നില്ലെന്നാണ് അവന്റെ സാറു പറഞ്ഞതു്."

"പഠിച്ചില്ലെങ്കിൽ അച്ചനാകാൻ സാധിക്കയില്ലെന്നു അമ്മയൊന്നു വിളിച്ചുപറഞ്ഞാൽ മതി. അവൻ കൂടുതൽ ശ്രദ്ധിച്ചോളും."

"നീ അവനെ ഇങ്ങു വിളിച്ചേ."

"അമ്മച്ചീ എന്തിനാ എന്നെ അന്വേഷിച്ചതു്?" ജോസു ഓടിവന്നു ചോദിച്ചു.

"നീ ഒരുവകയും പഠിക്കുന്നില്ലെന്നാണല്ലോ നിന്റെ സാറു പറഞ്ഞതു്. സാറു പഠിപ്പിക്കുമ്പോൾ ഒട്ടും ശ്രദ്ധിക്കാതെ കൂട്ടുകാരുടെ തലയ്ക്കിട്ടു തോണ്ടിയും വർത്തമാനം പറഞ്ഞുമെല്ലാം ക്ലാസ്സിൽ ബഹളമുണ്ടാക്കുന്നെന്നു കേട്ടല്ലോ. അങ്ങനെ ചെയ്താൽ കൊള്ളാമോ? നല്ലതുപോലെ പഠിക്കാതെയെങ്ങനെയാണ് അച്ചനാകുന്നതു്? ആശയടക്കം ഭക്ഷണത്തിൽ മാത്രംപോരാ, മററു കാര്യങ്ങളിലും വേണം. എന്താ ഇനി അടങ്ങിയിരുന്നു പഠിച്ചോളാമോ?"

"പഠിച്ചോളാം. ഇനി സാറിനെക്കാണുമ്പോൾ അമ്മ ചോദിച്ചുനോക്കു ഞാൻ പഠിക്കുന്നുണ്ടോന്നു്."

"നീ നാളെ പള്ളിക്കൂടത്തിൽ ചെല്ലുമ്പോൾ ഇനി ബഹളമുണ്ടാക്കുകയില്ലെന്നു പറയാമോ? എന്നിട്ടു വൈകിട്ടു പോരുമ്പോൾ നിന്റെ നടപടിയെ സംബന്ധിച്ചു ഒരെഴുത്തും വാങ്ങിച്ചുകൊണ്ടു വരാമോ?"

"ഞാൻ സാറിനോടു പറയാം. എഴുത്തുതന്നാൽ കൊണ്ടുവരാം."

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്

(12-ാം പേജു തുടർച്ച്)

ഞ്ഞു് നിറുന്ന ഹൃദയത്തോടുകൂടി വിദൂരതയിലേക്കു നീങ്ങി അദ്ദേഹം. വേദനയോടുകൂടി പള്ളിയിൽ പ്രവേശിച്ചു് ബലിപീഠത്തിന്റെ മുന്നിൽ മുട്ടുകുത്തി. അപ്പോഴേക്കും മഴയും കുടുകുടെ പെയ്തു.

x x x

ആഴ്ചകൾ ചിലതു കഴിഞ്ഞു. വല്യമ്മയുടെ ജീവിതത്തിനു യാതൊരു മാററവുമില്ല. ബേബിച്ചനേയും അച്ചനേയും ചിന്തകൾ അലട്ടിക്കൊണ്ടിരുന്നു. അസ്വസ്ഥരായി ദിവസങ്ങൾ തള്ളിനീക്കുകയാണവർ. ഭക്തസംഘടനകളെല്ലാം വല്യമ്മയുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥന പൊഴിക്കുകയാണ്, അച്ചന്റെ നിർദ്ദേശമനുസരിച്ചു്. ആ ഒരാത്മാവാണ് അവരുടെ പ്രതീക്ഷകളുടെ ആകെത്തുക. അവരുടെ ശരണം ദൈവത്തിലർപ്പിച്ചുകൊണ്ടു് മുന്നോട്ടു നീങ്ങുകയാണവർ.

ദിവസങ്ങൾ പിന്നേയും ഇഴഞ്ഞിഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. വീണ്ടും സുന്ദരമായ ഒരു ഞായറാഴ്ചദിവസം വന്നുചേർന്നു. വല്യമ്മ രോഗശയ്യയിൽക്കിടന്നു പിടയുകയാണ്. ബേബിച്ചൻ കണ്ണുനീർ തൂകിക്കൊണ്ടു് പലതും ഉപദേശി



ച്ചു. യാതൊരലിവുമില്ല. അവന്റെ പ്രതീക്ഷകളെല്ലാം തകരുമോ? നിമിഷങ്ങൾ ഓരോരോന്നോരോന്നായി നീങ്ങുന്തോറും അവന്റെ ഹൃദയം വേദനയുടെ തീജ്വാലയിൽ എരിയുകയാണ്.

സൂര്യൻ മരീചികയണിഞ്ഞുകൊണ്ടുയരുന്നു. ബേബിച്ചൻ മരണവേദനയനുഭവിക്കുന്ന അമ്മയുടെ അടുക്കലിരുന്നു നേത്രാംബു പൊഴിക്കുകയാണ്. സമയത്തിന്റെ വിരളിപിടിച്ചുള്ള ഓട്ടത്തിൽ മദ്ധ്യാഹ്നവും വന്നുചേർന്നു. അവൻ വല്യമ്മയുടെ അടുക്കൽനിന്നെണീററ് തിണ്ണയിൽക്കൂടി അടുക്കളയിലേക്കു നടന്നു. അപ്പോഴേക്കും രണ്ടാമത്തെ കുർബാനയുംകഴിഞ്ഞ് ആളുകൾ പോകുന്നതവൻ കണ്ടു. പള്ളിയിൽ പോകുവാനൊത്തില്ലല്ലോ എന്നുള്ള വിചാരവും ശരങ്ങൾപോലെ അവന്റെ ഹൃദയത്തെ വേദനിപ്പിക്കുന്നുണ്ടായിരുന്നു. അടുക്കളയിലെത്തി, തീ ഊതിക്കത്തിച്ച് അവൻ വല്യമ്മയ്ക്കു പാലു ചൂടാക്കാൻതുടങ്ങി.

നീറുന്ന വികാരങ്ങൾ വല്യമ്മയുടെ ഹൃദയത്തിലും സ്ഥലംപിടിച്ചു. ആകാശമിടിഞ്ഞു വീഴുന്നതുപോലെ തോന്നി. വല്യമ്മയുടെ നയനങ്ങൾ ആ മുറിക്കുള്ളിൽ വിഹരിച്ചു. പിശാചുക്കൾ വാ പിളന്നുനില്ക്കുന്നുപോലും! വാവിട്ടു കരഞ്ഞുപോയി. "ആരു്, പിശാചുക്കളോ?...അയ്യോ...നിങ്ങൾ എന്നെ ബന്ധിച്ചോ?...അച്ചാ...അയ്യോ അച്ചനും പോയോ?...ബേബി...ഹാ...നീയും പോയോ?...എനിക്കു്...എനിക്കു്...മാപ്പില്ലേ...അച്ചാ...എനിക്കു...കുമ്പസാ......"

കുമ്പസാരിക്കണമെന്ന വാക്കു പൂർത്തിയാക്കുന്നതിനുമുൻപ് ഇതെല്ലാംകേട്ടു സ്തബ്ധനായിനിന്ന ബേബി അടുക്കളയിൽനിന്നിറങ്ങി അതിവേഗം പള്ളിയിലേക്കോടി.

പൊട്ടിക്കരഞ്ഞുകൊണ്ടുവരുന്ന ബേബിച്ചനെ കണ്ടപ്പോൾ അച്ചൻ അവനെ സമീപിച്ച് ഉല്ക്കണ്ഠയോടുകൂടി ചോദിച്ചു: "എന്താ മോനേ?"

"അമ്മയ്ക്കു കുമ്പസാ......"

"വേഗം വാ ബേബി" അവനെ അച്ചൻ വിളിച്ചു. അവർ രണ്ടുപേരും ശീഘ്രഗതിയിൽ നടന്നു.

അവർ മുററത്തു പ്രവേശിച്ചപ്പോഴേക്കും ചില ഞരക്കങ്ങൾ കേൾക്കാമായിരുന്നു. അച്ചൻ സത്വരം മുറിയിൽ പ്രവേശിച്ചു. കട്ടിലിന്റെ അടുക്കൽക്കിടന്ന ബെഞ്ചിൽ അച്ചനിരുന്നു. വല്യമ്മ തന്റെ ഭൂതകാലചരിത്രം കുറിക്കപ്പെട്ട ഒരു വലിയ പുസ്തകം ഹൃദയത്തിൽ തുറന്നുവച്ചിരുന്നു. കണ്ണുനീരുകൊണ്ട് കഴുകിക്കഴുകി ആ പുസ്തകത്തിന്റെ താളുകൾ അച്ചന്റെ മുന്നിൽ വിക്കിവിക്കി വായിക്കപ്പെട്ടു: "അച്ചാ...ഈ...പാ...പി....യോ. ...ടു...ക്ഷ...മി....ക്കു......?"

"മഗ്ദലനമറിയത്തിനു മാപ്പുനൽകിയ ആ ക്രിസ്തു വല്യമ്മയ്ക്കും മാപ്പുതരാതിരിക്കയില്ല" അച്ചൻ ആശ്വസിപ്പിച്ചു.

"ഞാ...ൻ...പോ...ക...ട്ടെ...യ...ച്ചാ ....എനി...ക്കു...വേ...ണ്ടി...പ്രാ......"

"അ...മ്മേ ..." ബേബിച്ചൻ പൊട്ടിക്കരഞ്ഞുകൊണ്ട് വല്യമ്മയെ പരിരംഭണംചെയ്തു.

"ബേ...ബി..."

"അ...മ്മേ..." അവൻ പൊട്ടിക്കരഞ്ഞു. അവന്റെ കണ്ണുനീരുകൊണ്ട് വല്യമ്മയുടെ ശരീരത്തെ കഴുകി പരിശുദ്ധമാക്കി.

"അ ...മ്മേ..."

"കരയാതെബേബി" അച്ചനവനെ പിടിച്ചെഴുന്നേല്പിച്ചു. "വാ നമുക്കു പ്രാർത്ഥിക്കാം. നിന്റെ അമ്മ അങ്ങു സ്വർഗ്ഗവാടിയിലേക്കു പറന്നുപോയി. നാമും ആ സ്വർഗ്ഗവാടിയിലേക്കു പോകേണ്ടവരാണ്. വാ, നമുക്കു പ്രാർത്ഥിക്കാം" അവർ രണ്ടുപേരും മുട്ടുകുത്തി പ്രാർത്ഥനാനിരതരായി.

ഈ വാർത്ത ലോകത്തെ അറിയിക്കാനെന്നവണ്ണം ഒരു മന്ദമാരുതൻ എങ്ങോട്ടോ വീശിപ്പോയി. അന്നൊരുദിവസം ചിറകടികളോടുകൂടി പറന്നുപോയ കുയിലുകൾ ഇന്നിതാ സ്വർഗ്ഗീയഗാനമാലപിക്കുന്നു.

സംഭവകഥ

# ഹൃദയദാഹം

(ബ്രദർ കെ. ഒ. മത്തായി)

സ്ഥലം ഹിമാലയപർവ്വതത്തിന്റെ അടിവാരത്തിലുള്ള ഡാർജിലിംഗ്. ഒരു വൈദികൻ അപ്പൻഡിക്സ് (Appendix) ഓപ്പറേഷനായി ആശുപത്രിയിൽ കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മുറിയുടെ നേരെ എതിർവശത്തുള്ള മുറിയിൽ ഒരു ചെറുപ്പക്കാരൻ കിടന്നിരുന്നു. രോഗം പ്രത്യേകിച്ച് ഒന്നും ഉണ്ടായിരുന്നില്ല. രക്തത്തിൽ ചുവന്ന അണുക്കൾ കുറവായിരുന്നത്രെ. ആൾ ശോഷിച്ചിരുന്നെങ്കിലും കണ്ണുകൾ ചൈതന്യമുള്ളവയായിരുന്നു. M. Scപാസ്സായതിനുശേഷം സാങ്കേതികമായ പരിശീലനം കഴിഞ്ഞു 500 രൂപയോളം ശമ്പളമുള്ള ഒരു ജോലി നോക്കുകയായിരുന്നു. ആശുപത്രിയിൽതന്നെ സ്വന്തം ഒരു ശിപായികൂടെയുണ്ടായിരുന്നു. നേരം വെളുത്തയുടനെ അയാളെ പറഞ്ഞയച്ച് ചായക്കടയിൽനിന്നും നല്ലനല്ല പലഹാരങ്ങൾ വാങ്ങിഭക്ഷിച്ച് വിശപ്പുതീർത്ത ഈ രോഗിക്ക് എട്ടുമണിയായപ്പോൾ ആശുപത്രിയിൽ കൊടുത്തിരുന്ന പാലും റൊട്ടിയുംകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിരുന്നില്ല.

ഇയാൾ ദിവസവും പലപ്രാവശ്യം വൈദികന്റെ മുറിയിൽ വരുക പതിവായിരുന്നു. സംസാരത്തിനിടയിൽ വൈദികനു തന്നോടു അനുഭാവമുണ്ടെന്നു മനസ്സിലാക്കി പറയുകയാണ്: "അച്ചാ, എനിക്കു രാത്രിയിൽ ശരിയായിട്ട് ഉറക്കമില്ല. പകൽ കിടന്നാൽ ഞെട്ടിത്തെറിക്കുന്നു. ഒരു നേരവും മനസ്സിനു സമാധാനമില്ല. ഇതിന്റെ കാരണം എന്തെന്നു എനിക്കറിയാൻ പാടില്ല."

അച്ചൻ ചെറുപ്പക്കാരനായ രോഗിയുടെ മുഖത്തു സൂക്ഷിച്ചു നോക്കിക്കൊണ്ട് ചോദിച്ചു: "നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ടോ?"

ചെറുപ്പക്കാരൻ മറുപടിപറഞ്ഞു: "ദൈവമോ? ഞാൻപത്തിരുപതുകൊല്ലമായി പഠിച്ച് അനേകശാസ്ത്രീയപരീക്ഷണങ്ങൾ ചെയ്തിട്ടും ഇതുവരെയും ദൈവത്തെ എങ്ങും കണ്ടിട്ടില്ല. പിന്നെ ഒരു കാര്യം ഞാൻ ചെറുപ്പമായിരിക്കുമ്പോൾ പലരും ദൈവത്തെപ്പററിയുള്ള ചെറുപുസ്തകങ്ങളും ലഘുലേഖകളും ധാരാളം എന്നെക്കൊണ്ട് വായിപ്പിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് എന്നിൽ ഈ സമാധാനക്കേട് ഉണ്ടായിട്ടുള്ളത് എന്നു ഞാൻ ഊഹിക്കുന്നു. അതുകൊണ്ട് ഇനിമേൽ ദൈവത്തെപ്പററി സംസാരിക്കുന്നവരുടെ അടുത്തു പോകുകയില്ല എന്നു ഞാൻ ദൃഢപ്രതിജ്ഞയെടുത്തിരിക്കുകയാണ്."

അടുത്ത ദിവസം നമ്മുടെ രോഗി അച്ചന്റെ മുറിയിൽ കോപത്തോടുകൂടി കയറിവന്നു. "ഈ ഡോക്ടർക്കു ഇങ്ങനെ പറയുവാൻ ആരാണ് അധികാരം കൊടുത്തതു്? എനിക്കു് സുഖക്കേടു് ഒന്നും ഇല്ലത്രെ! വെറുതെ വിശ്രമിക്കുവാനായിട്ടാണ് ഞാനിവിടെ വന്നു കിടക്കുന്നതുപോലും! ങ്ഹും, ഇയാളുടെ ധിക്കാരം!"

വൈദികൻ കുറെനേരം ചിന്തിച്ചതിന്റെ ശേഷം മൃദുസ്വരത്തിൽ ഇങ്ങനെ ഉപദേശിച്ചു: "തന്നോടു സഹതപിക്കുവാനും സ്നേഹം കാണിക്കുവാനും ഒരു ആൾ ഉണ്ടായാൽ ഏകാന്തതയിൽ മനസ്സിലുണ്ടാകുന്ന ഉൽക്കണ്ഠകളെ ശാന്തമാക്കുവാൻ സഹായകമായിരിക്കും. അതുകൊണ്ട് നിങ്ങൾക്കൊരു വിവാഹംചെയ്തുകൂടേ?"


ഉടനെ രോഗി: "അച്ചാ, എനിക്കു വിവാഹം ചെയ്യണമെങ്കിൽ നാളെത്തന്നെ എനിക്കതു സാധിക്കും. പഠിപ്പും ശമ്പളവും ഉള്ളതുകൊണ്ട് നല്ല കുടുംബത്തിലെ രൂപവതികളായ യുവതികളിൽ ആരും എന്നെ വിവാഹം ചെയ്യുവാൻ സന്നദ്ധരായിരിക്കും. പക്ഷെ ഒരു കാര്യം...വിവാഹം ചെയ്ത ആ സ്ത്രീയെ ഒരു ആണ്ടുപോലും ഞാൻവച്ചിരിക്കും എന്നു എനിക്കു വിശ്വാസമില്ല."

ഇതു കേട്ടപ്പോൾ അച്ചൻ വീണ്ടും ചിന്തിച്ചശേഷം: "നിങ്ങൾ നിർമ്മാണാത്മകമായ വല്ല ജോലിയിലും ഏർപ്പെട്ടാൽ നല്ലതായിരിക്കും."

രോഗി:- "നേരം പോകുവാനായിട്ട് ഞാൻ പലവിധത്തിലുള്ള ചിത്രങ്ങളും മററും വരുത്തിനോക്കി. ഇപ്പോൾ നഗ്നമായ ചിത്രങ്ങൾ നോക്കിയാൽ എനിക്കു യാതൊരു വികാരവുമുണ്ടാകുന്നില്ല. ഞാൻ സ്പോർട്ട്സ് മാസികകൾ വരുത്തിനോക്കി. അതിലും ഇപ്പോൾ അഭിരുചി തോന്നുന്നില്ല. ലേഖനങ്ങൾ എഴുതിനോക്കി. അതെനിക്കു നിരാശയാണുണ്ടാക്കിയതു്. കാരണം എന്നെക്കാൾ വിദഗ്ദ്ധരായ എത്രയോ എഴുത്തുകാർ ഞാനെഴുതുന്ന വിഷയങ്ങളെപ്പററി എന്റേതിനെക്കാൾ പതിന്മടങ്ങു സുന്ദരമായി ലേഖനങ്ങൾ എഴുതിത്തള്ളുന്നു. ഏതായാലും ഞാൻ ഈ പോകുന്ന പോക്കു് എവിടെപ്പോയവസാനിക്കുമെന്നു എനിക്കുതന്നെ അറിഞ്ഞുകൂടാ. എവിടെയെങ്കിലുംപോയി മുട്ടാതിരിക്കുകയില്ല."

ഇത്രയും ക്ഷമയോടുകൂടി കേട്ടിരുന്ന വൈദികൻ സാവധാനത്തിൽ ചോദിച്ചു: "നിങ്ങൾ ഇതുവരെ കണ്ടിട്ടില്ലാത്തതുകൊണ്ട് ദൈവം ഇല്ലെന്നാണോ വിചാരിക്കുന്നതു്? നിങ്ങൾ വലിയ ബിരുദം

(ശേഷം 7-ാംപേജിൽ)




വി. പത്താംപീയൂസിന്റെ മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

കെ. പി. ജോസഫ്

## കേരളസംസ്ഥാനത്തെ പ്രഥമ എൻ. സി. സി—എസ്. എസ്. ക്യാമ്പ്




സ്ഥലത്തെ ഒരു സാധുകുടുംബത്തിനുവേണ്ടി കേഡററുകൾ ഒരു കുടിൽ പണിയുന്നു



കേഡററുകൾ പ്രഭാതഭക്ഷണം കഴിക്കുന്നു



കേഡററിലെ മെഡിക്കൽയൂണിററ് രോഗികളെ പരിശോധിക്കുന്നു



ലൈററ് മെഷീൻഗൺ ഉപയോഗിക്കാൻ പരിശീലനം നടത്തുന്നു

# ചോദിച്ചാൽ പറയാം

109. ചോ: സ്റ്റെയിനിലെ സമരത്തിൽ ആ രാജ്യത്തിലെ സോഷ്യലിസ്റ്റ് ഗവമ്മെൻറിനെതിരായി കത്തോലിക്കാസഭ എന്തുകൊണ്ട് ഫസിസ്റ്റ്സഹായമുണ്ടായിരുന്ന ഫ്റാങ്കോയെ പിന്താങ്ങി?

(കെ. ജെ. അബ്രഹാം, പൊൻകുന്നം)

ഉ: ഇവിടെയും ചോദ്യകർത്താവു സത്യസന്ധതയോടുകൂടിയല്ലാ വർത്തിക്കുന്നതെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ജനറൽ ഫ്റാങ്കോയ്ക്കു ഫസിസ്റ്റ്സഹായമുണ്ടായിരുന്നുവെന്നു സമർത്ഥിക്കുന്ന ചോദ്യകാരൻ, സ്റ്റെയിനിലെ സോഷ്യലിസ്റ്റ് ഗവമ്മെൻറിനു സോവ്യററു കമ്മ്യൂണിസ്റ്റ്സഹായമുണ്ടായിരുന്നുവെന്ന പരമാർത്ഥം ഗോപനം ചെയ്തിരിക്കുന്നു. അതുപോലെതന്നെ ഈ സോഷ്യലിസ്റ്റ്ഗവമ്മെൻറ് സ്റ്റെയിനിൽ എങ്ങനെ കടന്നുകൂടിയെന്നും പറയുന്നില്ല. ഈ ചോദ്യത്തിനുള്ള മറുപടി ശരിക്കു മനസ്സിലാക്കുന്നതിനു ആ ചരിത്രഭാഗവും അറിഞ്ഞിരിക്കേണ്ടതാണ്.

ഏതാണ്ടു 96 ശതമാനം കത്തോലിക്കരുള്ള ഒരു രാജ്യമാണ് സ്റ്റെയിൻ. അൽഫോൻസ് പതിമൂന്നാമൻ എന്ന കത്തോലിക്കരാജാവാണ് 1931 വരെ ആ രാജ്യം ഭരിച്ചിരുന്നതു്. സ്റ്റെയിനിലെ കമ്മ്യൂണിസ്റ്റ്കാരുടെ ഗൂഢാലോചനയുടെയും വിപ്ലവത്തിൻെറയും ഫലമായി രാജാവു സ്ഥാനത്യാഗംചെയ്തു നാടുവിട്ടു. തൽക്ഷണംതന്നെ കമ്മ്യൂണിസ്റ്റ്പാർട്ടിയോടുകൂടിയ സീനോർ സാമോറാ അധികാരം കൈയടക്കുകയും കത്തോലിക്കാ മർദ്ദനം അഴിച്ചുവിടുകയും ചെയ്തു. സഭയെ രാഷ്ട്രത്തിൽനിന്നു വേർപെടുത്തിക്കൊണ്ടു മതപഠനം നിർത്തലാക്കുകയും, ഈശോസഭയെ പിരിച്ചുവിടുകയും, സിവിൽവിവാഹം നിർബന്ധിതമാക്കുകയും, ശവസംസ്കാരത്തിൽ മതകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ പാടില്ലെന്നു തീരുമാനിക്കുകയും, പൊതുസ്ഥാപനങ്ങളിൽനിന്നു കുരിശുരൂപം നീക്കം ചെയ്യുകയും, സന്യാസസഭകൾ നടത്തുന്ന വിദ്യാലയങ്ങൾ പിരിച്ചുവിടുകയും ചെയ്തു.

ഇതൊന്നും സ്റ്റെയിനിലെ കത്തോലിക്കർക്ക് ഇഷ്ടമുള്ള കാര്യങ്ങളായിരുന്നില്ല. അവർ സംഘടിച്ചു. 1933-ലെ പൊതുതിരഞ്ഞെടുപ്പിൽ സീനോർ ഗിൽ റോബിൾസിൻെറ നേതൃത്വത്തിലുള്ള കത്തോലിക്കാ പാർട്ടിക്കു ഭൂരിപക്ഷം കിട്ടി. ജനാധിപത്യമര്യാദയനുസരിച്ചു് ഗവമ്മെൻറ് ആ പാർട്ടിക്കു വിട്ടുകൊടുക്കേണ്ടതായിരുന്നു. ഇതിനു പകരം സോവ്യററുഗവമ്മെൻറിൻെറ ആയുധസഹായത്തോടുകൂടിയ കമ്മ്യൂണിസ്റ്റ്പാർട്ടി രാജ്യത്തിൽ വിപ്ലവമുണ്ടാക്കുകയും, സന്യാസാശ്രമങ്ങളെയും ദേവാലയങ്ങളെയും അഗ്നിക്കിരയാക്കുകയും കത്തോലിക്കാനേതാക്കന്മാരെയും വൈദികരെയും നിഷ്ക്കരുണം വധിക്കുകയും ചെയ്തു. സോവ്യററു റഷ്യായുടെ ആയുധപിൻബലവും, പുറരാജ്യങ്ങളിൽനിന്നുള്ള കമ്മ്യൂണിസ്റ്റ്ഭടന്മാരും തുണയ്ക്കുണ്ടായിരുന്നതുകൊണ്ടാണ് സ്റ്റെയിനിൽ കമ്മ്യൂണിസ്റ്റ്കാർ ഈ അക്രമങ്ങളെല്ലാം കാട്ടിക്കൂട്ടിയതു്.

മൂന്നുകൊല്ലത്തോളം സ്റ്റെയിനിലെ കത്തോലിക്കർ ഇതു സഹിച്ചു. സ്റ്റെയിനിൽ ഒരു കമ്മ്യൂണിസ്റ്റ് സേച്ഛാധിപത്യം സ്ഥാപിക്കുകയാണ് സോവ്യററു റഷ്യയുടെ ലക്ഷ്യമെന്നു് ഇതിനകം വ്യക്തമായിരുന്നു. ഗത്യന്തരമില്ലാതെ ആഭ്യന്തരസമരത്തിനുതന്നെ സ്റ്റാനിഷ്കത്തോലിക്കർ സന്നദ്ധരായി. ജനറൽ ഫ്റാങ്കോ അവരുടെ നേതൃത്വം വഹിച്ചു. വ്യവസ്ഥാപിതമായ രീതിയിൽ അധികാരത്തിൽ വന്നിട്ടില്ലാത്തതും, സോവ്യററു റഷ്യയുടെ പിണിയാളുകളായി വർത്തിക്കുന്നതും, തങ്ങളെ മൃഗീയമായി മർദ്ദിക്കുന്നതുമായ ഒരു ഗവർമ്മെൻറിനെ അധികാരസ്ഥാനത്തുനിന്നു മാററുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. വാസ്തവത്തിൽ, അന്നു സ്റ്റെയിനിൽ അധികാരം നടത്തിയിരുന്ന ഗവർമ്മെൻറ് ഒരു അക്രമിസംഘം എന്നല്ലാതെ വ്യവസ്ഥാപിതഗവർമ്മെൻറു അല്ലായിരുന്നു. അതിനെ അധികാരത്തിൽനിന്നു നീക്കുവാനുള്ള സ്റ്റാനിഷ് കത്തോലിക്കരുടെ ശ്രമം, നിയമാനുസൃതവും അഭിനന്ദനീയവുമായിരുന്നു.

സ്റ്റെയിനിലെ ഈ ആഭ്യന്തരസമരം അതിൻെറ വിപുലാർത്ഥത്തിൽ കമ്മ്യൂണിസ്റ്റ്കാരും കത്തോലിക്കരും തമ്മിലുള്ള ഒരു സമരമായിരുന്നു. തന്മൂലം കമ്മ്യൂണിസത്തോടു് എതിർപ്പുണ്ടായിരുന്ന ഇതരയൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങൾ—അവരിൽ സോഷ്യലിസ്റ്റ്കാരുമുണ്ടായിരുന്നു—വോളൻറിയർമാരായി ഫ്റാങ്കോയുടെ പിന്നിൽ സഹായത്തിനെത്തി. സ്റ്റെയിൻ സോവ്യററുറഷ്യയ്ക്കധീനമായാൽ തങ്ങളുടെ സ്വാതന്ത്ര്യം അപകടത്തിലാകുമെന്നു് ഭയന്നിരുന്ന പശ്ചിമയൂറോപ്യൻരാഷ്ട്രങ്ങളും ജനപദങ്ങളും ഫ്റാങ്കോയെ പരോക്ഷമായി സഹായിച്ചിരുന്നു. ബെൽജിയം, ഫ്റാൻസ്, പോർട്ടുഗൽ, മൊറോക്കോ, ഇററലി, ജമ്മനി, മുതലായ രാജ്യങ്ങളിൽനിന്നും ഇങ്ങനെ സഹായം ലഭിച്ചിരുന്നു. അവർ സഹായിച്ചിരുന്നതു സ്റ്റെയിനിലെ സോഷ്യലിസ്റ്റ് ഗവമ്മെൻറിനെതിരായിട്ടല്ലെന്നും, (വ്യവസ്ഥാപിതമായ ഒരു സോഷ്യലിസ്റ്റ്ഗവമ്മെൻറ് അവിടെ ഉണ്ടായിരുന്നില്ല) സ്റ്റെയിനിലെ കമ്മ്യൂണിസ്റ്റ്വിപ്ലവകാരികളുടെ മറയിൽ സ്റ്റെയിൻ കൈയടക്കുവാൻ ആയുധസഹിതം യത്നിച്ചിരുന്ന സോവ്യററു റഷ്യയ്ക്കെതിരായിട്ടായിരുന്നുവെന്നുമുള്ള വസ്തുത വിസ്മരിക്കരുതു്.

സ്റ്റെയിനിലെ ആഭ്യന്തരസമരത്തിൽ കത്തോലിക്കാസഭയുടെ നില എന്തായിരുന്നു? കത്തോലിക്കാസഭ ജനറൽ ഫ്റാങ്കോയെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്തില്ല. കേവലം രാഷ്ട്രീയമായ അക്കാര്യത്തിൽ കത്തോലിക്കാസഭ നിഷ്പക്ഷനിലയാണ് അവലംബിച്ചതു്. സ്റ്റെയിനിലെ കത്തോലിക്കർ—മെത്രാന്മാരും വൈദികരുമടക്കമുള്ള കത്തോലിക്കർ— ഫ്റാങ്കോയെ അനുകൂലിച്ചുവെന്നതു ശരിതന്നെ. പക്ഷെ സ്റ്റെയിനിലെ മെത്രാന്മാരും വൈദികരും മററാരേയുംപോലെതന്നെ ആ രാജ്യത്തിലെ പൗരന്മാരാണെന്നും, പൗരാവകാശം വിനിയോഗിക്കുവാനുള്ള പരിപൂർണ്ണാവകാശം അവർക്കുണ്ടെന്നുമുള്ള വസ്തുത നാം വിസ്മരിക്കരുതു്. 96 ശതമാനം കത്തോലിക്കരുള്ള ഒരു രാജ്യത്തിലെ കത്തോലിക്കാ മെത്രാന്മാരും വൈദികരും ആ ജനങ്ങളുടെ അഭിപ്രായത്തിനു് അനുസൃതമായിത്തന്നെ നില കൊണ്ടതിൽ അവരെ നാം അഭിനന്ദിക്കുകയാണു വേണ്ടതു്.

110. ചോ: കത്തോലിക്കാവൈദികർ അവിവാഹിതരും നിത്യബ്രഹ്മചാരികളുമായിരിക്കണമെന്നാണല്ലോ സഭാനിയമം. എന്നാൽ യാക്കോബായ, പ്രോട്ടസ്റ്റുടങ്ങിയ സഭകളിൽനിന്നും മനസ്സുതിരിഞ്ഞു സത്യസഭയിൽ ചേർന്ന വൈദികർ ഭാര്യാപുത്രസഹിതം ജീവിക്കുന്നതു ശരിയാണോ?

(ടി. ജെ. വി., പാലാ)

ഉ: 1956 ജൂലൈ 25-ാം തിയതിയിലെ സത്യദീപത്തിൽ ഈ ഷഡ്ഭേദത്തോടുകൂടിയ ഇതേചോദ്യത്തിനു മറുപടി നൽകിയിട്ടുണ്ടു്. കത്തോലിക്കാസഭ ചില വൈദികർക്കു വിവാഹംചെയ്യുവാൻ അനുവാദം നൽകുന്നതെന്തുകൊണ്ടെന്നായിരുന്നു അന്നത്തെ ചോദ്യം. "വൈദികർ വിവാഹം ചെയ്തുകൂടായെന്നു ദൈവികമോ സ്വാഭാവികമോ ആയ നിയമമൊന്നുമില്ല. വൈദികബ്രഹ്മചര്യം കത്തോലിക്കാസഭയുടെ ഒരു വിശ്വാസസത്യവുമല്ല. പൗരോഹിത്യത്തിൻെറ മഹത്വത്തേയും ശുമതലകളേയും മുൻനിർത്തി സഭയിൽ നടപ്പിൽവന്ന ആചാരപരമായ ഒരു ചട്ടമാണതു്" എന്നു് പ്രസ്തുത ചോദ്യത്തിനുള്ള മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ടു്.

ലത്തീൻറീത്തിലും ചില പൗരസ്ത്യറീത്തുകളിലും (ഉദാ: കേരളീയ സുറിയാനിറീത്തു്) പെട്ട കത്തോലിക്കാവൈദികർ ബ്രഹ്മചര്യവ്രതം സ്വീകരിച്ചിട്ടുള്ളവരാണ്. അവർ വിവാഹം ചെയ്യുവാൻ പാടില്ലെന്നാണ് നിയമം. ഇതു സഭ ഏപ്പെടുത്തിയിട്ടുള്ള നിയമമാണ്. ഇതു വിശ്വാസത്തെ സംബന്ധിക്കുന്ന ഒന്നല്ല. അതിനാൽ നിയമദാതാവായ സഭതന്നെ, ചില പൗരസ്ത്യസഭകൾക്കു് പ്രത്യേക പരിതസ്ഥിതികളെ പരിഗണിച്ചു് വിവാഹിതരായ വൈദികരെ അനുവദിച്ചിട്ടുണ്ടു്. അവിടേയും വൈദികർ വിവാഹം ചെയ്യുകയല്ല. പ്രത്യുത അവർ വൈദികപട്ടം സ്വീകരിക്കുന്നതിനുമുൻപു വിവാഹംചെയ്തിട്ടുള്ളവരാണ്. മററു വിധത്തിൽ പറഞ്ഞാൽ വിവാഹിതരായവർക്കു പട്ടംനൽകുകയും, വൈദികജീവിതത്തിൽ പത്നീസമേതം ജീവിക്കുവാൻ അനുവദിക്കുകയുമാണു ചെയ്യുന്നതു്. (വൈദികസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടതിനുശേഷം വിവാഹം ചെയ്യുന്നതിനു് അവിടേയും അനുവദിക്കുന്നില്ല)

നിയമാനുസൃതം കൈവെപ്പുള്ള ഒരു മെത്രാനിൽനിന്നു നിയമാനുസൃതം സ്വീകരിക്കപ്പെടുന്ന പട്ടം സാധുവായിട്ടുള്ളതാകുന്നു. ആ വിധത്തിലാണ് യാക്കോബായസഭയിലെ പട്ടത്തെ കത്തോലിക്കാസഭ അംഗീകരിച്ചിരിക്കുന്നതു്. അവർ മാർപ്പാപ്പായുടെ ആധിപത്യം സ്വീകരിച്ചു് ശീശ്മ ഉപേക്ഷിച്ചു് കത്തോലിക്കാസഭയിൽ പ്രവേശിക്കുമ്പോൾ, സാധുവായ പട്ടത്തോടുകൂടിയ അവരെ കത്തോലിക്കാസഭ വൈദികരായിത്തന്നെ സ്വീകരിക്കുന്നു. ഇനി വിവാഹം അഭേദ്യമായ ഒരു കൂദാശയാണല്ലോ. വൈദികനാകുന്നതിനുമുൻപു യാക്കോബായസഭയിൽ വച്ചു് വിവാഹം ചെയ്തിട്ടുള്ള ഒരു വൈദികൻ കത്തോലിക്കനാകുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ വിവാഹം അസാധുവാകുന്നില്ല. അതുകൊണ്ടാണ് ഭാര്യാപുത്രസഹിതം ജീവിക്കുവാൻ അത്തരം വൈദികരെ കത്തോലിക്കാസഭ അനുവദിക്കുന്നതു്. (വിവാഹിതരായ അത്തരം വൈദികർ പരസ്പരസമ്മതത്തോടുകൂടി ഭാര്യയിൽനിന്നകന്നു ജീവിക്കുന്നെങ്കിൽ സഭ അതിനെ അഭിനന്ദിക്കുകയേയുള്ളു)

എന്നാൽ പ്രോട്ടസ്റ്റൻറുസഭകളിൽനിന്നു മാനസാന്തരപ്പെടുന്ന വൈദികരുടെ കാര്യം ഇതിൽനിന്നു ഭിന്നമാണ്. ആ വൈദികരുടെ പട്ടം സാധുവായി കത്തോലിക്കാസഭ സ്വീകരിക്കുന്നില്ല. അതിനാൽ അങ്ങനെയുള്ളവർ മനസ്സുതിരിയുമ്പോൾ അവരെ വൈദികരായിട്ടു് സഭ അംഗീകരിക്കുന്നില്ല. അതിനാൽ ഈ പ്രശ്നം സാമാന്യമായി ഉദിക്കുന്നില്ല. അവരിൽ പണ്ഡിതന്മാരും ദൈവവിളിയുള്ളവരുമായ ആളുകൾ സെമ്മിനാരികളിൽ വീണ്ടും പഠിച്ചു് പട്ടമേല്ക്കുകയാണു ചെയ്യുന്നതു്. ഇങ്ങനെയുള്ളവർ ബഹുഭൂരിപക്ഷവും അവിവാഹിതരും വിഭാര്യന്മാരുമാണ്. എന്നാൽ വിവാഹിതനായ ഏതെങ്കിലും ഒരു പ്രോട്ടസ്റ്റൻറുവൈദികൻ കത്തോലിക്കാസഭയിൽ ചേർന്നതിനുശേഷം വൈദികനാകുന്നതു് ബാക്കി പ്രോട്ടസ്റ്റൻറുകാരുടെ മാനസാന്തരത്തിനു വളരെയധികം സഹായിക്കുമെന്നു കാണുന്നപക്ഷം അങ്ങനെയുള്ളവർക്കു പട്ടംകൊടുക്കുന്നതിനും കുടുംബജീവിതം നയിക്കുവാൻ അവരെ അനുവദിക്കുന്നതിനും സഭയ്ക്കു യാതൊന്നും പ്രതിബന്ധമായിട്ടില്ല.

ചുരുക്കത്തിൽ വൈദികർ നിത്യബ്രഹ്മചാരികളായിരിക്കണമെന്നു നിയമമുണ്ടാക്കിയിരിക്കുന്നതു സഭയാകയാൽ, സഭ അനുവദിക്കുന്നപക്ഷം മനസ്സുതിരിഞ്ഞു് കത്തോലിക്കാസഭയിൽ ചേരുന്ന വൈദികർ ഭാര്യാപുത്രസഹിതം ജീവിക്കുന്നതു ഒരുവിധത്തിലും തെററല്ല.

—o—

ജീവചരിത്രം

# മിസ്സ് എഡൽ ക്വീൻ

(മേരി എസ്. കൊച്ചുമുട്ടം ബി. ഏ.)

(തുടർച്ച)

എഡൽക്വീനിൻെറ ജീവിതത്തെ പരസ്നേഹപരമായ ജീവിതത്തിനായി അവൾ ബലികഴിച്ചു. "നമ്മുടെ ദൈവസ്നേഹം എത്ര വർദ്ധിച്ചാലും അതു് അധികമാകയില്ല; നമുക്കു കഴിവുള്ളതെല്ലാം അവിടുത്തേക്കുവേണ്ടി ചെയ്യണം. നമ്മുടെ ബലഹീനത നമ്മെ നന്മയിൽനിന്നും വ്യതിചലിപ്പിക്കരുതു്" എന്നു് അവൾ തൻെറ അനുഗാമികളോടു പറഞ്ഞിരുന്നു. അവൾ ഒരിക്കലും സമയം നഷ്ടപ്പെടുത്തിയിരുന്നില്ല. ഈ ചുരുങ്ങിയ വഴിയാത്രയിൽ തന്നെത്തന്നെ ദൈവത്തിനായി അർപ്പിക്കുന്നവർക്ക് ഒരു നിമിഷവും വ്യർത്ഥമാക്കുവാനില്ല എന്നായിരുന്നു അവളുടെ അഭിപ്രായം.

എഡലിൽ വിളങ്ങിശോഭിച്ചിരുന്ന വിശുദ്ധ കുർബാനയോടുള്ള ഭക്തി ഏവരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്ന ഒന്നാണ്. ഞായറാഴ്ചകളിൽ അവൾ പല പള്ളികൾ സന്ദർശിച്ചു് വി. കുർബാനയിൽ സംബന്ധിച്ചിരുന്നു. കാൽവരിയിലെ വീരമരണത്തിൻെറ ഒരു യഥാർത്ഥപ്രതിഫലനമായിട്ടാണ് അവൾ വി. കുർബാനയെ കരുതിയിരുന്നതു്. ദിവസം മുഴുവനും കുർബാനയിൽ സംബന്ധിക്കുന്നതിനായി ചിലവഴിക്കുന്നതിനു് അവൾ ആഗ്രഹിച്ചിരുന്നു. വി. കുർബാന കൂടാതെയുള്ള ജീവിതം ഉണങ്ങിവരണ്ട മരുപ്രദേശംപോലെ ഫലശൂന്യമായിട്ടാണ് അവൾ കരുതിയിരുന്നതു്.

പരിശുദ്ധ ജനനിയിലും അവൾക്കു അതിരററ വിശ്വാസമുണ്ടായിരുന്നു. വി. കൊച്ചുത്രേസ്യായെപ്പോലെതന്നെ അവളും ദൈവമാതാവിൽ തൻെറ സകല വിശ്വാസവും അർപ്പിച്ചിരുന്നു. ഒരു കുഞ്ഞിനെപ്പോലെ അവൾ ഈ അമ്മയുടെ അടുക്കൽ പെരുമാറി. അവളുടെ ഉറച്ച വിശ്വാസം "ഈ അമ്മ എനിക്കായി നല്ല കാര്യങ്ങൾ ചെയ്യും. നമുക്കു ജോലി തുടങ്ങിവയ്ക്കാം. മേരി അതു പൂർത്തിയാക്കിക്കൊള്ളും" എന്നായിരുന്നു. ദൈവേഷ്ടത്തിനു കീഴ്വഴങ്ങുന്നതിനുള്ള ഏററവും സുഗമമായ മാർഗ്ഗം, മററുള്ളവരുടെ ഉത്കൃഷ്ടഭാവത്തിൽ അവരെ കുററപ്പെടുത്താതെ, അവരെ മേരിയെ ഏല്പിക്കുന്നതാണ് എന്നു് അവൾ അഭിപ്രായപ്പെട്ടിരുന്നു എപ്പോഴും എല്ലായ്പ്പോഴും സഹായമരുളുന്ന ഒരു അമ്മയെ അവൾ ദൈവമാതാവിൽ കണ്ടെത്തി. നമ്മുടെ മാനുഷികാശകൾ ബലികഴിച്ചു്, ഈ നല്ല അമ്മയുടെ ആഗ്രഹങ്ങൾ നമ്മിൽ പ്രതിഫലിപ്പിക്കണം എന്നുള്ളതായിരുന്നു അവളുടെ അഭിലാഷം. വി. കൊച്ചുത്രേസ്യയെപ്പോലെതന്നെ ശിശുസഹജമായ സ്നേഹം തന്നിൽ അങ്കുരിപ്പിക്കുന്നതിനു് അവൾ ദൈവജനനിയോടു് പ്രാർത്ഥിക്കുക പതിവായിരുന്നു.

എഡലിൽ മററുള്ളവർ ദർശിച്ച ഒരു വിശേഷപുണ്യമായിരുന്നു എളിമ. ഉപേക്ഷിക്കപ്പെട്ടവളായി കാണുന്നതിൽ അവൾക്കു സന്തോഷമാണുണ്ടായിരുന്നതു്. തന്നിൽ നടന്നിരുന്ന ദൈവികപ്രവർത്തനങ്ങൾ അവൾ ഒരിക്കലും പുറത്തുവിട്ടിരുന്നില്ല. അവളുടെ വിനയം സകല കാര്യങ്ങളിലും ദൈവതൃക്കരങ്ങൾ ദർശിക്കുവാൻ അവളെ പ്രേരിപ്പിച്ചു. "നമ്മുടെ ഹിതത്തിനു വിരോധമായി സംഭവിക്കുന്നവയും ദൈവാനുഗ്രഹങ്ങളാണ്. അവയാണ് നമ്മുടെ ആഗ്രഹങ്ങളെ ഭരിക്കേണ്ടതു്. നമ്മുടെ സ്നേഹം പ്രകടിപ്പിക്കുന്നതിനു ഒരേ ഒരു ജീവിതംമാത്രമേയുള്ളു. അതും വളരെ ചുരുങ്ങിയതു്. ചെറിയ ത്യാഗംമാത്രമേ നമുക്കു ചെയ്യുവാൻ കഴിയുകയുള്ളു." ഇപ്രകാരമാണ് അവൾ തൻെറ ഡയറിയിൽ എഴുതുന്നതു്. വി. കൊച്ചുത്രേസ്യായുടെ കുറുക്കുവഴിയും ഇതുതന്നെയാണ് നമ്മെ പഠിപ്പിക്കുന്നതു്.

ചുരുക്കിപ്പറഞ്ഞാൽ വി. കൊച്ചുത്രേസ്യായുടെ ജീവിതത്തെ പലപ്രകാരത്തിലും പ്രതിഫലിപ്പിച്ച ഒരു പുണ്യതാരമാണ് എഡൽ. വി. കൊച്ചുത്രേസ്യയുമായി പലരും അവളെ താരതമ്യപ്പെടുത്തിയിട്ടുണ്ടു്. അതിനു് എഡൽ പറഞ്ഞ മറുപടി, തങ്ങളുടെ ഭംഗിയില്ലാത്ത കൈയക്ഷരത്തിൽ അല്ലാതെ തങ്ങൾക്കു് യാതൊരു സാമ്യവുമില്ലെന്നാണ്. കൊച്ചുത്രേസ്യാ ഒരു പുണ്യവതി. താനോ അതിൽനിന്നും വളരെ അകലെ വസിക്കുന്ന ഒരു സാധാരണക്കാരി എന്നായിരുന്നു അവളുടെ ഭാവം. പക്ഷെ വി. കൊച്ചുത്രേസ്യായോടു് അവൾക്കുണ്ടായിരുന്ന ഭക്ത്യാദരവുകൾ ഒരു പ്രത്യേകതരമായിരുന്നു. വിഷമഘട്ടങ്ങളിൽ ഈ വിശുദ്ധയുടെ തിരുശ്ശേഷിപ്പു കൈയിൽപിടിച്ചുകൊണ്ടു് അവൾ ശക്തിപ്രാപിച്ചിരുന്നു.

ആത്മാക്കളുടെ രക്ഷയ്ക്കായി സുധീരം ശാരീരികാസ്വാസ്ഥ്യങ്ങളെ തൃണവൽഗണിച്ചു് പോരാടിയ ഒരു സുകൃതിനിയായിരുന്നു എഡൽ. അവളുടെ പ്രവർത്തനത്തിൽ സംപ്രീതനായ സാൻസിബാറിലെ മെത്രാൻ പറഞ്ഞതു്, "എഡലിൻെറ ആഗമനത്തോടെ അന്തരീക്ഷം തെളിഞ്ഞു. അവൾ ജീവൻെറ ബീജം കൊണ്ടുവന്നു" എന്നാണ്. "ഒരു ദൈവതോന്നിപ്പു്" അവളെ വഴികാണിച്ചു. അവൾ തോന്നിയതെല്ലാം ചെയ്തു. ചെയ്തതെല്ലാം ദൈവത്തിനു പ്രീതികരവുമായിരുന്നു."

(Reference to "Sicut Parvuli")

Wednesday
May 29
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 40

# ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഹങ്കറിയുടെ സ്വാതന്ത്ര്യസമരത്തിൽ വീരസേവനം നടത്തിയിട്ടുള്ള അനേകം ധീരയോദ്ധാക്കളുണ്ട്. അവരിൽ യുവതീയുവാക്കന്മാരും ബാലികാബാലന്മാരും പ്രശംസാർഹമായ പങ്കുവഹിച്ചിട്ടുണ്ട് എന്നുള്ളത് കുഞ്ഞനുജന്മാർക്കും കുഞ്ഞനുജത്തികൾക്കും അഭിമാനബോധത്തോടുകൂടി അനുസ്മരിക്കാവുന്നതാണ്. ആ വീരയോദ്ധാക്കളുടേയും രക്തസാക്ഷികളുടേയും കഥകൾ പ്രചോദനാത്മകമാണെന്നു എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. അവരിൽ ചിലരുടെ ചരിത്രങ്ങൾ അനുസ്മരിക്കുന്നതു സന്ദർഭോചിതമാണല്ലോ.

## ഇൽഡിക്കോ

15 വയസ്സുമാത്രം പ്രായമുള്ള ഒരു ബാലികയാണവൾ. 1945-ൽ അവളുടെ പിതാവ് കമ്മ്യൂണിസ്റ്റുകളാൽ വധിക്കപ്പെട്ടു. ആ രക്തസാക്ഷിയുടെ ചൈതന്യമാണ് അവളുടെ രക്തത്തിൽ കലന്നിരുന്നതു്. അവസരം വന്നപ്പോൾ അതു തിളച്ചുപൊങ്ങുക തന്നെ ചെയ്തു. 1956 നവമ്പർ 4-ാംതീയതി അവൾ സ്വാതന്ത്ര്യസമരത്തിൻെറ മുന്നണിയിലേക്കിറങ്ങി. ബുഡാപ്പെസ്റ്റ്നഗരവീഥികളിലൂടെ ഇരമ്പിപ്പാഞ്ഞിരുന്ന കമ്മ്യൂണിസ്റ്റ് ടാങ്കുകളെ നശിപ്പിക്കുന്നതിനും അവയിൽനിന്നു വമിച്ചിരുന്ന വെടിയുണ്ടകളിൽനിന്നു നഗരത്തേയും നഗരവാസികളേയും രക്ഷിക്കുന്നതിനും അവൾ ധീരപോരാട്ടം നടത്തി. അവളുടെ കൈവിരുതുകൊണ്ട് 7 റഷ്യൻടാങ്കുകൾ വെന്തുവെണ്ണീറായി. അവളോടൊപ്പം അടരാടിയിരുന്ന അവളുടെ സഹോദരൻ റഷ്യൻ രഹസ്യപ്പോലീസിൻെറ കൈയിൽപെട്ടു എന്നും അവർ അവളെ പിടികൂടുന്നതിനു വേട്ടയാടുകയാണെന്നും മനസ്സിലാക്കിയപ്പോൾ സ്വാതന്ത്ര്യപ്രേമികളുടെ ഒരു ചെറുസംഘത്തോടുകൂടി അവൾ രക്ഷപെട്ടു. ബുഡാപ്പെസ്റ്റിൽനിന്നും ആസ്ട്രിയായിലുള്ള ഒണോണ്ടു് എന്ന സ്ഥലംവരെ 5 ദിവസംകൊണ്ടു കാൽനടയായി അവൾ യാത്രചെയ്തു. മാർഗ്ഗമദ്ധ്യേ ഭക്ഷിക്കുന്നതിനു അവർക്കു ഒന്നും ഉണ്ടായിരുന്നില്ല. അഞ്ചുദിവസങ്ങൾക്കിടയിൽ ഒരു പ്രാവശ്യം മാത്രമാണ് അവൾ അല്പം അല്പവും ഉരുളക്കിഴങ്ങുകളും ഭക്ഷിച്ചതു്. ഇപ്രകാരം ക്ഷീണത്തോടും ക്ലേശത്തോടും പട്ടിണിയോടും പടവെട്ടിയും, അവളുടെ കൂട്ടുകാരെ ധൈര്യപ്പെടുത്തിയും 5-ാംദിവസം അവർ ഹങ്കറിയുടെ പീഡനരംഗങ്ങൾ പിന്നിട്ടു സ്വാതന്ത്ര്യവായുവിൽ എത്തിച്ചേരുകയും ചെയ്തു.

## ജാനോസ് ഡോംബി

ഒരു 14 കാരനാണ് ജാനോസ് ഡോംബി. 1951-ൽ അവൻെറ വത്സലപിതാവ് കമ്മ്യൂണിസ്റ്റുകളാൽ അറസ്റ്റുചെയ്യപ്പെട്ടു. കമ്മ്യൂണിസ്റ്റ് കാരാഗൃഹത്തിൽവച്ചു റഷ്യൻ പോലീസിൻെറ മർദ്ദനങ്ങളേററു് അദ്ദേഹം വീരചരമമടഞ്ഞു. ആ രക്തസാക്ഷിയുടെ സന്താനത്തിനു ലഭ്യമായ ഈ പൈതൃകം അവൻെറ ബാലഹൃദയത്തിൽ ഉജ്ജ്വലിച്ചുകൊണ്ടിരുന്നതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. ഹങ്കറിയിലെ സ്വാതന്ത്ര്യപ്രേമികൾ വിജയിച്ചു എന്നും ബുഡാപ്പെസ്റ്റിൽ അവരുടെ ജനകീയഭരണം നടപ്പായി എന്നും അറിഞ്ഞ ഉടനെയാണല്ലോ റഷ്യ സായുധസേനകളെ അവിടേക്കു നിയോഗിച്ചതു്. ജാനോസ് ധീരതയോടുകൂടി മുന്നോട്ടുവന്നു, അവരെ എതിരിടുവാൻ. ഒരു ചെറിയ കൈത്തോക്കു മാത്രമാണ് അവനു ആയുധമായുണ്ടായിരുന്നതു്. പക്ഷെ അതുകൊണ്ട് വളരെ ഫലപ്രദമായ ഒരായോധനമാണ് ആ ബാലൻ നടത്തിയതു്. രാജ്യത്തേയും മതസ്വാതന്ത്ര്യത്തേയും രക്ഷിക്കുന്നതിനുള്ള അവൻെറ ധീരമായ സേവനചരിത്രം ഹങ്കറിയുടെ ചരിത്രത്തിൽ തങ്കലിപികളിൽ എന്നാളും പ്രശോഭിതമായിരിക്കുമെന്നതിനു സംശയമില്ല.

ചെറുകഥ

## “സ്വർഗ്ഗവാടിയിലേക്ക്”

(റോസമ്മ കൊച്ചുമററം
തുക്കോടിത്താനം
Reg. No. 170)

പ്രകൃതി പ്രസന്നമായ ഒരുഗ്രാമപ്രദേശം. അരുണമായ കവിൾത്തടങ്ങളോടുകൂടിയ തൈത്തെങ്ങുകൾ കുണുങ്ങിക്കുണുങ്ങിനില്ക്കുന്നു. മന്ദമാരുതൻെറ തലോടലേററു് തൈവാഴകൾ നൃത്തംചെയ്യുന്നു. കുരുമുളകു ചെടികൾ കാഞ്ചനവർണ്ണമായ തിരികളണിഞ്ഞുകൊണ്ടു് പുഞ്ചിരി തൂകുന്നു. മഹീരുഹങ്ങളിൽ ശിഖിസന്ദോഹം തത്തിക്കളിക്കുന്നു. മുളവിപിനങ്ങൾ താളങ്ങൾ പൊഴിക്കുന്നു. കൃഷ്ണസമൂഹം സ്വർഗ്ഗാനുഭൂതിയുളവാക്കുന്ന ഗാനമാധുരി ആലപിക്കുന്നു. ഇവയെല്ലാം ആസ്വദിച്ച് ലോകം എന്തെന്നറിയാതെ ഒരു കൊച്ചുസദനം സ്വപ്നത്തിൽ മയങ്ങി.

സന്ധ്യാവേളയിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ദീപത്തിൻെറ മുന്നിലേക്ക് ഈയൽപ്പുഴുക്കൾ ചിറകടികളോടുകൂടി പാഞ്ഞെത്തുന്നതുപോലെ, എത്രയെത്ര ഹൃദയങ്ങളാണ് അജ്ഞതയിലേക്കും അന്ധകാരത്തിലേക്കും വിറളിപിടിച്ചു പായുന്നതു്. ഈ അനേകലക്ഷങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടി ക്രിസ്തുവിൻെറ മധുരസന്ദേശത്തെ വിളിച്ചറിയിച്ചുകൊണ്ടു്, ശാന്തിയുടേയും സമാധാനത്തിൻെറയുമടയാളമായ കുരിശിൻെറ പിന്നിലണിനിരന്നിരിക്കുന്ന ഹൃദയങ്ങളിലൊന്നാണ് ആ കൊച്ചു സദനത്തേയും ഉദ്ധരിക്കാൻ വന്നു നില്ക്കുന്നതു്; അതെ ആ ഇടവകയിലെ വികാരിയച്ചൻ.

നിറഞ്ഞ പ്രതീക്ഷകളോടുകൂടി അദ്ദേഹം ആ ഭവനത്തിൻെറ മുററത്തുകൂടി നടന്നങ്ങോട്ടുമിങ്ങോട്ടും നോക്കി; ആരുമില്ല. അച്ചൻെറ ഹൃദയത്തിൽക്കൂടി ഒരു ചിന്താപ്പിണർ കടന്നുപോയി; ഇരുട്ടിനെ മുറിക്കുന്ന മിന്നാമിനുങ്ങു പോലെ. അദ്ദേഹം പതുക്കെ ആ മുററത്തിൻെറ വടക്കുഭാഗത്തുള്ള ഒരു ഇലഞ്ഞിമരത്തിൻെറ ചുവട്ടിലെത്തി. പ്രഭാതത്തിൽ തേൻ ഊട്ടിവിട്ട ആ ഇലഞ്ഞിമരത്തിനോടു തേൻകൊതിയന്മാരിപ്പോൾ മത്സരിക്കുന്നുപോലും! ഇതെല്ലാം കണ്ടുചിന്താമഗ്നനായി നിന്ന അച്ചൻ ഒരു ദീർഘനിശ്വാസത്തോടുകൂടി അടുത്തുള്ള പടന്നു പന്തലിച്ച ഒരു ആമ്രതരുവിൻെറ ചുവട്ടിലേക്കു നോക്കി. പച്ചപ്പട്ടുപുതച്ച ആ വൃക്ഷചുവട്ടിൽ ഒരു കിശോരൻ ഒരാട്ടിൻകുട്ടിയെ മേയ്ക്കുന്നതുകണ്ടു. അവനതിനെ തലോടുകയും, ഇടയ്ക്കിടയ്ക്ക് പവിഴാധരങ്ങളിൽനിന്നു് പുഞ്ചിരി കുടുകുടെ പൊഴിച്ചുകൊണ്ടുമ്മവയ്ക്കുകയും ചെയ്യുന്ന സ്നേഹപ്രകടനങ്ങൾകണ്ടു് അച്ചൻെറ ഹൃദയം കുളിർത്തുപോയി.

അവിളംബമെണീററു്, അവൻെറ ഗളത്തിൽ കിടന്ന കൊന്തയിലെ കുരിശുരൂപത്തിൽ മുത്തിക്കൊണ്ടു് തലയുയർത്തിയപ്പോൾ, പ്രസന്നവദനത്തോടുകൂടിയ അച്ചനെയാണവൻ കണ്ടതു്. വിനയപൂർവ്വം കൈക്കുമ്പിളുയർത്തിക്കൊണ്ടു് അവൻ അച്ചനെ സമീപിച്ചു. ആനന്ദമാനസരായി അവർ രണ്ടുപേരും തിണ്ണയിൽ പ്രവേശിച്ചു. അച്ചൻ തിണ്ണയിൽ കിടന്ന ബെഞ്ചിലിരുന്നു. അച്ചനവനെ മാറോടണച്ചുകൊണ്ടു് ചോദിച്ചു.

“അമ്മച്ചിമൊക്കെയെന്തിയേ?”

“അമ്മച്ചീം, അച്ചായനും മരിച്ചുപോയി. ഞാൻ വല്യമ്മച്ചീടെ കൂടെയാ താമസിക്കുന്നതു്.” അവൻെറ കണ്ണിൽനിന്നും കണ്ണുനീർ പൊഴിഞ്ഞു. അവൻെറ മുഖഭാവം കണ്ടപ്പോൾ അച്ചൻെറ ഹൃത്തിൽ ഒരനലവർഷം പൊഴിഞ്ഞു. വികാരം അടക്കിക്കൊണ്ടു് അച്ചൻ അവനെ സമാധാനിപ്പിച്ചു. “മോൻ മിടുക്കനാ. വല്യമ്മച്ചിയെന്തിയേ?”

“ഞാൻ വിളിച്ചുകൊണ്ടുവരട്ടേയച്ചാ?”

“എന്നാൽ ബേബിച്ചൻ പോയേച്ചുവാ”

അവൻ ദ്രുതഗതിയിൽ നടന്നു മറഞ്ഞു.

അച്ചൻെറ നയനങ്ങൾ ആ വീടിൻെറ പരുപരുത്ത ഭിത്തിയിൽ പതിഞ്ഞു. ലോകത്തിനു പുതിയ ഒരാശയം പകർന്നുകൊടുത്തു് അവസാനശോണിതകണങ്ങൾ പോലും ചൊരിഞ്ഞു്, അനേകലക്ഷങ്ങളെ ഉദ്ധരിച്ച് അവരെ ശോഭനമായ ഒരു ജീവിതപന്ഥാവിലേക്കു നയിച്ചു, ആ ക്രിസ്തുനാഥൻെറ രൂപം ആ കനത്തഭിത്തിയിലിരിക്കുന്നതു കണ്ടപ്പോൾ അച്ചൻ ഞെട്ടിപ്പോയി. ചിലന്തിവലകളാൽ ആ രൂപം മൂടപ്പെട്ടിരുന്നു. അതെല്ലാം തുടച്ചുമാററി അദ്ദേഹം വീണ്ടുമതവിടെ പ്രതിഷ്ഠിച്ചു. അപ്പോഴേക്കും ബേബിച്ചനും അവിടെ പ്രത്യക്ഷനായി. മനഃതളിരിൽ ബുദ്ധികൂമ്മതയുടെ കിരണങ്ങൾ പതിച്ചിട്ടില്ലാത്ത ബേബിച്ചൻ വല്യമ്മയുടെ സ്വന്തം വാചകത്തെത്തന്നെ അച്ചൻെറ മുന്നിൽ നിരത്തി. “അമ്മച്ചി ഇവിടെയില്ലെന്നു പറഞ്ഞേക്കാൻ പറഞ്ഞു.”

ആ വാചകം പറഞ്ഞ അവൻെറ ചുണ്ടുകൾ സന്ധിക്കുന്നതിനുമുൻപ് ആകാശക്കോട്ടകളെത്തകർത്തെന്നപോലെ കതക് വലിച്ചുതുറന്നു്, ജ്വലിക്കുന്ന നേത്രങ്ങളോടുകൂടി വല്യമ്മ ബേബിച്ചൻെറ മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു് ഇടിവെട്ടുമ്പോലെ ഗർജ്ജിച്ചു: “എന്തോന്നാടാ പറഞ്ഞതു്?”

പാവം ബേബിച്ചൻ, രോഷാകുലനായ സിംഹരാജൻെറ മുന്നിൽനില്ക്കുന്ന ആട്ടിൻകുട്ടിയെപ്പോലെ വിറച്ചു. അച്ചൻ സ്തബ്ധനായി നിന്നുപോയി. മുററത്തുനിന്ന പ്ലാവിൻെറ കൊമ്പിലിരുന്നു നർമ്മസംഭാഷണം ചെയ്ത പൂങ്കുയിലുകൾ ചിറകടിച്ചു പറന്നുപോയി. ബേബിച്ചൻെറ സ്നേഹനിധിയായ ആട്ടിൻകുട്ടി പുറപ്പെടുവിച്ച നേരിയനാദം അവൻെറ കർണ്ണത്തിൽ ഓടിയെത്തി. പേടിച്ചുവിറച്ചും വിമ്മിക്കരഞ്ഞുകൊണ്ടുംനിന്ന ബേബി അവിടെനിന്നു നടന്നുമറഞ്ഞു. വല്യമ്മ രോഷം തെല്ലൊന്നടക്കിക്കൊണ്ടു് അച്ചനോടു പറഞ്ഞു: “അച്ചാ, അവൻ പള്ളീപ്പോയിട്ടിപ്പഴാ വന്നതു്. പറഞ്ഞാലനുസരിക്കപോലുമില്ല. എങ്ങനാ വല്ലോം പറയാതിരിക്കുന്നതു്. ഇപ്പൊഴാണെങ്കിലും പറഞ്ഞതു കേട്ടില്ല.”

ബേബിച്ചനെക്കുറിച്ചുള്ള കുററാരോപണങ്ങളിൽ മുഴുവൻഭാഗവും നിരർത്ഥകമാണെന്നച്ചനറിയാം. എങ്കിലും അച്ചനതിനെ പ്രതിഷേധിച്ചില്ല. അവയ്ക്കെല്ലാം സമാധാനപരമായ ഉത്തരങ്ങൾ നൽകുകമാത്രമാണു ചെയ്തതു്.

ക്രിസ്തുവിൻെറ കാലടികളെ പിഞ്ചെന്നു് മുഗ്ദ്ധമായ സ്വർഗ്ഗവാടിയിൽ എത്തേണ്ട ഒരു ജീവൻ ഇതാ ചിറകൊടിഞ്ഞു നശിക്കുവാൻപോകുന്നു. ആ ജീവനെ ഉദ്ധരിക്കുവാൻ അച്ചൻ വെമ്പൽ കൊള്ളുകയാണു്. പള്ളിയിൽ പ്രവേശിക്കുകയോ കൂദാശകൾ സ്വീകരിക്കുകയോചെയ്തിട്ടു് നീണ്ട നീണ്ട വർഷങ്ങൾ കൊഴിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇരുളിൽക്കൂടി മുന്നോട്ടുനീങ്ങുന്ന ആ ഹൃദയത്തിനു പ്രകാശകിരണങ്ങൾ നൽകുവാൻ അച്ചനിപ്പോൾ കേഴുകയാണു്!

വല്യമ്മയുടെ കറിപുരണ്ട ഭൂതകാലചരിത്രം അച്ചൻ തുറന്നുകാണിച്ചു. പല തകന്ന ഹൃദയങ്ങളുടെ ചരിത്രം വല്യമ്മയുടെ മുന്നിൽ നിരത്തി ഒരു നീണ്ട പ്രസംഗം നടത്തി. ആ വേദാന്തമൊന്നും വല്യമ്മയ്ക്കു കേൾക്കണ്ട. നശ്വരമായ ഈ ലോകത്തിൻെറ സ്വഭാവവും വല്യമ്മയുടെ മുന്നോട്ടുള്ള ഈ പ്രയാണത്തിൻെറ ഭവിഷ്യത്ഫലവും അച്ചൻ ചൂണ്ടിക്കാണിച്ചു. എന്നിട്ടും...അവസാനമായി കണ്ണുനീരോടുകൂടി അച്ചൻ അപേക്ഷിച്ചു, ക്രിസ്തുവിൻെറ കാലടികളെ പിഞ്ചെല്ലുവാൻ. പാറയെ അലിയിപ്പിക്കുന്ന, പർവ്വതത്തെ ഞെട്ടിപ്പിക്കുന്ന, പൊയ്കയെ കോരിത്തരിപ്പിക്കുന്ന, പക്ഷികളെ പകപ്പിച്ചുനിർത്തുന്ന, മനുഷ്യനെ കരയിപ്പിക്കുന്ന ആ നിർഗ്ഗള ഭാഷണം വല്യമ്മയുടെ മുന്നിൽ വെറും തൃണംമാത്രം. എന്തുചെയ്യാം? താങ്ങാനാവാത്ത ചിന്താഭാരത്തോടുകൂടി അച്ചൻ വല്യമ്മയോടു യാത്രപറഞ്ഞു.

അപ്പോഴേക്കും സൂര്യൻ അസ്തമിക്കുവാൻ ചില നിമിഷങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ചെഞ്ചായമണിഞ്ഞ അന്തരീക്ഷം അസിതവസ്ത്രം നിവർത്തി. ശകുനികൾ മൗനമായി വൃക്ഷക്കൊമ്പുകളിലേക്കു പറന്നുപോകുന്നു. ലോകനാഥൻെറ കരങ്ങളിലേക്കുള്ള ശോഭനമായ വഴിയെ അവലംബിച്ച് ജീവിതം സുഭഗവും പ്രസന്നവുമാക്കുന്ന ബേബിച്ചനോടു യാത്രയുംപറ

(ശേഷം 9-ാംപേജിൽ)

### 117-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—നിഗളം.

### പ്രശ്നം നമ്പ്ര് 118

(പോൾ കെ. കെ. ചെമ്പൂർ
Reg. No. 48)

ഞാൻ നിങ്ങളുടെ ആപ്തമിത്രമാണു്. എൻെറ ചരിത്രം നിങ്ങൾക്കറിയാം. അതു നിങ്ങൾ മറക്കുകയില്ല. അതൊന്നു പരിശോധിക്കാനാണ് ഈ പ്രശ്നം. എൻെറ പേരിനു ആറക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം താമരയിലുണ്ടു്, റോസപ്പൂവിലില്ല. രണ്ടാമത്തേതു കാസർകോട്ടിലുണ്ടു്; മധുരയിലില്ല. മൂന്നാമത്തേതു് ഫ്രാൻസിസിലുണ്ടു്, ജേക്കബിലില്ല നാലാമത്തേതു രസികനിലുണ്ടു്, ലുബ്ധനിലില്ല. അഞ്ചാമത്തേതു യൂദാസിലുണ്ടു്, പീലാത്തോസിലില്ല. അവസാനഅക്ഷരം ആഗ്നസിലുണ്ടു്, മരിയയിലില്ല. എൻെറ പേർ ഓർമ്മിച്ചു പറയാമോ?

(ഉത്തരം അടുത്തതിൽ)



ബുഡാപ്പെസ്റ്റിലൂടെ ഇരമ്പിപ്പായുന്ന റഷ്യൻ ടാങ്കുകളെ ഇൽഡിക്കോ പന്തംകൊളുത്തി കത്തിക്കുന്നു.



രഹസ്യപ്പോലീസിൻെറ പിടിയിൽനിന്നു രക്ഷപ്രാപിക്കുന്നതിനു ഇൽഡിക്കോ ആസ്ട്രിയായിലേക്കു കടക്കുന്നു.



ജാനോസ് ഡോംബി അവൻെറ കൈത്തോക്കുകൊണ്ടു് റഷ്യൻ പോലീസിനെ വെടിവച്ചു വീഴ്ത്തുന്നു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1